കോർപ്പറേഷനിലേയ്ക്ക് മാറ്റണം. ചാരായ തൊഴിലാളികളുടെ പുനരധിവാസം എങ്ങും എത്തിയിട്ടില്ല. അത് എത്രയുംവേഗം പരിഹരിക്കണം. എക്സൈസ് വകുപ്പിന്റെ സ്ലാബ് സിസ്റ്റം വിശദമായ പഠനത്തിന് വിധേയമാക്കണം. 110 വർഷത്തെ പഴക്കമുള്ള എക്സൈസ് ആക്ട് പൊളിച്ചെഴുതണം. പഴുതുകൾ അടയ്ക്കണം. അഴിമതികൾ ഇല്ലാതാക്കണം. ഈ യു.ഡി.എഫ്. ഗവണ്മെന്റ് കഴിഞ്ഞ മൂന്നുവർഷമായി കാറിലും കോളിലുമെല്ലാം അകപ്പെട്ട് ആടി ഉലയുന്ന കപ്പലിലാണ് സഞ്ചരിക്കുന്നത്. അതാരും നിഷേധിച്ചിട്ട് കാര്യമില്ല. പക്ഷെ, എല്ലാം നന്മയ്ക്കാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു രാജാവും ഒരു മന്ത്രിയും കൂടെ നായാട്ടിനു പോകുന്നു. നായാട്ടിനു പോകുന്ന അവസരത്തിൽ രാജാവിന്റെ കൈ മുറിഞ്ഞ് രക്തം വാർന്നൊലിക്കുമ്പോൾ മന്ത്രി പറയും അങ്ങ് വിഷമിക്കേണ്ട, എല്ലാം നന്മയ്ക്കാണ്. ഉടൻതന്നെ ഇതുകേട്ട് കുപിതനായ രാജാവ് മന്ത്രിയെ പിടിച്ച് പൊട്ടക്കിണറ്റിൽ ഇടും. എന്നിട്ട് രാജാവ് മുന്നോട്ടുപോകുമ്പോൾ അവിടെയുള്ള കാട്ടുജാതിക്കാർ നരബലിക്കുവേണ്ടി രാജാവിനെ പിടിച്ചുകൊണ്ടു പോകുമ്പോൾ രാജാവിന്റെ കൈ മുറിഞ്ഞത് അശുഭലക്ഷണമാണെന്ന് കണ്ടിട്ട് രാജാവിനെ വെറുതെവിട്ടു. അപ്പോൾ രാജാവ് മന്ത്രിയെ ഓർക്കും. മന്ത്രിയെ തിരിച്ചുവന്ന് പൊട്ടക്കിണറ്റിൽ നിന്ന് കയറ്റുമ്പോൾ മന്ത്രി പറയും രാജാവേ അങ്ങു ചെയ്തത് വലിയ ഒരു സഹായമാണ്. കാരണം താങ്കളുടെ കൈ മുറിഞ്ഞതുകൊണ്ട് നരബലിക്ക് താങ്കളെ അവർ എടുക്കാതെയിരിക്കുമ്പോൾ ഒരു പരിക്കുമില്ലാത്ത ഞാനുണ്ടായിരുന്നുവെങ്കിൽ എന്നെ അവർ നരബലി നടത്തുമായിരുന്നല്ലോ. അതുകൊണ്ട് എല്ലാം നന്മയ്ക്കുവേണ്ടി. എല്ലാത്തിൽ നിന്നും ഐക്യ ജനാധിപത്യ മുന്നണി ഉയർത്തെഴുന്നേറ്റ് പുതിയ ആകാശവും പുതിയ ഭൂമിയും ഇവിടെ സൃഷ്ടിക്കും. മാറ്റങ്ങളുടെ കൊടുങ്കാറ്റ് ഞങ്ങളുണ്ടാക്കും. ഞങ്ങൾ ഒറ്റക്കെട്ടായി അതിശക്തമായി ഒരുമിച്ചുനീങ്ങും എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതുണയ്ക്കുന്നു.

ശ്രീ. എം. കുമാരൻ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശോഭനാ ജോർജ്ജ് എക്സൈസ് വകുപ്പിനെക്കുറിച്ച് ഏറ്റവും കടുത്ത ഭാഷയിൽ നല്ല ഭാവനയുള്ള പദങ്ങളുപയോഗിച്ചുകൊണ്ട് നിശിതമായി വിമർശിക്കുകയുണ്ടായി. എക്സൈസ് വകുപ്പിൽ അഴിമതിയാണെന്നും പണമൊഴുക്കുകയാണെന്നും മദ്യം തെരുവിൽ ഒഴുകുകയാണെന്നും സ്വന്തം മക്കളുടെ ഭാവിയെക്കുറിച്ചുപോലും ആശങ്ക ഉണ്ട് എന്നൊക്കെ വളരെ വികാരമായി സംസാരിക്കുകയുണ്ടായി. കേരളത്തിലെ പരമ്പരാഗത വ്യവസായമായ കള്ള് വ്യവസായം കള്ളുചെത്തു തൊഴിലാളികളെ പട്ടിണിക്കിടണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ സംസ്ഥാനത്ത് മദ്യനിരോധനം നടപ്പിലാക്കിയത് എന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്; അതാണ് ഗവൺമെന്റിന്റെ മദ്യനയം. അതുകൊണ്ട് അതിൽ കൂടുതൽ വിലപിക്കാനില്ല. കേരളത്തിലെ പരമ്പരാഗത വ്യവസായരംഗത്ത്, കള്ളുചെത്തു തൊഴിലാളികളെ സംരക്ഷിക്കണം. അവർക്ക് നൽകേണ്ട എല്ലാ ക്ഷേമനിധികളും ആനുകൂല്യങ്ങളും ഏർപ്പെടുത്തിക്കൊണ്ട് കള്ളു വ്യവസായത്തെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം ഈ വ്യവസായത്തെ സംരക്ഷിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദയഭാനു കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കി പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട സമ്പത്തായ മൽസ്യ സമ്പത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്. കേരളത്തിൽ 222 മൽസ്യബന്ധന ഗ്രാമങ്ങൾ ഉണ്ട് എന്നാണ് സൂചിപ്പിക്കുന്നത്. പത്തു ലക്ഷത്തോളം ആളുകൾ മീൻപിടിത്തത്തിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടുകൊണ്ട് ഉപജീവനം നടത്തുന്നുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ സ്വാധീനം മൽസ്യബന്ധനത്തിനും വിപണനത്തിനമുണ്ട്. ഇതൊക്കെ സൂചിപ്പിക്കുന്ന സമയത്ത് വളരെ വിരോധാഭാസത്തോടുകൂടി പറയേണ്ടത്, നമ്മുടെ സംസ്ഥാനത്ത് മൽസ്യബന്ധനത്തെക്കുറിച്ചും മൽസ്യസമ്പത്തിനെക്കുറിച്ചും പഠനം നടത്താൻ അനേകം കമ്മീഷനുകൾ സർക്കാർ നിയമിച്ചിട്ടുണ്ട്. പത്തിലധികം കമ്മീഷനുകൾ പഠനം നടത്തി റിപ്പോർട്ടുകൾ സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കമ്മീഷനുകൾ സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ പ്രധാനമായും എടുത്ത് പറയുന്നത് യന്ത്രവൽക്കൃതബോട്ടുകളും മോട്ടോർ വള്ളങ്ങളും നമ്മുടെ കടലിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നത് അപകടകരമാണെന്നാണ്. അങ്ങനെ എല്ലാ കമ്മീഷനുകളും അടിവരയിട്ട് സൂചിപ്പിക്കുന്നു. കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുന്നില്ല. കടലിലെ മത്സ്യസമ്പത്തിനെക്കുറിച്ചും മൽസ്യബന്ധന സംവിധാനത്തെക്കുറിച്ചും പഠനം നടത്താൻ കോടികൾ മുതൽ മുടക്കിയാണ് ഇത്തരം കമ്മീഷനുകളെ നിയമിക്കുന്നത്. ആ കമ്മീഷനുകൾ നിർദ്ദേശിക്കുന്ന ശുപാർശകളെല്ലാം പൂഴ്ത്തിവച്ചിരിക്കുകയാണ്. നമ്മുടെ തീരദേശത്ത്, ഏകദേശം അറുന്നൂറോളം കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ കടലിൽ മൽസ്യബന്ധനം നടത്താൻ 1145 യന്ത്രവൽകൃത ബോട്ടുകളും 2690 മോട്ടോർ വള്ളങ്ങളും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന് കലാവർ കമ്മീഷൻ ശുപാർശ ചെയ്യുന്നു. എന്നാൽ സൗത്ത് ഇൻഡ്യൻ ഫെഡറേഷൻ ഓഫ് ഫിഷർമെൻ സൊസൈറ്റിയുടെ കണക്കനുസരിച്ച് നമ്മുടെ കടലിൽ 4200 യന്ത്രവൽകൃത ബോട്ടുകളും 13,219 മോട്ടോർ വള്ളങ്ങളും കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും രണ്ടായിരത്തിലധികം ബോട്ടുകളും മൽസ്യബന്ധനം നടത്തുന്നുണ്ട് എന്നതാണ് അവരുടെ കണക്ക്. ഇത്രയധികം വള്ളങ്ങളും ബോട്ടുകളും കടലോരത്ത് മൽസ്യബന്ധനം നടത്തുന്ന സമയത്ത് ഉണ്ടാകുന്ന ഗുരുതരമായ പ്രശ്നത്തെ ഫിഷറീസ് വകുപ്പ് ഗൗരവമായി കാണണം. നമ്മുടെ മൽസ്യ സമ്പത്ത് ദിനംപ്രതി കുറഞ്ഞുവരുകയാണ്. പ്രജനനപ്രക്രിയപോലും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. വംശനാശം സംഭവിക്കുന്ന മൽസ്യക്കുഞ്ഞുങ്ങളും നമ്മുടെ ജലാശയത്തിലുണ്ട്. ഇത്തരത്തിൽ മത്സ്യം ഇല്ലാതായി തീരുന്ന സമയത്താണ് ഇത്രയധികം ബോട്ടുകൾ ഉപയോഗിച്ച് കടലിൽ മൽസ്യബന്ധനം നടത്തുന്നത്. നമുക്ക് കൂടുതൽ മൽസ്യസമ്പത്തുണ്ടെന്നും സമ്പദ്ഘടനയിൽ നിർണ്ണായക സ്ഥാനമുണ്ടെന്നും പറഞ്ഞ് നമ്മൾ അഹങ്കരിക്കുന്നു. അങ്ങനെ അഹങ്കരിക്കുമ്പോഴും നമ്മൾ നമ്മുടെ സമ്പത്ത് ഇല്ലാതാകുന്നു എന്ന കാര്യങ്ങൾ വിസ്മരിക്കരുത് എന്നാണ് എനിക്കു പറയാനുള്ളത്. മൽസ്യമേഖലാ വികസന പരിപാലന നയത്തിൽ പ്രധാനമായും കുറേ പരിപാടികൾ സൂചിപ്പിക്കുന്നുണ്ട്. അതിൽ ഒന്ന് വിവിധയിനം മൽസ്യങ്ങളെ പിടിക്കുന്നതിന് ഒരേ തരം വല മാത്രം

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തി ഓരോ ഇനം മൽസ്യത്തിനും യോജിച്ച പ്രത്യേകം വലകൾ ഉപയോഗിച്ച് മൽസ്യബന്ധനം നടത്തുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ആ നയത്തിൽ സൂചിപ്പിക്കുന്നത്. 700-ഉം 800-ഉം മീറ്റർ നീളമുള്ള റിംഗ്സീൻ, പഴ്സി എന്നീ ഭീമമായ വലകളുപയോഗിച്ച് മൽസ്യബന്ധനം നടത്തുന്ന നമ്മുടെ സംസ്ഥാനത്ത് ചെറു മൽസ്യങ്ങൾപോലും പിടിക്കുകയാണ് ചെയ്യുന്നത്. അതിലൂടെ കൂടുതൽ മൽസ്യങ്ങൾ ഇല്ലാതാകുകയാണ് ചെയ്യുന്നത്. മൽസ്യബന്ധനം നടത്തുന്ന സമയത്ത് ഒരു യന്ത്രവൽകൃത ബോട്ട് ഒരു ദിവസം 20 കിലോ മുതൽ 30 കിലോഗ്രാം വരെ ജീവനില്ലാത്ത മൽസ്യക്കുഞ്ഞുങ്ങളെ കടലിൽതന്നെ തള്ളുകയാണ് ചെയ്യുന്നത് എന്നാണ് പറയപ്പെടുന്നത്. അങ്ങനെ തള്ളുന്നതു കൊണ്ട് കോടിക്കണക്കിന് ടൺ മൽസ്യസമ്പത്ത് നമ്മൾക്ക് ഇല്ലാതാകുകയാണ് ചെയ്യുന്നതെന്ന കാര്യം നമ്മൾ വിസ്മരിച്ചുകൂടാ. മൽസ്യസമ്പത്ത് കുറയുകയാണ് ചെയ്യുന്നത്. മൽസ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് പുതിയ പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പുതിയ നയത്തിൽ പറയുകയുണ്ടായി. മൽസ്യങ്ങളുടെ വളർച്ചയ്ക്കും വംശവർദ്ധനവിനും സഹായകമാകുന്ന രീതിയിൽ കടലിലും കായലിലും കൃത്രിമപ്പാരുകൾ നിർമ്മിച്ചും ചെമ്മീൻ കുഞ്ഞുങ്ങളെ പൊതുജലാശയത്തിൽ വിതച്ചും മൽസ്യസമ്പത്ത് വർദ്ധിപ്പിക്കും എന്നാണ് പറയുന്നത്. അങ്ങനെ ഒരു ഭാഗത്ത് മൽസ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ശ്രമിക്കുമ്പോൾ മേൽപ്പറഞ്ഞ വലകൾ ഉപയോഗിച്ചുകൊണ്ട് മറ്റൊരു ഭാഗത്ത് കടലിൽ നിന്ന് മൽസ്യക്കുഞ്ഞുങ്ങളെ തുടച്ചുവാരുന്ന സമ്പ്രദായമുണ്ട്. ഒരു ഭാഗത്ത് മൽസ്യത്തെ പരിപാലിക്കാൻ വേണ്ടി കുഞ്ഞുങ്ങളെ വളർത്തുന്ന സമയത്ത് മറ്റൊരു ഭാഗത്ത് വൻകിട മുതലാളിമാർ ഭീമമായ വലകൾ ഉപയോഗിച്ചുകൊണ്ട് മൽസ്യക്കുഞ്ഞുങ്ങളെ പിടിച്ചെടുത്ത് കൊന്നൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ നമ്മുടെ മൽസ്യ സമ്പത്ത് കുറഞ്ഞുവരുന്നതിന് ഉദാഹരണങ്ങൾ ഏറെയുണ്ട്. മൺസൂൺ കാലത്ത് കടലിലുണ്ടാകുന്ന ചാകരയെ ആശ്രയിച്ചാണ് മൽസ്യത്തൊഴിലാളികളുടെ വരുമാനം നിജപ്പെടുത്തിയിരിക്കുന്നത്. ഫിഷറീസ് വകുപ്പിന്റെ സെൻസസ് അനുസരിച്ച് മൽസ്യത്തൊഴിലാളി കുടുംബത്തിലെ വാർഷികവരുമാനം 3,000 രൂപയിൽ താഴെയാണ്. ഇത്രയും ചെറിയ വരുമാനം കൊണ്ടാണ് ഇവരുടെ കുടുംബം പോറ്റേണ്ടത്. അതുകൊണ്ടുതന്നെ അവരുടെ ജീവിതം ദുരിതപൂർണ്ണമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഈ സാഹചര്യത്തിൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാത്തരം തൊഴിലാളികളും ദാരിദ്ര്യവും പട്ടിണിയും കഷ്ടപ്പാടുകളും അനുഭവിക്കുന്നുണ്ട്. അതിന് പരിഹാരം കണ്ടെത്തണം. അതു കണ്ടില്ലെന്നു നടിക്കരുത്. ഇവർക്ക് കൊടുക്കാനുള്ള എല്ലാ ക്ഷേമപദ്ധതി തുടർന്നും നൽകണം. അവർക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾ കൊടുക്കുകയും വേണം. പരമ്പരാഗത ഉൾനാടൻ മൽസ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നം വേറെയാണ്. നിയമസഭയിൽ പ്രധാനമായും ചർച്ച ചെയ്യപ്പെടേണ്ട വിഷയാണ്. പരമ്പരാഗത ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഏറെ പറയാനുണ്ട്. കേരളത്തിൽ രണ്ടു നിയമം നിലനിൽക്കുന്നുണ്ട്. തൃശൂർ ജില്ലയിൽ ചേറ്റുവ മുതൽ കാസർകോട് വരെയും തൃശൂരിലെ ചേറ്റുവ മുതൽ തിരുവനന്തപുരം വരെയുമുള്ള രണ്ടു നിയമങ്ങളാണ് ഈ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഈ നിയമം ഏകീകരിക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. തൃശൂർ ജില്ലയിലെ ചേറ്റുവ മുതൽ കാസർകോട് വരെ നിലനില്ക്കുന്ന ഒരു നിയമം മദ്രാസ് ആക്ടും തൃശൂർ മുതൽ തിരുവനന്തപുരം വരെ നിലനിൽക്കുന്ന നിയമം തിരു-കൊച്ചി ആക്ടും അനുസരിച്ചാണ്. തിരു-കൊച്ചി ഭാഗത്തുള്ള ആളുകൾക്ക് ഊന്നുവലയ്ക്ക് പട്ടയം നൽകുന്ന സമയത്ത് മലബാർ ഭാഗത്തുള്ള ആളുകൾക്ക് ലൈസൻസാണ് കൊടുക്കുന്നത്. ലൈസൻസിനായി അപേക്ഷ നൽകുമ്പോൾ കൂടുതൽ ഫീസ് ഈടാക്കുകയാണ് ചെയ്യുന്നത്. 4,000 മുതൽ 5,000 രൂപ വരെ ഓരോ വർഷവും ഫീസ് അടച്ചാൽ മാത്രമേ ലൈസൻസ് കിട്ടുകയുള്ളൂ. മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷവരുമാനം വളരെ കുറഞ്ഞുവരികയാണ്. ഇത്തരം സാഹചര്യം നിലനിൽക്കുന്ന സമയത്ത് മൽസ്യബന്ധനവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ നല്ലൊരു നയരൂപീകരണം നടത്തണം. ആ നയം നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ടി.പി.എം. സാഹിർ:</u> സർ, ഫിഷറീസ്, വനം, എക്സൈസ് എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. വളരെ വർഷങ്ങൾ പഴക്കമുള്ള പരമ്പരാഗത തൊഴിലാളികളാണ് മൽസ്യത്തൊഴിലാളികൾ. ഒരു ദേശീയനയം ഇന്നുവരെ ഈ മൽസ്യത്തൊഴിലാളി മേഖലയിൽ കടന്നു വന്നിട്ടില്ല. 1976-ലെ മജുംദാർ കമ്മിറ്റി റിപ്പോർട്ടിൻ അടിസ്ഥാനത്തിലോ 1996-ലെ മുരാരി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ ഇന്നുവരെ ഒരു ദേശീയനയം നടപ്പിലാക്കിയിട്ടില്ല. 8 കോടി ജനങ്ങൾ ഇൻഡ്യൻ കടൽത്തീരത്തുണ്ട്. കടൽത്തീരം എണ്ണായിരം കിലോമീറ്റർ വരെ കിടക്കുന്നു. 503 കിലോമീറ്റർ ഉള്ള കേരളതീരത്ത് മൽസ്യവിപണനവുമായി, മൽസ്യബന്ധനവുമായി ബന്ധപ്പെട്ട മൽസ്യത്തൊഴിലാളികളായി ഏകദേശം 15 ലക്ഷത്തോളം ജനങ്ങളുണ്ട്. അവർ ഇന്ന് കഷ്ടപ്പാടിലും വറുതിയിലുമാണ്. വളരെ സ്തുത്യർഹമായ പ്രവർത്തനത്തിലൂടെ തീരദേശ എം.എൽ.എ.-മാരുടെ സഹകരണത്തോടു കൂടി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഇന്ന് മൽസ്യ മേഖലാ വികസന നയം പ്രഖ്യാപിച്ചിരിക്കുകയാണ്. സഭയുടെ മേശപ്പുറത്ത് ഇന്ന് ആ നയമുണ്ട്. അതിനുവേണ്ടിയുള്ള ഫണ്ടിംഗിനു വേണ്ടിയാണ് ഇനി ശ്രദ്ധിക്കേണ്ടത്. ഇവിടെ മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളുമുണ്ട്. CRZ- അവരുടെ ജീവിതത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. വീടുകൾ നന്നാക്കാൻ പഞ്ചായത്തുകളിലോ കോർപ്പറേഷനിലോ കടലാസ് കൊടുക്കാൻ അവർക്ക് സാധ്യമല്ല. അവരുടെ CRZ-ന്റെ മെയിനായിട്ടുള്ള പ്രശ്നം കേരളത്തിൽ മാത്രമാണ് ഇത്ര കർശനമായി നടപ്പാക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഫയലുകളിൽ ഒരു പ്രത്യേക ഇളവ് ചെയ്തു കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ ഒരു വിഹിതം മാത്രമാണ് ഇന്ന് കൊടുക്കുന്നത്. അതേസമയം മത്സ്യഫെഡ് മുഖേനയുള്ള സഹായം വളരെ കുറവുമാത്രമാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥന്മാർ വർഷങ്ങളെടുത്ത് ലിസ്റ്റുണ്ടാക്കി 600-ഉം 700-ഉംപേർ അർഹതപ്പെട്ടതാണെന്ന് കാണിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കളക്ടറുടെ ചേമ്പറിൽ വച്ച സെലക്ഷൻ ലിസ്റ്റ് കൊണ്ടുവരികയാണ്. അതിന് എമൗണ്ട് സാങ്ഷനാക്കിയത് നോക്കുകയാണെങ്കിൽ നൂറോ അല്ലെങ്കിൽ തൊണ്ണൂറോ ആളുകൾക്കു മാത്രമെ കൊടുക്കാനുണ്ടാവുകയുള്ളൂ. അതിൽത്തന്നെ നറുക്കിട്ടെടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ നറുക്കിട്ടെടുക്കുമ്പോൾ ഏറ്റവും പാവപ്പെട്ടവനെ സെലക്ട് ചെയ്യാനുള്ള അധികാരം ആ നയത്തിൽ പറയുന്നില്ല. അതുകൊണ്ടു തന്നെ ഒരു നിശ്ചിത ശതമാനം നറുക്കെടുപ്പിൽ നിന്നും മാറ്റി ഒരു 25 ശതമാനം എങ്കിലും പാവപ്പെട്ടവനിൽ പാവപ്പെട്ടവന് നൽകാനുള്ള നടപടിക്രമം ഉണ്ടാകണമെന്ന് ഞാൻ പറയുകയാണ്. കേരളത്തിന്റെ മത്സ്യ സമ്പത്തിൽ മുമ്പ് എക്സ്പോർട്ടായി 50 ശതമാനം രേഖപ്പെടുത്തിയത് ഇന്ന് കുറഞ്ഞുവന്ന് 25 ശതമാനം ആയി മാറിയിരിക്കുകയാണ്. ആന്ധ്ര, ഒറീസ്സ മുതലായ സംസ്ഥാനങ്ങൾ ഇന്ന് മത്സ്യ കയറ്റുമതിയിൽ നമ്മുടെ മുന്നിലെത്തിയിരിക്കുകയാണ്. Aqua Culture ആണ് അവിടെ സ്വീകരിച്ചിരിക്കുന്ന നയം. എക്സ്പോർട്ട് ചെയ്യുമ്പോൾ അതിലെ ക്വാളിറ്റിയിൽ മാറ്റമുണ്ടാവുകയും അമേരിക്കൻ കമ്പനികൾ നമ്മുടെ exporters-നെ ബുദ്ധിമുട്ടിപ്പിക്കുകയും അവരുടെ സാധനങ്ങൾ തിരസ്ക്കരിക്കുകയും ചെയ്യുന്നതുകൊണ്ട് ഈ aqua culture മുഖേനയുള്ളതിൽ രാസവസ്തുക്കൾ കടന്നുകൂടാനുള്ള സാധ്യത വളരെ കുറവാണ്. മലബാർ മേഖലയിൽ, പ്രത്യേകിച്ചും കണ്ണൂർ ജില്ലയിൽ Aqua Culture Farm-കളുണ്ട്, അതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ അവർക്ക് അവിചാരിത സമയത്തുണ്ടാകുന്ന നഷ്ടങ്ങൾക്ക് വേണ്ടപ്പെട്ട തരത്തിൽ ഗവൺമെന്റ് സഹായം നൽകണമെന്ന് പറയുകയാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ തന്നെ വിതരണ തൊഴിലാളികളുണ്ട്, ഉൾനാടൻ മത്സ്യത്തൊഴിലാളികളുണ്ട്. എല്ലാവരും മത്സ്യമേഖലയിൽപ്പെട്ടവരാണ്. ഈ പറയുന്ന 15 ലക്ഷം കുടുംബങ്ങൾക്ക് വേണ്ട സഹായധനം, ഈ ധനാഭ്യർത്ഥനയിൽ കാണുന്നില്ല. വളരെ തുച്ഛമായ സംഖ്യ, മൂന്നുകോടി രൂപമാത്രമാണ് മത്സ്യത്തൊഴിലാളി ക്ഷേമ നിധിയിലേയ്ക്കുള്ളത്. ഞാൻ പറഞ്ഞ 15 ലക്ഷം ആളുകളുടെ പ്രശ്നത്തിന് ഈ മൂന്നുകോടി രൂപ തീരെ അപര്യാപ്തമാണ്. അത് ചുരുങ്ങിയത് 10 കോടി രൂപയെങ്കിലുമായി വർദ്ധിപ്പിക്കണം. ഇതുസംബന്ധിച്ച് നടന്ന ഒരു മീറ്റിംഗിൽ നമുക്കുണ്ടായ പ്രയാസം വളരെ വലുതാണ്. Remarks-ൽ കൊടുത്തിരിക്കുന്ന റിപ്പോർട്ട് നോക്കിയാൽ നിത്യരോഗി, അച്ഛൻ മരിച്ചുപോയ, സ്ത്രീകൾ മാത്രമുള്ള ഭവനങ്ങൾ വരെയുണ്ട്. അവരുടെ വീടുകളിലേയ്ക്കുള്ള സഹായം കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയിൽ മത്സ്യ തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സംഖ്യ വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. വനം സംരക്ഷണത്തിന് ഇവിടെ പല നയങ്ങളുമുണ്ട്. Preservation of Forests Act നടപ്പാക്കി. നമ്മുടെ വനസമ്പത്ത് ഇന്ന് വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. അതേസമയം അവിടെ വന്യജീവികൾ നിവസിക്കുന്ന സ്ഥലമാണ്. ഈ കടലോരം നോക്കുകയാണെങ്കിൽ മനുഷ്യർ ജീവിക്കുന്ന സ്ഥലമാണ്. 8 കോടി ജനങ്ങൾ ഇന്ത്യയിലും 15 ലക്ഷം ജനങ്ങൾ കേരളത്തിലും അതുരായി ബന്ധപ്പെട്ട് കിടക്കുന്നു. അതുകൊണ്ടുതന്നെ വനനശീകരണത്തിനെതിരെ കൈക്കൊണ്ട പല

LIBRARY ARCHIVES Kerala Legislative Assembly

നിയമങ്ങളും കർശനമായെടുത്തതിന്റെ ഫലമായി കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഒരു വനംകൊള്ളയും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. അത്രത്തോളം ഫോറസ്റ്റ് റേഞ്ചർമാർ വിജിലന്റായതുകൊണ്ടുമാത്രമാണ് വനംകൊള്ളകൾ മുമ്പ് നടന്നതുപോലെ ഇന്ന് കേരളത്തിൽ നടക്കാത്തത്. പക്ഷേ ചില സ്ഥലത്ത് എക്സൈസ് സ്റ്റാഫിന്റെ അപര്യാപ്തതയുണ്ട്. ഇടുക്കിയിൽ റേഞ്ച് ഓഫീസ് വളരെ കുറവാണ്. കഞ്ചാവുകൃഷി നശിപ്പിക്കുന്നതിനും മറ്റുമായി ഏറ്റവും കൂടുതൽ റേഞ്ച് ഓഫീസ് ആവശ്യമുള്ള സ്ഥലമാണത്, ഇടുക്കിയുടെ വിസ്തീർണ്ണംതന്നെ വളരെ വലുതാണ്. അതുകൊണ്ട് എക്സൈസ് ഡിപ്പാർട്ടുമെന്റ്.....

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് ഇടുക്കിയിൽ റേഞ്ച് ഓഫീസ് വളരെ കുറവാണെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായല്ലോ, ഇടുക്കിയിൽ 4 പുതിയ റേഞ്ച് ഓഫീസുകൾ അനുവദിക്കണമെന്നു പറഞ്ഞ് വളരെ വർഷങ്ങളായി ശുപാർശയുണ്ട്. കഴിഞ്ഞ രണ്ടാഴ്ചമുമ്പ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അത് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാലിന്നുവരെ ആ ഓഫീസുകൾ പ്രാവർത്തികമായിട്ടില്ല, അത് അടിയന്തിരമായി തുടങ്ങിയെങ്കിൽ മാത്രമേ കള്ളക്കടത്തും മറ്റും തടയാനുള്ള നടപടി സ്വീകരിക്കാൻ കഴിയൂ എന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ടി. പി. എം. സാഹിർ: അതുതന്നെയാണ് ഞാനും പറഞ്ഞു വന്നത്.....

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, ദൈനംദിനം വ്യാപകമായതോതിൽ വനംകൊള്ള നടന്നുകൊണ്ടിരിക്കുമ്പോഴും ഫോറസ്റ്റ് ഗാർഡുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുണ്ടായിട്ടും അതിൽനിന്നും നിയമനം നടത്തുന്നില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. പി. എം. സാഹിർ: അത് വളരെയധികം ശ്രദ്ധപതിഞ്ഞ ഒരു കാര്യമാണ്. ഞാൻ പറഞ്ഞുവരുന്നത് വൃക്ഷസംരക്ഷണത്തിനും മറ്റുമായി വ്യാപകമായ ഒരു ശ്രമം ആരംഭിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വയനാടൻ ജില്ലകളിലെ ജനങ്ങൾക്ക് വളരെ ആശ്വാസകരമായ വിധത്തിൽ മരങ്ങൾ മുറിക്കാനുള്ള പെർമിറ്റ് നൽകി. അതുപോലെതന്നെ ഓരോരുത്തരുടേയും പറമ്പിലുള്ള മരങ്ങൾ വെട്ടുന്നതിനുള്ള അനുമതി നൽകണം. വയനാട് ജില്ലയിലെ പ്രധാനപ്പെട്ട കല്ലായി മരവ്യവസായ മേഖല ഇന്ന് അന്യനാടുകളിൽ നിന്നും കൊണ്ടുവരുന്ന മരത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതുകൊണ്ട് നമ്മുടെ നാട്ടിൻപുറങ്ങളിൽ, നമ്മുടെ പറമ്പിലുള്ള ലഭ്യമായ മരങ്ങൾ മുറിക്കാനുള്ള അനുമതി നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഘട്ടംഘട്ടമായി കേരളത്തിൽ നിന്നും മദ്യം പിൻവലിക്കുമെന്ന് മുൻ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞതാണ്. അത് ഇന്ന് വർദ്ധിക്കുന്നതല്ലാതെ ഘട്ടംഘട്ടമായി കുറയുന്ന ലക്ഷണം കാണുന്നില്ല. 2003 ഡിസംബർ 31-ന് രണ്ടുകോടി രൂപയുടെ മദ്യമാണ് കേരളത്തിൽ വിളമ്പിയത് എന്നാണ് കാണുന്നത്. അപ്പോൾ ദിവസങ്ങൾ പോകുംതോറും ഇത് കൂടുകയല്ലാതെ കുറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലേയ്ക്ക് മദ്യം ഒഴുകുന്നതു കുറഞ്ഞാൽ നമ്മുടെ ആശുപത്രികളിൽ മദ്യപിച്ച് ആളുകൾ കിടക്കേണ്ട ഗതികേട് ഇനിമേലിലുണ്ടാവുകയില്ല. അതുകൊണ്ട് കഴിയുന്നത്ര ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. സ്റ്റീഫൻ ജോർജ്ജ്</u>: സർ, എക്സൈസ്, വനം, ഫിഷറീസ് വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

"വെള്ളം ചേർക്കാതെടുത്തോര-
മൃതിൻ സമമാം നല്ലിളം കള്ള്
ചില്ലിൽ വെള്ള ഗ്ലാസ്സിൽ പകർന്ന-
ങ്ങനെ രുചികരമാം മത്സ്യ മാംസാദി
കൂട്ടി ചെല്ലുന്തോറും ചെലുത്തി
ചിരികളിൽ തമാശതമേളിപ്പതേക്കാൾ
സ്വർഗ്ഗലോകത്തും ലഭിക്കില്ലുപരി
ഒരു സുഖം പോകവേദാന്തമേ നീ"

ചങ്ങമ്പുഴയുടെ വരികളാണ് ഞാനിവിടെ ഉദ്ധരിച്ചത്. അങ്ങനെ കള്ളിന്റെ ഗുണത്തെക്കുറിച്ചും ആ സാഹചര്യത്തെക്കുറിച്ചുമെല്ലാം ചങ്ങമ്പുഴ വിശദമായി പരാമർശിച്ചിട്ടുണ്ടെങ്കിൽപ്പോലും നമ്മുടെ ബഹുമാന്യനായ മന്ത്രി 'പോക വേദാന്തമേ നീ' എന്നൊന്നും പറയുന്നില്ല. നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ അമിതമായി മദ്യം വ്യാപിപ്പിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല എന്നാണ് മന്ത്രി വ്യക്തമാക്കിയിട്ടുള്ളത്. ഞാൻ ബഹുമാന്യനായ മന്ത്രിയുമായി ഇന്നലേയും സംസാരിച്ചു, കേരളത്തിൽ വ്യാപകമായി മദ്യശാലകൾ ആരംഭിക്കാൻ ഗവൺമെന്റ് നയമില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ് എന്റെ മണ്ഡലത്തിൽ ഇനി മദ്യശാലകളൊന്നും അനുവദിക്കരുതെന്ന്. ചോദിക്കുന്നവർക്കു മാത്രമേ ഇപ്പോൾ മദ്യശാലകൾ കൊടുക്കുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെപ്പോലെ ഇരുന്നൂറും മുന്നൂറും എന്നൊക്കെ പറഞ്ഞ് ഷാപ്പുകൾ അടിച്ചേല്പിക്കുന്ന സ്ഥിതി ഈ ഗവൺമെന്റിനില്ലെന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. അങ്ങനെ നയപരമായിട്ടുള്ള നല്ല തീരുമാനങ്ങളുമായിട്ടാണ് നമ്മുടെ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. നമ്മുടെ ഭരണഘടന Directive Principles of State പോളിസിയിൽ ആർട്ടിക്കിൾ 47-ൽ പറയുന്നതനുസരിച്ച് മദ്യനിരോധനം സാധിതപ്രായമാക്കാൻ രാഷ്ട്രീയമായി ശ്രമിക്കുമെന്നു മാത്രമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. മദ്യനിരോധനം ഭരണഘടനയിൽ പറയുന്നില്ല. ഭരണഘടനാ ശില്പികൾക്ക് നല്ല ദീർഘവീക്ഷണ മുള്ളതുകൊണ്ടും ഇക്കാര്യം ബോധ്യമുള്ളതുകൊണ്ടുമാണ് ഭരണഘടനയിൽ പോലും മദ്യനിരോധനം നിർബന്ധമാക്കാതിരുന്നത് എന്ന് ഞാൻ കരുതുകയാണ്. അപ്രായോഗികമായ മദ്യനിരോധനം നടപ്പാക്കാനും, അമിതമായ മദ്യത്തിന്റെ ഒഴുക്കിനെ പ്രോൽസാഹിപ്പിക്കാനും തയ്യാറാകാത്ത മിതമായ ഒരു നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് ബഡ്ജറ്റ് പരിശോധിച്ചാൽ നമുക്കു മനസ്സിലാക്കാൻ കഴിയും. 2004-05 വർഷത്തെ ബഡ്ജറ്റിൽ അതു വളരെ വ്യക്ത മായി സൂചിപ്പിക്കുന്നു. അമിതമായി ടാക്സ് ഏർപ്പെടുത്തിയിട്ടില്ല, അമിതമായി

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ പ്രോൽസാഹിപ്പിക്കുന്ന നയം ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായ ഒരു മദ്യനയമാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളതെന്ന് വളരെ വ്യക്തമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മണിച്ചന്റെ ശൈലി നമ്മൾ അവസാനിപ്പിച്ചു. ശ്രീ. ടി. ശിവദാസമേനോന്റെ ശൈലി നമ്മൾ അവസാനിപ്പിച്ചു. വ്യാജമദ്യം ഈ സംസ്ഥാനത്തില്ലാതായിരിക്കുന്നു. വ്യാജമദ്യത്തിന്റെ പേരിലുള്ള മരണം ഉണ്ടാകുന്നതു നിയന്ത്രിച്ചിരിക്കുകയാണ്. ഗവൺമെന്റ് നയപരമായ നല്ല തീരുമാനം കൈക്കൊണ്ടതു കൊണ്ടാണ് ഇത്തരം നല്ല കാര്യങ്ങളുമായി മുന്നോട്ടു പോകുവാൻ ഈ ഗവൺമെന്റിനു കഴിയുന്നത്. അന്യ സംസ്ഥാനങ്ങളിലേയ്ക്കു നമ്മുടെ നദീജലം ഒഴുകിപ്പോകുകയാണെങ്കിൽ, സ്വതന്ത്ര ഇന്ത്യയിൽ പകരമായി ആദ്യം മുതലേ ഇങ്ങോട്ട് ഒഴുകി വരുന്നത് സ്പിരിറ്റാണ്. ഈ പ്രക്രിയ ഓരോ കാലഘട്ടത്തിലും കൂടിയും കുറഞ്ഞും ഇരിക്കുന്നുണ്ടോ എന്നുള്ള കാര്യം മാത്രമേ പരിശോധിക്കേണ്ടതുള്ളൂ. 136 അടിയാണ് മുല്ലപ്പെരിയാറിന്റെ ഉയരമെന്ന് നമുക്കറിയാം. അതിനപ്പുറം ഉയർത്താൻ കഴിയില്ല. പക്ഷേ മണിച്ചന്റെ ഭൂഗർഭ അറയിലെ സ്പിരിറ്റിന്റെ ലെവൽ എത്രയാണെന്ന് ഇന്നു വരെ കണ്ടുപിടിക്കാൻ നമ്മുടെ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാർക്കു കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത്ര വ്യാപകമായി വ്യാജസ്പിരിറ്റ് ഈ സംസ്ഥാനത്ത് ഒഴുകിയിരുന്നു എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഇതു പറഞ്ഞത്. കേരളത്തിൽ ഒരു ദിവസം ചെലവാകുന്ന വിദേശമദ്യം രണ്ടു ലക്ഷത്തി എൺപത്തി അയ്യായിരം ലിറ്ററാണ്. ഒരു വർഷം ഒൻപതു കോടി ലിറ്ററാണ് വേണ്ടത്. രണ്ടു കോടി ലിറ്റർ മദ്യത്തിന്റെ കുറവ് ഈ സംസ്ഥാനത്തിനുള്ളതുകൊണ്ടാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റും മറ്റും വ്യാജമായി ഇങ്ങോട്ടു കടന്നു വരുന്നത്. ചിറ്റൂർ ഷുഗർമിൽ പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മദ്യം ഗവൺമെന്റ് ഏറ്റെടുക്കാൻ തയ്യാറായാൽ ആ സ്ഥാപനങ്ങളെ നിലനിർത്താനും വ്യാജമദ്യം ഒഴിവാക്കാനും സാമ്പത്തികമായി നമ്മുടെ സംസ്ഥാനത്തിന് നേട്ടമുണ്ടാക്കാനും സഹായകരമാകും. അത്തരം ഒരു നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത മദ്യരാജാക്കന്മാർക്കും സ്പിരിറ്റു കള്ളക്കടത്തുകാർക്കും ഗവൺമെന്റ് രാഷ്ട്രീയമായി സംരക്ഷണം നൽകുന്നില്ല എന്നുള്ളതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: വ്യാജമദ്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നു പറഞ്ഞു. ഇടുക്കി ജില്ലയാണ് ഏറ്റവും കൂടുതൽ വ്യാജമദ്യം വിൽക്കുന്ന സ്ഥലം. വളരെ വിസ്തൃതിയുള്ള സ്ഥലമാണ്. അവിടെ പുതിയതായി എക്സൈസ് ഓഫീസുകൾ തുടങ്ങുമെന്നും റാങ്കു ലിസ്റ്റിലുള്ള ആളുകളെ അവിടേയ്ക്ക് നിയമിക്കുമെന്നും പറഞ്ഞു, അവരുടെ റാങ്കു ലിസ്റ്റും വാങ്ങിച്ചു. ഇതിൽ നിന്നും ഇവിടെ നിയമനം നടത്താനോ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനോ കഴിഞ്ഞിട്ടില്ല. അതിനൊരു പരിഹാരം കാണാൻ ശ്രമിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ്: വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അങ്ങ് ഉന്നയിച്ചത്. വ്യാജമദ്യം നിയന്ത്രിക്കപ്പെടേണ്ട ഉദ്യോഗസ്ഥർ ഏറ്റവും കൂടുതൽ ആവശ്യമുള്ള ഒരു പിന്നോക്കജില്ലയാണ് ഇടുക്കി ജില്ല. ഇടുക്കി ജില്ലയിൽ ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരില്ല എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഒരു തീരുമാനമെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: ജില്ല പിന്നോക്കമായതുകൊണ്ടല്ല. ഭൂ പ്രദേശത്തിന്റെ പ്രശ്നമാണ്. ഏറെ സൗകര്യങ്ങൾ ഉള്ള ഒരു പ്രദേശമാണ്. അതിനാവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന് ചില നിർദ്ദേശങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. പക്ഷേ അതു നടപ്പിലാക്കാൻ സാമ്പത്തിക ബുദ്ധിമുട്ടാണ് ഒരു കാരണമെന്നും ഞാൻ മനസ്സിലാക്കുന്നു. ഫൈനാൻസാണ് അതിനു തടസ്സമായി നിൽക്കുന്നതെന്ന് അറിയാം. ഇതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ഇതു പരിഹരിക്കാനാവശ്യമായ നിർദ്ദേശം കൊടുക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. സ്റ്റീഫൻ ജോർജ്: തീർച്ചയായും മന്ത്രി അതു ശ്രദ്ധിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇത്രയും അംഗങ്ങൾ ഈ വിഷയം ഉന്നയിച്ചതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിനു അടിയന്തിരമായി പരിഹാരം ഉണ്ടാക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആൾക്കഹോൾ ഉപഭോഗമുള്ള സംസ്ഥാനം നമ്മുടേതാണ്. ഇതിനൊരു പരിഹാരമുണ്ടാകണ്ടേ? ഏറ്റവും കൂടുതൽ വിദ്യാസമ്പന്നരുള്ള ഒരു സംസ്ഥാനമാണ് കേരളം എന്നതു പോലെതന്നെ ഏറ്റവും കൂടുതൽ ആൽക്കഹോളിക് കൺസംപ്ഷനുള്ള സംസ്ഥാനവുമാണ് കേരളം. ഇതിനൊരു പരിഹാരമുണ്ടാകണം. അതിനു മാറ്റം വരുത്തണം. 14 ലക്ഷം രൂപയാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവെയർനസ്സിനുവേണ്ടി മാറ്റിവച്ചത്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ നിർദ്ദേശപ്രകാരം നമ്മുടെ റവന്യൂ വരുമാനത്തിന്റെ 14 ശതമാനം ഇതിനുവേണ്ടി മാറ്റിവയ്ക്കേണ്ടതാണ്. നാലായിരം കോടി രൂപയാണ് ഒരു വർഷം നമുക്കുള്ള വരുമാനം. റവന്യൂ വരുമാനം രണ്ടായിരം കോടി രൂപയാണ്. ഈ റവന്യൂ വരുമാനത്തിന്റെ എങ്കിലും 10 ശതമാനം മാറ്റി വച്ചാൽ, (200 കോടി രൂപ), നമ്മുടെ വിദ്യാർത്ഥികളിലും പൊതുമേഖലകളിലുമൊക്കെ മദ്യത്തിനെതിരെയുള്ള ക്യാംപെയിൻ നടത്താൻ കഴിയും. അങ്ങനെ ചെയ്താൽ ജനങ്ങളിൽ ഒരു അവയർനെസ്സ് ഉണ്ടാക്കിയെടുക്കാൻ തീർച്ചയായും സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. അതിനു ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ വർഷം കള്ളിന്റെ വില കൂട്ടിയില്ല, ടാക്സ് വർദ്ധിപ്പിച്ചതുമില്ല. റെയിൽവേ ബഡ്ജറ്റിൽപ്പോലും യാത്രാനിരക്ക് കൂട്ടിയില്ല. ജനങ്ങൾക്ക് യാതൊരുവിധ നിരക്കു കൂട്ടലും ഉണ്ടായില്ല. പക്ഷേ ഒരു കാര്യം മന്ത്രി ശ്രദ്ധിക്കണം. നമ്മുടെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് ലേലപ്പടിയും മാസപ്പടിയും വർദ്ധിപ്പിച്ചു. പുതിയ നിരക്കിനെക്കുറിച്ചു ഞാൻ പറയാം, അങ്ങു ശ്രദ്ധിക്കണം. ഇതു എല്ലായിടത്തും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ലേലത്തിനു വേണ്ടി എ. ഇ. സി. ഓഫീസിൽ ലേലപ്പടിയായി വൻതുക കൊടുക്കുന്നതു മന്ത്രി

ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. എ.ഇ.സി.-ക്ക് ഒരു ഷാപ്പിനു ലേലപ്പടി രണ്ടായിരം രൂപയാണ്. മാനേജർക്ക് 1500 രൂപയാണ്. എ.ഇ.സി. ഓഫീസിൽ സ്റ്റാഫിനെല്ലാം കൂടി കൊടുക്കേണ്ടത് 3000 രൂപയാണ്. ടൈപ്പിസ്റ്റിനു 500 രൂപയാണ്. ഇതെല്ലാം കഴിഞ്ഞ് ഡെസ്പാച്ച് ചെയ്യണമെങ്കിൽ 300 രൂപ കൊടുക്കണം. എല്ലാംകൂടി 7,300 രൂപ എ.ഇ.സി. ഓഫീസിൽ ലേലപ്പടി മാത്രമായിട്ടു കൊടുക്കണം. സി.ഇ.യുടെ ഓഫീസിലും ഇതുതന്നെയാണ് സ്ഥിതി. ഇതു ഒരു ഹയറാർക്കിയാണ്. എ.ഇ.സി. ഓഫീസിൽ മാത്രമായി ഇത് ഒതുങ്ങുന്നില്ല. സി. ഇ. ഓഫീസിൽ വന്നാൽ സി. ഇ.-ക്കു 5,000 രൂപ, സ്റ്റാഫിനെല്ലാംകൂടി 7,000 രൂപ. മൊത്തം 12,000 രൂപ. റെയിഞ്ച് ഓഫീസിൽ എക്സൈസ് ഇൻസ്പെക്ടർക്ക് 6,000 രൂപ. സ്റ്റാഫിനെല്ലാംകൂടി 16,000 രൂപ. അങ്ങനെ ടോട്ടൽ 35,300 രൂപ. കൃത്യമായ കണക്കാണ്. ഇതു അങ്ങു പരിശോധിക്കണം. ഇതിനു മാറ്റം വരുത്താൻ അങ്ങേയ്ക്കു കഴിഞ്ഞാൽ, കേരളത്തിലെ ജനങ്ങൾ അങ്ങേയ്ക്കു വലിയ അംഗീകാരം നൽകുമെന്നാണ് എനിക്കു പറയാനുള്ളത്. എല്ലാ രംഗത്തും ഇതിനു റേറ്റുണ്ട്. ഇവിടെ കള്ളില്ല. പാലക്കാട് നിന്നും ചെത്തിക്കൊണ്ടുവരികയാണ് ചെയ്യുന്നത്. അങ്ങനെ കൊണ്ടു വരുമ്പോൾ അവിടെ പെർമിറ്റു കിട്ടാൻ വേണ്ടി ഇതുപോലെയാണ് കൊടുക്കുന്നത്. എ.ഇ.സി. ക്ക് രണ്ടായിരം രൂപ മുതലുണ്ട്. സ്റ്റാഫിന് രണ്ടായിരം രൂപ, ടൈപ്പിസ്റ്റിന് 300 രൂപ, ഡെസ്പാച്ചിന് 200 രൂപ, അങ്ങനെ നോക്കിയാൽ കൃത്യമായി റേറ്റുള്ള ഒരു ഡിപ്പാർട്ട്മെന്റാണ് നമ്മുടെ എക്സൈസ് ഡിപ്പാർട്ട്മെന്റ് എന്നു കാണാൻ സാധിക്കും. ഇതിനൊരു പരിഹാരമുണ്ടാക്കാൻ തീർച്ചയായും നമുക്കു കഴിയണം എക്സൈസ് ഡിപ്പാർട്ട്മെന്റിലെ അവിഹിതമായ ഈ റേറ്റ് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം എന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ: ഞാൻ അപ്രീഷ്യേറ്റു ചെയ്യുന്നു. വളരെ പ്രധാനപ്പെട്ട പോയിന്റാണ് ശ്രീ. സ്റ്റീഫൻ ജോർജ് ഇവിടെ അവതരിപ്പിച്ചത്. എന്നാൽ കേരളത്തിലെ ബിവറേജസ് കോർപ്പറേഷന് ആവശ്യമായ മദ്യം പൂർണ്ണമായും എടുക്കുന്നത് സ്വകാര്യ ഡിസ്റ്റിലറി ഉടമകളിൽ നിന്നാണ്. ഒരൊറ്റ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും എടുക്കുന്നില്ല. കേരളത്തിനാവശ്യമായ വിദേശമദ്യത്തിന്റെ 10 ശതമാനമെങ്കിലും എടുക്കുന്നതിനുള്ള ഒരു സംവിധാനം പൊതുമേഖലയ്ക്ക് ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞാൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ ഈ മേഖലയിൽ നമുക്ക് ഉണ്ടാക്കാൻ പറ്റും. അതിന്റെ ഭാഗമായിട്ടാണ് ചിറ്റൂർ ഷുഗർ ഫാക്ടറി സ്ഥാപിച്ചത്. അതുകൊണ്ട് പൊതുമേഖലകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വിദേശമദ്യത്തിനാവശ്യമായിട്ടുള്ള ENA വാങ്ങാൻ തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. സ്റ്റീഫൻ ജോർജ്: ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കാലത്ത് വേണമെങ്കിൽ നമുക്ക് എടുക്കാമായിരുന്നു. അന്ന് എടുത്തില്ല. എങ്കിലും അങ്ങു പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി അതു പരിഗണിക്കുമെന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. വനംവകുപ്പിലേയ്ക്കു ഞാൻ കടക്കുകയാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ വനസമ്പത്ത് സംരക്ഷിക്കേണ്ടത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. മറ്റു സംസ്ഥാനങ്ങളിലേയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

പോയാൽ അവിടെ വനം സംരക്ഷിക്കുന്നത് വീരപ്പന്മാരാണ്. ആ ഒരൊറ്റ കാര്യം കൊണ്ടുതന്നെ നമ്മുടെ ഡിപ്പാർട്ട്മെന്റ് വളരെ കാര്യക്ഷമമാണെന്ന് നമുക്കു മനസ്സിലാക്കാൻ കഴിയും. നമുക്ക് ആകെയുള്ള 11221 ച.കി.മീ. വനം ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ തന്നെയാണ്. നമ്മുടെ ഉദ്യോഗസ്ഥർ തന്നെയാണ് വനം സംരക്ഷിക്കുന്നത് എന്നുള്ളത് ഏറ്റവും ശ്രദ്ധേയമായ കാര്യമായിട്ടാണ് ഞാൻ കരുതുന്നത്. ആർട്ടിക്കിൾ 48 (എ) അനുസരിച്ച് വനം സംരക്ഷിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനുമുള്ള അവകാശം സ്റ്റേറ്റ് ഗവൺമെന്റിനാണ് നൽകിയിട്ടുള്ളത്. ഞാൻ ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. വൃക്ഷസംരക്ഷണത്തെ സംരക്ഷിച്ച ഡിപ്പാർട്ട്മെന്റ്, കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻ എടുത്ത നടപടിയെ ഞാൻ ശ്ലാഘിക്കുകയാണ്. നമുക്കറിയാം, ചില വൃക്ഷങ്ങൾ വെട്ടാൻ പാടില്ലെന്നുള്ള നിയമം മുമ്പ് ഉണ്ടായിരുന്നു. വയനാട്ടിലേയും മലബാറിലേയും കൃഷിക്കാർ ഇതിന്റെ പേരിൽ വളരെയേറെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. അതിന് ഇളവു വരുത്തിക്കൊണ്ട്, മരം വെട്ടാനുള്ള ഒരു സാഹചര്യം, നിയമം നിർമ്മിക്കാൻ കഴിഞ്ഞതിന്, അതിനു ഇളവു വരുത്തിയതിന് ഡിപ്പാർട്ട്മെന്റിനെ ഞാൻ പ്രത്യേകമായി അനുമോദിക്കുന്നു. റബ്ബർ തടി കയറ്റുമതി ചെയ്യാൻ മുമ്പ് നിയമമില്ലായിരുന്നു. റബ്ബർ കൃഷിക്കാരെ ഏറെ ബുദ്ധിമുട്ടിലാക്കിയ ഒരു കാര്യമാണ്. നിരവധി പ്രാവശ്യം ഈ നിയമസഭയിൽ ഉന്നയിക്കപ്പെട്ട കാര്യമാണ്. റബ്ബർ വെട്ടി കൃഷിക്കാർക്കുതന്നെ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാനുള്ള ഒരു നിയമം ഉണ്ടാക്കിയ വനം വകുപ്പിന്റെ നടപടി സ്വാഗതാർഹമാണ്. വനംവകുപ്പിൽ മുന്നൂറോളം വരുന്ന ട്രൈബൽ ഗാർഡുകളെ നിയമിച്ചത് ഈ ഗവൺമെന്റാണ്. അതിന് ഈ ഗവൺമെന്റിനെ ഞാൻ അനുമോദിക്കുകയാണ്. ട്രൈബൽ വിഭാഗത്തിൽപ്പെടുന്ന ആളുകളെ ഈ ഗവൺമെന്റ് അവഗണിക്കുന്നു, ആക്ഷേപിക്കുന്നു എന്നു പറയുന്നത് സത്യവിരുദ്ധമായ കാര്യമാണ്. കേരളത്തിലെ ഗ്രാമങ്ങളിൽ കുട്ടിവനങ്ങളെ സൃഷ്ടിക്കുമെന്നു മന്ത്രി ഇവിടെ പറയുകയുണ്ടായി. നമ്മുടെ ഗ്രാമങ്ങളിലൊക്കെ കാവുകളുണ്ട്. അതെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വളരെയേറെ പരിസ്ഥിതി സഹായകമായ കാവുകൾ നിലനിർത്താൻ ആവശ്യമായ നിയമനിർമ്മാണങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണം. അദ്ദേഹം മൈക്രോ ഫോറസ്റ്റുകൾ നിർമ്മിക്കുമെന്നു പറഞ്ഞതിനനുബന്ധമായി ഈ കാവുകളെക്കൂടി സംരക്ഷിക്കണം. നമുക്ക് വലിയ ചെലവില്ലാതെ ചെയ്യാൻ കഴിയുന്ന ഒരു കാര്യമാണ്. ഇതുമായി ബന്ധപ്പെടാത്ത മറ്റൊരു വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ സ്പീക്കർ കുറെ ദിവസമായി ഈ സഭയിലില്ല. എന്താണ് കാരണം? ബഹുമാന്യനായ സ്പീക്കർ വക്കം പുരുഷോത്തമൻ ജോണ്ടിസ്സായി (മഞ്ഞപ്പിത്തം) ആശുപത്രിയിൽ കിടക്കുകയാണ്. ഞങ്ങൾ അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. നമ്മുടെ സ്പീക്കർ ഡൽഹിയിലെ കേരളാ ഹൗസിൽ താമസിച്ചതുകൊണ്ടാണ് അദ്ദേഹത്തിന് രോഗം പിടിപെട്ടത്. അദ്ദേഹം മാത്രമല്ല 39 ഉദ്യോഗസ്ഥൻമാരും ആശുപത്രിയിലാണ്. ഈ വിഷയം ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിലല്ല, പി. ഡബ്ല്യു. ഡി.-യുടെ കീഴിലല്ല, പൊതുഭരണത്തിന്റെ കീഴിലല്ല. അങ്ങനെ വരുന്ന ഒരു വകുപ്പായതുകൊണ്ട് ഞാൻ ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടെ കുടിവെള്ളത്തിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

വിസർജ്യത്തിന്റേയും രണ്ട് പൈപ്പുകൾ ഒന്നായി ലിങ്ക് ചെയ്തു. അതുമൂലമാണ് സ്പീക്കറും 39 ഉദ്യോഗസ്ഥൻമാരും രോഗബാധിതരായി ആശുപത്രിയിലായത്. അതുകൊണ്ട് ഇതു പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. ഡി. സുഗതൻ: സർ, എക്സൈസ്, ഫിഷറീസ്, വനം എന്നീ വകുപ്പുമന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കൊല്ലവർഷം 1077-ലാണ് അബ്കാരി ആക്റ്റ് നിലവിൽ വരുന്നത്. അതായത് 102 വർഷത്തിനു മുൻപ് 1077-ൽ ആദ്യം കൊച്ചി രാജ്യത്താണ് ഇത് വന്നത്. പിന്നെ തിരുകൊച്ചിയായപ്പോൾ ഇങ്ങോട്ടും വന്നു. അങ്ങനെ വന്നുവന്ന് 102 വർഷം പഴക്കമുള്ള ഒരു നിയമമാണ് ഇത്. ഇത് തുടങ്ങിയപ്പോൾ കള്ളിന്റെ കാര്യം മാത്രമാണ് കൈകാര്യം ചെയ്തിരുന്നത്. ആദ്യം കള്ളുമാത്രമാണെന്ന് പറയാൻ കാരണം ഒരു പ്രത്യേക സമുദായമാണ് കേരളത്തിൽ കള്ളിന്റെ ഉൽപ്പാദനവും കച്ചവടവും നടത്തിക്കൊണ്ടിരുന്നത്. രാജഭരണകാലത്തുതന്നെ ഈ തൊഴിലിനെ സംരക്ഷിക്കാനും ആ വ്യാപാരത്തെ റെഗുലേറ്റ് ചെയ്യാനുമൊക്കെയാണ് അബ്കാരി ആക്ട് കൊണ്ടുവന്നിട്ടുള്ളത്. പിൽക്കാലത്ത് ചാരായം, ഫോറിൻ ലിക്വർ ഇതെല്ലാം വന്നു. ആദ്യമായിട്ട് കള്ള് വ്യവസായത്തെ, അല്ലെങ്കിൽ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി രാജഭരണ കാലത്തുതന്നെ അംഗീകരിച്ചു കൊടുത്തിട്ടുള്ള ഒരു കാര്യമാണ്. ഖേദകരമായിട്ടുള്ള ഒരു കാര്യം പറയട്ടെ നമ്മുടെ ജനകീയ ഗവൺമെന്റുകൾ കഴിഞ്ഞ ഗവൺമെന്റായാലും ഈ ഗവൺമെന്റായാലും കള്ള് വ്യവസായത്തിന് എതിരായും ഫോറിൻ ലിക്വർ പ്രോൽസാഹിപ്പിക്കുന്നതുമായ ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. അത് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായാലും തെറ്റാണ്. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലാണെങ്കിൽ വീര്യം കുറഞ്ഞ മദ്യം പ്രോൽസാഹിപ്പിക്കണം, വീര്യം കൂടിയ മദ്യം നിരോധിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ മറിച്ചാണ് സംഭവിച്ചിരിക്കുന്നത്. ബിയറിനേക്കാൾ വീര്യം കുറഞ്ഞതാണ് കള്ള്. കള്ളിൽ ആൽക്കഹോൾ കണ്ടന്റ് എട്ട് ശതമാനംവരെയുള്ളു. അപ്പോൾ കള്ളിനെ നിരുൽസാഹപ്പെടുത്തുന്ന തരത്തിൽ 1610 ഷാപ്പുകൾ ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇപ്പോൾ കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലാളികളും അനുബന്ധ തൊഴിലാളികളുമായി ഏതാണ്ട് 75,000-ത്തോളം ആളുകൾ ഈ രംഗത്തുണ്ട്. അപ്പോൾ ആ തൊഴിലാളികളുടെ ജോലി നഷ്ടമാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഈ വ്യവസായത്തെ ഒരു പരമ്പരാഗത വ്യവസായമായി കാണണം. മദ്യമെന്നു പറയുമ്പോൾ ചാടിവീണ് എതിർക്കുന്ന സമീപനം ശരിയല്ല. ആദർശവാദികൾക്കും സാംസ്കാരിക നായകൻമാർക്കുമൊക്കെ മദ്യത്തെക്കുറിച്ച് എങ്ങനെ വേണമെങ്കിലും പറയാൻ കഴിയും. പക്ഷെ പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഇതിന്റെ പിന്നിലൊരു സമൂഹമുണ്ട്. അതുമായി ബന്ധപ്പെട്ട് ജീവിക്കുന്ന സമൂഹത്തോടുള്ള സാമൂഹിക പ്രതിബദ്ധത ഇതുമായി ബന്ധപ്പെട്ട് കാണണം. ഇപ്പോൾ അത് കാണുന്നില്ല. വിദേശ മദ്യഷാപ്പുകളെ അനുകൂലിക്കുകയും കള്ള് ഷാപ്പുകളെ എതിർക്കുകയും ചെയ്യുന്ന ഒരു സമീപനം ഒരിക്കലും ശരിയല്ല. വിദേശ മദ്യഷാപ്പുകളുടെ ദൂരപരിധി 200 മീറ്ററാണെങ്കിൽ കള്ള് ഷാപ്പുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

ദൂരപരിധി 400 മീറ്ററാണ്. എല്ലാ വർഷവും കള്ളുഷാപ്പുകളുടെ എണ്ണം കുറയുകയും വിദേശ മദ്യഷാപ്പുകളുടെ എണ്ണം കൂടുകയുമാണ് ചെയ്യുന്നത്. ഇതൊക്കെ ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായിട്ടുള്ള കാര്യമൊന്നുമല്ല. നമ്മൾ യാഥാർത്ഥ്യം മറന്നിട്ട് കാര്യമില്ല. കേരളത്തിൽ ഒരു വർഷം 37 കോടി ലിറ്റർ മദ്യമാണ് എല്ലാപേരുമായി കുടിച്ചുതീർക്കുന്നത്. ഫോറിൻ ലിക്കർ 11 കോടിയോളം ലിറ്റർ വരും. കള്ള് 23 കോടി ലിറ്റർ വരും. ബിയർ 3 കോടി ലിറ്റർ വരും. മൂന്നേമുക്കാൽ കോടി വരുന്ന ജനങ്ങളിൽ രണ്ടു കോടി സ്ത്രീകളെ മാറ്റിയാൽ ബാക്കിവരുന്നത് ഒന്നേമുക്കാൽ കോടി ജനങ്ങളാണ്. അതിൽതന്നെ കുട്ടികളുമുണ്ട്. ബാക്കിയുള്ള ആളുകൾ കുടിച്ചു തീർക്കുന്നത് 37 കോടി ലിറ്റർ മദ്യമാണ്. നമ്മുടെ സംസ്ഥാനത്ത് മദ്യം കഴിക്കണമെന്നുള്ളവർക്ക് കഴിക്കാം. ആവശ്യമുള്ളവർക്ക് കൊടുക്കാനുള്ള സൗകര്യങ്ങളുണ്ട്. നമ്മുടെ രാജ്യത്ത് മദ്യം നിരോധിച്ചിട്ടില്ല. ഇതിൽ നിന്നു കിട്ടുന്ന വരുമാനം ചെറുതല്ല. 37 കോടി ലിറ്റർ മദ്യത്തിന്റെ വിറ്റുവരവും നികുതിയുമെല്ലാം കൂടി നോക്കിയാൽ 1811.55 കോടി രൂപയാണ് നമ്മുടെ ഖജനാവിലേയ്ക്ക് വരുന്നത്. ഇതിനുവേണ്ടി ചെലവുവരുന്നത് 29 കോടി രൂപയാണ്. തിരിച്ചു കിട്ടുന്ന കാശ് 1811.55 കോടി രൂപയാണ്. അപ്പോൾ ഇത് പൊൻമുട്ടയിടുന്ന താറാവുതന്നെയാണ്. അതിനെ കൊല്ലരുതെന്ന അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. ഈ വകുപ്പിലാണെങ്കിൽ എഴുപത് ശതമാനത്തോളം ആളുകൾക്കും ട്രെയിനിംഗ് ഇല്ല. ആകെയുള്ള ജീവനക്കാർ 3605-ആണ്. കള്ളുവാറ്റ് പിടിക്കാൻ പോകുന്നവർക്ക് ആയുധമില്ല, ഒരു പരിശീലനവും ഇല്ല. അവർ പോയി എന്തെങ്കിലും ചെയ്തിട്ട് വരുക എന്നുള്ളമട്ടാണ്. എക്സൈസ് ഓഫീസുകളുടെ കാര്യമെടുത്താൽ അറുപത് ശതമാനവും വാടക കെട്ടിടങ്ങളിലാണ്. ഇടിഞ്ഞു പൊളിഞ്ഞ ആഫീസുകളാണ്. അവിടെ ഫോൺ ഇല്ല. 50 വാഹനങ്ങളുണ്ട്. ഇതൊക്കെ 15 വർഷത്തെ പഴക്കമുള്ളവയാണ്. യാതൊരു സൗകര്യവും ചെയ്തുകൊടുക്കാത്ത ഒരു വകുപ്പാണെന്നുള്ളതിനുള്ള തെളിവുകളാണ് ഇതൊക്കെ. ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റുമെന്റിൽ പറഞ്ഞിട്ടുള്ളത് 2003-2004 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പിന്റെ നവീകരണമെന്ന ശീർഷകത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അഞ്ചു കോടി രൂപയായിരുന്നെങ്കിലും വർഷാവസാനം 67 ലക്ഷം രൂപമാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. അവശേഷിച്ച 4.33 കോടി രൂപയിൽ വർഷാവസാനം സറണ്ടർ ചെയ്ത 3.1 കോടി രൂപയൊഴിച്ച് മറ്റിനങ്ങളിലേയ്ക്ക് ധനപുനർവിനിയോഗം വഴി മാറ്റിയിട്ടുണ്ടായിരുന്നു. ഇതെന്ത് കഷ്ടമാണ്. എല്ലാ ആരോപണവും കേൾക്കുന്ന പോലീസ് കാളിസ് വണ്ടിയിലാണ് പോകുന്നത്. എന്നാൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ അവർക്ക് 15 വർഷം പഴക്കമുള്ള പൊളിഞ്ഞ വണ്ടികളാണുള്ളത്. ഇവർക്ക് അനുവദിച്ച കാശ് ഉപയോഗിച്ചിട്ടില്ല. അത് തിരിച്ചു കൊടുത്തു.

ശ്രീ. തമ്പാനൂർ രവി: സർ, അങ്ങ് ധനകാര്യവകുപ്പു മന്ത്രിയുടെ സ്റ്റേറ്റ്മെന്റ് വായിക്കുകയുണ്ടായി. ബഡ്ജറ്റിൽ അഞ്ചു കോടി രൂപ വകയിരുത്തിയ സ്ഥാനത്ത് 67 ലക്ഷം രൂപ ചെലവഴിച്ചിട്ട് ബാക്കി മാറ്റിവച്ചു. പല വകുപ്പുകളിലും ബഡ്ജറ്റ് വിഹിതം പോരെന്നു പറഞ്ഞ് ബഹളമുണ്ടാക്കുന്ന കാലത്ത് ഇത് ചെലവാക്കാത്തതിന്റെ പേരിൽ ഉത്തരവാദപ്പെട്ട ഏതുദ്യോഗസ്ഥനായാലും അവരുടെ പേരിൽ നടപടിയെടുക്കണമെന്ന കാര്യത്തിൽ അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ: അങ്ങ് പറഞ്ഞത് ശരിയാണ്. ഞാൻ പറഞ്ഞു വരുന്നത് ഇത്രയുമൊക്കെ വരുമാനമുണ്ടാകുന്ന ഒരു വകുപ്പിൽ, വളരെ കുറഞ്ഞ ചെലവുമാത്രമുള്ള ഈ വകുപ്പിൽ ഇത്രയും നിരുത്തരവാദപരമായ കാര്യങ്ങൾ ആരു ചെയ്താലും അത് പരിശോധിക്കണം. ഇപ്പോൾ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന പുതിയ മന്ത്രി പ്രതിബദ്ധതയോടുകൂടി ഈ വകുപ്പ് കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. പി. സി. ജോർജ്ജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഈ വകുപ്പ് വേണ്ടെന്നു പറഞ്ഞ മാസ്റ്ററാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. ബഹുമാനപ്പെട്ട മാസ്റ്റർ മദ്യം ഘട്ടം ഘട്ടമായി നിർത്തുമെന്ന് പ്രഖ്യാപിച്ച ഒരു മുന്നണിയുടെ എം. എൽ. എ.-യുമാണ് ഇപ്പോൾ മദ്യത്തിൽ മുങ്ങി നിൽക്കുകയാണ്. ഇവിടെ ചാരായം നിരോധിച്ചപ്പോൾ പത്തിരുപതോളം ആളുകൾ ആത്മഹത്യ ചെയ്തു. ഇനി ചാരായം തിരിച്ചു കൊണ്ടുവന്നാൽ വല്ല കുഴപ്പവുമുണ്ടോ? നിങ്ങളുടെ അഭിപ്രായമെന്താണ്?

ശ്രീ. ഡി. സുഗതൻ: ഞാൻ പറയാം. ചാരായം നിർത്തിയതിന്റെ ഫലമായി അങ്ങ് പറഞ്ഞതുപോലെ പത്തിരുപതുപേരല്ല ആത്മഹത്യ ചെയ്തത്. 217 പേർ ആത്മഹത്യ ചെയ്തു. ഇതിന്റെയൊക്കെ പിന്നിൽ ഒരു വലിയ സമൂഹമുണ്ട്. ധാരാളം തൊഴിലാളികളുണ്ട്. അതുകൂടി നമ്മൾ കാണണം. നല്ല കാര്യം ചെയ്യുമ്പോൾ ആ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ എടുക്കുന്നതിനെക്കുറിച്ചു കൂടി ആലോചിക്കണമായിരുന്നു. മദ്യനിരോധനം ഘട്ടം ഘട്ടമായി നിർത്തുന്നത് ഇങ്ങനെയല്ല. വീര്യം കൂടിയ മദ്യമാണ് ആദ്യം നിരോധിച്ചു വരേണ്ടത്. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടി ശരിയായില്ല, ഇത് പുനഃപരിശോധിക്കണമെന്നുള്ളതുതന്നെയാണ് എന്റെ അഭിപ്രായം. ഇത്രയും കൂടുതൽ വരുമാനമുണ്ടാക്കിത്തരുന്ന വകുപ്പിന്റെ കാര്യത്തിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. വാഹനങ്ങളുടേയും റെയിഞ്ചോഫീസുകളുടേയും കാര്യങ്ങളൊക്കെ ഞാൻ നേരത്തെ പറഞ്ഞു. എല്ലാ എക്സൈസ് ആഫീസ് കെട്ടിടങ്ങളുടെയും സ്ഥിതി വളരെ മോശമാണ്. ഇതിൽ ഏറ്റവും ഗൗരവതരമായി എടുക്കേണ്ട ഒരു കാര്യം, ഒരു എക്സൈസ് ഓഫീസിലും തൊണ്ടി മുറികൾ ഇല്ല. തൊണ്ടിസാധനങ്ങൾ പിടിച്ച് ഒന്നിച്ചു കൂട്ടിയിടുകയാണ്. അതുപോലെ ലോക്കപ്പ് റൂം ഇല്ല. അങ്ങനെയൊക്കെയുള്ള ഒരുപാട് ബുദ്ധിമുട്ടുകളുണ്ട്. അബ്കാരി ആക്ടിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റം, ഒരു ലക്ഷം രൂപയും പത്ത് വർഷത്തെ തടവുമെന്നൊക്കെ എഴുതിവച്ചിട്ടുണ്ട്. ഒരു രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ? അതൊക്കെ നടക്കുന്ന കാര്യങ്ങളല്ല. കോംപൗണ്ടിംഗ് സിസ്റ്റമായിരുന്നെങ്കിൽ വകുപ്പിന് നല്ലതായിരുന്നു. കുറെക്കൂടി ഫലപ്രദമായി പരിഹരിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ട് ശിക്ഷ വർദ്ധിപ്പിച്ചിട്ടോ പബ്ളിസിറ്റിക്കുവേണ്ടി ചെയ്തിട്ടോ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകില്ല. കോംപൗണ്ടിംഗ് സിസ്റ്റം തിരികെ കൊണ്ടുവരുന്നതാണ് നല്ലതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: തൊണ്ടിസാധനം സൂക്ഷിക്കാൻ എക്സൈസ് വകുപ്പിന് സംവിധാനമില്ലെന്നുള്ളതും മറ്റ് സാക്ഷിയുടെ കാര്യങ്ങളുമൊക്കെ അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പലപ്പോഴും എക്സൈസ് വകുപ്പ് തൊണ്ടിസാധനം കണ്ടെടുക്കുന്നതുതന്നെ അഡ്ജസ്റ്റുമെന്റിന്റെ രീതിയിലാണ് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കോൺട്രാക്ടർമാരുമായിട്ടുള്ള ധാരണയുടെ കാര്യങ്ങളുണ്ട്. അഡ്ജസ്റ്റുമെന്റിന്റെ അടിസ്ഥാനത്തിൽ ദൂരപരിധി ലംഘിച്ചുകൊണ്ട് ഒരു ഷാപ്പ് അനുവദിക്കുന്നുവെന്ന് പറഞ്ഞ് ഒരു പരാതി കൊടുത്തു. ആ പരാതി അന്വേഷിക്കാൻ വന്ന എക്സൈസ് ഉദ്യോഗസ്ഥർ കോൺട്രാക്ടറുടെ വണ്ടിയിലാണ് ഈ സ്ഥലത്തുവന്നത് എന്ന സംഭവം നമ്മുടെ നാട്ടിൽ വളരെ ചർച്ചാവിഷയമായി. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡി. സുഗതൻ: അങ്ങ് പറഞ്ഞ അഭിപ്രായം എനിക്കില്ല. വിലകുറഞ്ഞ മദ്യം കിട്ടാതെ വരുന്നതുകൊണ്ടാണ് കള്ളവാറ്റ് ഉണ്ടാകുന്നത്. ചാരായനിരോധനത്തിനുശേഷം വിലകുറഞ്ഞ മദ്യമില്ല ബഹുമാനപ്പെട്ട ബാലൻ പറഞ്ഞതുപോലെ നമ്മുടെ ഷുഗർ മിൽ ഏറ്റെടുത്ത് വില കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കാൻ കഴിയും. മരംകയറ്റ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി കഠിനാദ്ധ്വാനം ചെയ്യുന്ന പാവപ്പെട്ട ആളുകളാണ് മദ്യം കഴിക്കുന്നത്. അവർക്ക് വില കുറഞ്ഞ മദ്യം കിട്ടിയില്ലെങ്കിൽ വിലകുറഞ്ഞ മദ്യംവാങ്ങിക്കാൻ അവർ പോകും. അങ്ങനെയാണ് ഇവിടെ കള്ളവാറ്റ് നടക്കാൻ ഇടയാകുന്നത്. കള്ളവാറ്റിൽ പിടിക്കുന്നവരെല്ലാം പാവപ്പെട്ട ആളുകളാണ്. പലപ്പോഴും ജീവിക്കാൻ മാർഗ്ഗമില്ലാതെ സ്ത്രീകളാണ് ഇത് ചെയ്യുന്നത്. കള്ളവാറ്റ് നിയന്ത്രിക്കാൻ കഴിയണമെങ്കിൽ പോലീസിനെ ഉപയോഗപ്പെടുത്തുന്നതിനേക്കാളുപരി അതില്ലാതാക്കാൻ നോക്കണം, മദ്യം നമ്മുടെ നാട്ടിൽ ആവശ്യമുണ്ട്. തൊഴിലാളികൾക്കൊക്കെ ഇത് വേണം. വിലകുറഞ്ഞ മദ്യം കൊടുക്കുന്നതിനെക്കുറിച്ച് നമ്മുടെ എക്സൈസ് വകുപ്പ് ആലോചിക്കണം. തമിഴ്നാട്ടിൽ 15 രൂപയ്ക്ക് ചെറിയ ബോട്ടിൽ കൊടുക്കുന്ന സംവിധാനമുണ്ട്. വിലകുറഞ്ഞ മദ്യം നമ്മുടെ ബിവറേജസ് കോർപ്പറേഷൻ വഴി കൊടുക്കണം. നമുക്ക് ഷുഗർ മില്ലുകളുണ്ട്. അതുവഴി ഉല്പാദിപ്പിച്ച് കൊടുക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. ബിവറേജസ് കോർപ്പറേഷന്റെ ഒരുപാട് ഔട്ട്ലെറ്റുകളുണ്ട്. ഇനി ഈ ഔട്ട്ലെറ്റുകൾ കള്ളുഷാപ്പിനടുത്തും ബാറുകളുടെയടുത്തും സ്ഥാപിച്ചാൽ രണ്ടും ഇല്ലാതാകും. അതിൽ ദൂരപരിധി കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. കള്ളവാറ്റ് ഫലപ്രദമായി തടയണമെങ്കിൽ വിലകുറഞ്ഞ മദ്യമുണ്ടാക്കാൻ നമുക്ക് കഴിയണം.

ശ്രീ. പി. ടി. തോമസ്: മദ്യപാന രംഗത്ത് ഒരു പുതിയ നയം രൂപീകരിക്കണമെന്ന കാര്യത്തെക്കുറിച്ചാണല്ലോ അങ്ങ് ശക്തമായി അവതരിപ്പിക്കുന്നത്. സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും മദ്യമാണ് കള്ള് എന്ന് അങ്ങ് പറയുകയുണ്ടായി. കള്ളോളം നല്ലൊരു വസ്തു എന്നൊക്കെ പറയുന്ന നാടൻ പാട്ടുകളുണ്ട്. യഥാർത്ഥത്തിൽ ധാരാളം നല്ല കള്ളുകൾ നാട്ടിൽ കൊടുത്ത് പാവപ്പെട്ടവർക്ക് സഹായം ചെയ്യാനുള്ള നടപടിയല്ലേ ഈ നയത്തിൽ മാറ്റം വരുത്തിക്കൊണ്ട് ഉണ്ടാകേണ്ടത്? അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ: മര്യാദയ്ക്കും മാന്യമായും കുടിക്കുന്നതുകൊണ്ട് കുഴപ്പമില്ല. മദ്യപാനത്തിനുവേണ്ടി പഞ്ചശീലങ്ങളുണ്ട്. പകലരുത്-പകൽ കുടിക്കാൻ പാടില്ല, പതിവരുത്-പതിവായിട്ട് കുടിക്കാൻ പാടില്ല, പലരരുത്-പലരുടെകൂടെ കുടിക്കാൻ പാടില്ല, പറയരുത്-പറഞ്ഞുകൊണ്ട് നടക്കരുത്, പഴമരുത്. അങ്ങനെ അഞ്ച് തത്വങ്ങൾ. ഇങ്ങനെ പഞ്ചശീലതത്വം പാലിച്ചുകൊണ്ട് കുടിച്ചാൽ കുഴപ്പമുണ്ടാകുകയില്ല. മദ്യപിക്കുന്നത് മഹാപാപമാണെന്നുള്ള ധാരണ വേണ്ട. നിയമപരമായി അനുവദിക്കുന്നിടത്തോളംകാലം അത് മാന്യമായി നടത്താനുള്ള സംവിധാനം ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യമേഖലയെക്കുറിച്ച് പറയുമ്പോൾ 16 കിലോമീറ്റർ തീരപ്രദേശമുള്ള ഒരു നിയോജകമണ്ഡലമാണ് എന്റേത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രമഫലമായി എന്റെ നിയോജക മണ്ഡലത്തിൽ ഒരു ഫിഷിംഗ് ഹാർബർ അനുവദിച്ചിട്ടുണ്ട്. അതിന് നന്ദി രേഖപ്പെടുത്തുകയാണ്. എനിക്ക് ഈ കാര്യത്തിൽ പറയാനുള്ളത്, മത്സ്യ നയം വായിച്ചു. വളരെ നന്നായിരിക്കുന്നു. കടലാക്രമണം ഉണ്ടാകുമ്പോൾ ഫലപ്രദമായ പരിഹാരമുണ്ടാക്കാൻ ഒരു നടപടിയും ഉണ്ടാകുന്നില്ല. മത്സ്യത്തൊഴിലാളികൾക്കാണ് നഷ്ടമുണ്ടാകുന്നത്. എന്റെ മണ്ഡലത്തിൽ കടൽ കയറി പത്തുപതിനെട്ടോളം ആളുകളുടെ വീടുകൾ പോയി. ഇപ്പോൾ സ്കൂളിൽ താമസിപ്പിച്ചിരിക്കുകയാണ്. അവിടുന്ന് അവരെ ഇറക്കാൻവേണ്ടി സ്കൂളിലെ വിദ്യാർത്ഥികൾ സമരത്തിലാണ്. ഇങ്ങനെ കടലാക്രമണമുണ്ടായി വീടുകളും സ്ഥലവും നഷ്ടപ്പെട്ടവരെ ഫലപ്രദമായി സഹായിക്കാൻ നമുക്ക് വ്യവസ്ഥയില്ല. കുറച്ചുദിവസം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ വരും, സ്കൂളുകളിൽ താമസിപ്പിക്കും, പിന്നെ ഇറക്കിവിടും. സ്ഥലം പഞ്ചായത്ത് കൊടുക്കണമെന്നു പറയും. പഞ്ചായത്തും റവന്യൂവും തമ്മിൽ തർക്കമാകും. അവസാനം സ്ഥലവും കൊടുക്കുകയില്ല, കാര്യവും നടക്കുകയില്ല. ഫിഷറീസ് വകുപ്പുതന്നെ അത് മോണിറ്റർ ചെയ്യണം. കടലാക്രമണമുണ്ടാകുമ്പോൾ വീടു നഷ്ടപ്പെട്ടവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം. എന്റെ ജില്ലയിൽ വനമില്ല. ഗാന്ധിസ്മൃതിവനം പദ്ധതി എന്ന പേരിൽ ഒരു വനം വച്ചു പിടിപ്പിക്കാനായി കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹം തന്നെ പുറക്കാട് പഞ്ചായത്തിൽ തറക്കല്ലിട്ട് ആരംഭിച്ച ഒരു പദ്ധതിയുണ്ട്. 450 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇനിയും കുറച്ചു സ്ഥലംകൂടി ഏറ്റെടുത്താൽ തുടങ്ങാൻ കഴിയും. ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും ആ പദ്ധതി ആലപ്പുഴ ജില്ലയിൽ തുടങ്ങാനുള്ള നടപടികൾ ആരംഭിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. ഷിബു ബേബിജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ വളരെ മികച്ച പെർഫോമൻസാണ് കാഴ്ച വച്ചിട്ടുള്ളതെന്ന് ഇവിടെ നടന്ന ചർച്ച ശ്രവിച്ചപ്പോൾ മനസ്സിലായി. കാരണം എന്നും ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുന്ന എക്സൈസ് വകുപ്പിനെക്കുറിച്ച് പ്രതിപക്ഷത്തിനുപോലും ഒന്നും പറയാനില്ല. ക്രിയാത്മകമായി എന്തെങ്കിലും നിർദ്ദേശം പറയുന്നത് ഭരണപക്ഷമാണ്. പിന്നെ വനം വകുപ്പ്. സുധാകരേട്ടൻ ഇവരുടെ ആജൻമശത്രുവായതുകൊണ്ട് കുഞ്ഞിരാമനെങ്കിലും

വനം വകുപ്പിനെക്കുറിച്ച് പറയും. ശത്രുതയുടെ അടിസ്ഥാനത്തിൽ പറയുന്ന തല്ലാതെ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറയാനൊന്നുമില്ലായെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എനിക്ക് ഇപ്പോൾ എക്സൈസ് വകുപ്പിനെ സംബന്ധിക്കുന്ന ഒരു കാര്യത്തിൽ വളരെ സന്തോഷം തോന്നുന്നു. ഞാൻ മൂന്നു വർഷം മുമ്പ് ആദ്യമായി നിയമസഭയിലേയ്ക്ക് വന്നപ്പോൾ അന്ന് ഞാൻ പറഞ്ഞ ആശയത്തോട് ശ്രീ. ഡി. സുഗതൻ അടക്കം ശ്രീ. പി. സി. ജോർജ്ജ് പോലും യോജിക്കുന്ന നിലപാടിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ശോഭനാ ജോർജ്ജ് പല ദൈവങ്ങളേയും ഉദ്ധരിച്ചുകൊണ്ട് ഇതിന്റെ ദോഷവശങ്ങളെക്കുറിച്ച് പറയുകയുണ്ടായി. മുപ്പത്തിമുക്കോടി ദൈവങ്ങൾ കാവൽ നിന്നാലും കുടിക്കേണ്ടവൻ കുടിക്കുമെന്നുള്ളത് സത്യമാണ്. ഇവിടെ ബഹുമാനപ്പെട്ട സുഗതൻ പറഞ്ഞതുപോലെ വില കുറഞ്ഞ മദ്യം കൊടുത്ത് കരൾ വാട്ടാതെ വ്യാജമദ്യം ഒഴിവാക്കാനുള്ള ധീരോദാത്തമായ നടപടിയെടുക്കണം. അത് നടക്കുമോ ഇല്ലയോ എന്നുള്ളത് വേറെ കാര്യം. ഞാൻ പറയാനിരുന്ന ഒരു കാര്യം മുൻകൂട്ടി സുഗതൻ പറഞ്ഞു. ഞങ്ങളൊക്കെ ഒരേ സ്വഭാവക്കാരായതു കൊണ്ടായിരിക്കാം. ഇത് പൊൻമുട്ടയിടുന്ന താറാവാണ്. അടുത്ത കാലത്ത് ബാറുകളെ സംബന്ധിച്ചിടത്തോളം ക്യാബിനറ്റ് എടുത്ത തീരുമാനം മറികടന്നു കൊണ്ട് പല സ്ലാബുകളിലാക്കി വരുമാനം വർദ്ധിപ്പിക്കുന്ന നടപടികളെക്കുറിച്ച് വായിച്ചു. അതിനെ കൊല്ലരുത്. ഏറ്റവും കൂടുതൽ വരുമാനം കിട്ടുന്ന മേഖല എന്നുള്ള നിലയിൽ കൊല്ലുന്ന നടപടിയിലേയ്ക്ക് പോകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. എനിക്ക് അതിനെക്കാളും ഗൗരവമായി ഇവിടെ പരാമർശിക്കാനുള്ളത് ഫിഷറീസിനെക്കുറിച്ചാണ്. കേരളത്തിന്റെ തീരപ്രദേശത്ത് ലക്ഷോപലക്ഷം ജനങ്ങൾ പണിയെടുത്ത് ഉപജീവനമാർഗ്ഗം കഴിക്കുന്ന ഒരു മേഖലയാണിത്. സ്വതന്ത്ര ഇൻഡ്യയിൽ ഇത്രയും വലിയ കോസ്റ്റൽ ലൈൻ ഉള്ള സംസ്ഥാനമായിട്ടും ഈ മേഖലയ്ക്ക് അർഹമായ പ്രാധാന്യം കൊടുത്തിട്ടില്ലായെന്നുള്ളതാണ് സത്യം. 65-ഓളം മന്ത്രിമാർ ഇപ്പോൾ സത്യപ്രതിജ്ഞ ചെയ്തു. ഫിഷറീസിന് ഒരു വകുപ്പില്ല. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ കീഴിൽ അഗ്രികൾച്ചറിനോടൊപ്പമാണ് ഫിഷറീസിനെ പെടുത്തിയിരിക്കുന്നത്. അതുതന്നെ ഈ മേഖലയോടുള്ള അവഗണനയാണ് കാണിക്കുന്നത്. അത്രയ്ക്കും നിസ്സാരമായി ഈ ജനവിഭാഗത്തെ തള്ളിക്കളയുന്നതിന്റെ ഉദാഹരണമാണ് ഇത്. ഇന്ന് ഈ സഭയിൽ ഇരുപക്ഷത്തും ഇരിക്കുന്നവർ, ഒരു ഭാഗം ഒപ്പിടാതെ പിന്തുണയ്ക്കും, മറ്റുള്ളവർ ഒപ്പിട്ടുകൊണ്ട് പിന്തുണയ്ക്കും. ഇതാണ് വ്യത്യാസം. രണ്ടു കൂട്ടരുംകൂടി ചേർന്നുകൊണ്ട് ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ സമ്മർദ്ദം ചെലുത്തി ഫിഷറീസ് വകുപ്പ് ഗവൺമെന്റ് ഓഫ് ഇൻഡ്യ തലത്തിൽതന്നെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിൽ അനേകം പ്രതികൂല സാഹചര്യങ്ങളുണ്ടായിരുന്നിട്ടും ചുരുങ്ങിയ മൂന്നുവർഷ കാലയളവിനുള്ളിൽ മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് പല ക്ഷേമപ്രവർത്തനങ്ങളും നടത്താൻ ആത്മാർത്ഥമായി പരിശ്രമിച്ച മന്ത്രിയാണ് പ്രൊഫ. കെ. വി. തോമസ് എന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. പക്ഷേ അതുകൊണ്ട് മതിയോ? പരിമിതമായ റിസോഴ്സ് അല്ലേ നമുക്കുള്ളത്? കഴിഞ്ഞ ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളികളുടെ ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി 70 ലക്ഷം രൂപയാണ് മാറ്റിവച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പലരും പരാമർശിച്ചപ്പോൾ ഈ മേഖലയിലെ കടലാക്രമണത്തെ കുറിച്ച് പറയുകയുണ്ടായി. എന്റെ മണ്ഡലത്തിൽ കടലാക്രമണം ഉണ്ടാകുമ്പോൾ അവിടെയുള്ളവർ പറയുന്നത് അവിടെ മൈനിംഗ് നടക്കുന്നു, കരിമണൽ ശേഖരിക്കുന്നു അതുകൊണ്ടാണ് എന്നാണ്. ഇരവിപുരത്ത് ബഹുമാനപ്പെട്ട അസീസിന്റെ മണ്ഡലത്തിൽ അതിരൂക്ഷമായ കടലാക്രമണം നടക്കുമ്പോൾ അവർ പറയുന്നത് ബ്രേക്ക് വാട്ടർ വന്നതുകൊണ്ട് എന്നാണ്. പക്ഷേ ഇതിന്റെ യഥാർത്ഥ്യമെന്താണെന്ന് ഈ നിയമസഭ ഗൗരവമായി കാണേണ്ടതാണ്. ഗ്ലോബൽ വാമിംഗിന്റെ ഭാഗമായി മഞ്ഞ് ഉരുകുന്നു. സീ ലെവൽ ഉയരുന്നു. അത് ബാധിക്കുന്നത് ട്രോപ്പിക്കൽ കൺട്രിയിലാണ്. ഓരോ വർഷം കഴിയുംതോറും അത് വർദ്ധിക്കാൻ പോവുകയാണ്. ഇപ്പോഴേ മുൻകൂട്ടി കണ്ടുകൊണ്ട് ഗവൺമെന്റ് പ്രവർത്തിച്ചില്ലെങ്കിൽ മത്സ്യത്തൊഴിലാളി എന്ന് പറയുന്ന വിഭാഗം പൂർണ്ണമായും നഷ്ടപ്പെടും. സീ ലെവൽ റെയ്സ് ചെയ്യുന്നതാണ് അതിന്റെ പ്രധാന കാരണം. കടൽഭിത്തി കെട്ടി അത് സംരക്ഷിക്കേണ്ടതുണ്ട്. അതുകൊണ്ടൊന്നും സംരക്ഷിക്കാൻ പറ്റാത്ത രീതിയിലേയ്ക്ക് സീ ലെവൽ റെയ്സ് ചെയ്യും എന്നുള്ളതാണ് സത്യാവസ്ഥ. അതുകൊണ്ട് അത് മുൻകൂട്ടി കണ്ടുകൊണ്ട് വീട് നഷ്ടപ്പെട്ടവർക്ക് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇപ്പോൾ 1 ലക്ഷം രൂപയുടെ സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. പക്ഷേ അവർ വീണ്ടും കടൽപ്പുറത്ത് പോയി വീടുവച്ചാലുള്ള സ്ഥിതി എന്താണ്? അടുത്ത വർഷം ഇതിൽ നിന്നും രൂക്ഷമായി കടലാക്രമണം നടക്കാൻ പോവുകയാണ്. അന്നേരം അവരുടെ സ്ഥിതി എന്തായിരിക്കും? വീണ്ടും വീട് നഷ്ടപ്പെടും. ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി കൊടുക്കാനുള്ള നടപടി ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. അവരോട് ആത്മാർത്ഥതയുണ്ടെങ്കിൽ ഭൂമി കൊടുത്ത് അവർക്ക് അവിടെ വീട് വച്ച് കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. എങ്കിൽ മാത്രമേ അവരെ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. അക്കാര്യം വളരെ ഗൗരവമായി എടുക്കണം. അല്ലെങ്കിൽ ആ സമൂഹം തന്നെ ഇല്ലാതാകും എന്നതിൽ യാതൊരു തർക്കവുമില്ല. ബഹുമാനപ്പെട്ട മന്ത്രി അനേകം നടപടികൾ കൈവരിക്കുന്നുണ്ടെങ്കിൽപോലും ഇന്നും പിന്നോക്കാവസ്ഥയിലാണ് അവരുടെ ജീവിത സാഹചര്യങ്ങൾ. സാഹിത്യകാരൻമാർ പലരും പറയും ആദിവാസികളെക്കുറിച്ച് പറയുന്നത് ഫാഷനാണെന്നൊക്കെ. പക്ഷേ മലയാളികളായ നാം എല്ലാവരും രുചിച്ച് കഴിക്കുന്ന മത്സ്യം വേണമെങ്കിൽ മത്സ്യത്തൊഴിലാളി വേണം. ബഡ്ജറ്റ് അലോക്കേഷൻ വളരെ അപര്യാപ്തമാണ്. തീരപ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? കൈവശാവകാശരേഖ എങ്ങനെ കൊടുക്കാൻ സാധിക്കും? ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി മുൻകൈ എടുത്തുകൊണ്ട് തീരപ്രദേശത്തെ തൊഴിലാളികൾക്ക് കൈവശാവകാശരേഖയെങ്കിലും കൊടുത്ത് അവരും മനുഷ്യരാണെന്നുള്ള നിലയിൽ മറ്റുള്ളവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ അവർക്കുകൂടി ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടി ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ മത്സ്യത്തൊഴിലാളി വിഭാഗം ഏറ്റവും കൂടുതൽ ദുശ്ശീലങ്ങൾക്കും വളരെ ചെറുപ്പത്തിൽ തന്നെ മദ്യത്തിന് അടിമയാകുന്നവരുമാണ്. നിസർവേഷനൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ വളരെ വിവാദമാകുന്ന കാലഘട്ടമാണ്. പക്ഷേ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എന്താണ്? ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥയാണ് ഇവർ ഉന്നമനത്തിലേയ്ക്ക് വരാതിരിക്കാനുള്ള പ്രധാന കാരണം. ഇതാണ് നരേന്ദ്രൻ കമ്മീഷൻ പറഞ്ഞിരിക്കുന്നത്. അതിന്റെ ആനുകൂല്യം കിട്ടുന്നത് പണം ഉള്ളവർക്കും ഉന്നതരായിട്ടുള്ളവർക്കുമാണ്. കടലിൽ പോകുന്നവന്റെ മക്കൾ 14 വയസ്സാകുമ്പോൾ അവനും കടലിൽ തന്നെ പോകും. അവനും രാവിലെ കള്ള് കുടി തുടങ്ങും. ഇതാണ് യാഥാർത്ഥ്യം. അത് മാറ്റണം. അവരെ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും അയയ്ക്കുവാൻ വേണ്ടിയുള്ള ഇൻസെന്റീവ് കൊടുക്കണം. അവർ ഇപ്പോഴും സ്കൂളിൽ പോകാൻ വിമുഖത കാണിക്കുന്നെങ്കിൽ അവർക്ക് ഇൻസെന്റീവ് കൊടുത്ത് സ്കൂളിൽ വിടാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. വിവേചനം പാടില്ല. ആ മേഖലയിൽ നിന്ന് വളർന്നു വന്ന് എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് അല്ലെങ്കിൽ സ്വാശ്രയ സെൽഫ് ഫൈനാൻസിംഗ് കോളേജിൽ അഡ്മിഷൻ കിട്ടിക്കഴിഞ്ഞാൽ അവർക്ക് ലംപ്സം ഗ്രാന്റ് കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെ രാവിലെ ഈ സഭയിൽ പലരും ഡ്രെഡ്ജിംഗിനെക്കുറിച്ച് പറഞ്ഞു. ഡ്രെഡ്ജിംഗിന് തുക മാറ്റി വയ്ക്കാതെ മത്സ്യബന്ധനം എങ്ങനെ സംരക്ഷിക്കാൻ സാധിക്കും? ഇപ്പോൾ 5 കോടി രൂപ കിട്ടിയിട്ടുണ്ട്. അത് മതിയോ? ആ മേഖലയിൽ ആത്മാർത്ഥതയുണ്ടെങ്കിൽ അവർക്ക് എന്തെങ്കിലും ചെയ്യണം. ഏഷ്യയിലെ ഏറ്റവും വലിയ ഹാർബർ ആണ് നീണ്ടകര ഹാർബർ. ദിവസവും മൂവായിരം ഫിഷിംഗ് ബോട്ട് പോയി തിരിച്ചു വരുന്ന ഒരു ഹാർബറാണ്. ഹാർബറിൽ നിന്നും സമുദ്രത്തിലേയ്ക്ക് നടന്നു പോകാൻപറ്റുന്ന രീതിയിൽ അവിടെ മണ്ണ് അടിഞ്ഞ് കിടക്കുകയാണ്. ഒരു ബോട്ട് പോലും അവിടെ പിടിക്കാൻ പറ്റാത്ത സാഹചര്യമാണ്. അതിന് പണമില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പരിമിതി എനിക്ക് മനസ്സിലാക്കാൻ സാധിക്കും. പക്ഷേ ഇനിയെങ്കിലും ദീർഘവീക്ഷണത്തോടുകൂടി അതിന് നടപടി ഉണ്ടായില്ലെങ്കിൽ ഈ വ്യവസായം തകരും. ആ രീതിയിൽ അടിയന്തിരമായി നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു കാര്യം കൂടി, മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും ഇപ്പോൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ വലിയ വിവാദമായി നടക്കുകയാണ്. സാമുദായിക മതനേതാക്കൻമാർ ഒക്കെ ഇരുവശത്തുമായി രംഗത്ത് വന്നിരിക്കുകയാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രധാന ശുപാർശ എന്നുള്ളത് ഞാൻ നേരത്തേ പറഞ്ഞതുപോലെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മാറ്റുവാൻ അതാത് സാമുദായിക നേതാക്കൻമാർ തന്നെ മുൻകൈ എടുക്കണം. പക്ഷേ സാമുദായിക നേതാക്കൻമാർ പലരും താഴെത്തട്ടിലേയ്ക്ക് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ അടക്കം ഒരു വലിയ വിഭാഗം വെള്ളം കേറാകളമായി മനുഷ്യരെ തിരിച്ചിരിക്കുകയാണ്. ഇത് കേരളത്തിന് വലിയ ആപത്താണ്. കേരളം സർവ്വനാശത്തിലേയ്ക്ക് പോകും. രക്തംചൊരിയുന്ന സ്ഥിതി കേരളത്തിൽ ഉണ്ടാകും. അത് ഒഴിവാക്കുന്നതിനായി അവരുമായിട്ട് ചർച്ച ചെയ്യുന്നതടക്കം വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥയിൽ നിന്നും അവരെ മുന്നോട്ടു കൊണ്ടുവരാനുള്ള പരിശ്രമം ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകുകയും അവരിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചെയ്യണം എന്ന് മാത്രം പറഞ്ഞു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഈ ധനാഭ്യർത്ഥനകളുടെ പ്രത്യേകത, കടലും കാടും അതിന് നടുവിൽ മദ്യവുമായിട്ടുള്ളതാണ്. ബഹുമാന്യനായ

12.00 noon.] മെമ്പർ ശ്രീ. ഡി. സുഗതൻ കടലിന്റെ മക്കളും കാടിന്റെ മക്കളുമാണ് ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്നതെന്ന രീതിയിൽ ഇവിടെ പറയുകയുണ്ടായി. കടലിന്റെ കാര്യങ്ങൾ അന്വേഷിക്കുന്ന പ്രിയപ്പെട്ട തോമസ് മാസ്റ്റർ തന്നെ എക്സൈസിന്റെ കൂടി ചുമതല വഹിക്കുന്നത് കഷ്ടമാണ്. മാഷ് നേരത്തേ പറഞ്ഞിരുന്നു ഇത് ഒരു മുൾകിരീടമാണ് എന്ന്. ദയവ് ചെയ്ത് മാഷ് അതിൽ നിന്നും എത്രയുംവേഗം മോചിതനാകണമെന്ന് ഞാൻ ആദ്യമായി പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ വനം വകുപ്പിന് ഇക്കോ ടൂറിസം രംഗത്ത് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. വനം വകുപ്പിന്റെ നേതൃത്വത്തിൽ ഇങ്ങനെ ഒരു പദ്ധതി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറഞ്ഞിരുന്നു. അതിൽ പ്രത്യേകിച്ചും നമ്മുടെ കോന്നി ഇക്കോ ടൂറിസം പദ്ധതിയെക്കുറിച്ച് പറഞ്ഞതായി ഞാൻ ഓർക്കുകയാണ്. വളരെ സാദ്ധ്യതയുള്ള ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഗൗരവമായി മുന്നോട്ട് വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സർ, നമ്മുടെ തീരദേശ മേഖലയിൽ നേരത്തെ വനവൽക്കരണം ഉണ്ടായിരുന്നു. ലോകബാങ്കിന്റെ സഹായത്തോടുകൂടി സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റ് വനവൽക്കരണം നടത്തിയിരുന്നു. ഇപ്പോൾ പലതും പോയി, കടലാക്രമണവും മണ്ണൊലിപ്പും തടയുന്നതിനുവേണ്ടി വളരെയേറെ സാദ്ധ്യത യുള്ളതാണ് ഈ തീരദേശത്തെ വനവൽക്കരണം. അതിനുവേണ്ടി പ്രത്യേകമായ ഒരു പദ്ധതിയുണ്ടാക്കണം, കൂടാതെ നമ്മുടെ നാഷണൽ ഹൈവേകൾ ഇന്ന് മരുഭൂമിയാണ്. അവിടെയുണ്ടായിരുന്ന മരങ്ങൾ വെട്ടിമുറിച്ചതുമൂലം അതിലേ സഞ്ചരിക്കുമ്പോൾ വളരെയധികം ചൂട് അനുഭവപ്പെടുന്നു. അതുകൊണ്ട് നാഷണൽ ഹൈവേകളിൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ അതിനുവേണ്ടി ഒരു ആലോചന നാഷണൽ ഹൈവേ ഡിപ്പാർട്ടുമെന്റും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടിയുള്ള ഗൗരവമായിട്ടുള്ള ഒരു അന്വേഷണം ഉണ്ടാകണം. മദ്യത്തെക്കുറിച്ച്, ചില മെമ്പർമാർ മദ്യപാനം ആരോഗ്യത്തിന് ഏറ്റവും നല്ലത്, ചങ്ങമ്പുഴ കവിത തുടങ്ങി പഞ്ചശീലങ്ങൾ വരെ ഈ സഭയിൽ പറയുകയാ യിരുന്നു. ഒരു കാരണവശാലും സംസ്ഥാനത്ത് കൂടുതൽ മദ്യവിൽപ്പന പ്രോൽസാഹിപ്പിക്കുന്ന ഒരു നടപടിയും ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ല. സമ്പൂർണ്ണ മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന് പറഞ്ഞ് പ്രകടനപത്രികയുമായി ജനങ്ങളെ സമീപിച്ച് അവർ 100 എം.എൽ.എ.-മാരെ സംഭാവന ചെയ്തുണ്ടാക്കിയ ഒരു ഗവൺമെന്റാണിത്. ജനങ്ങൾ അതുകൂടി ഉള്ളിൽവച്ചുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണിയെ അനുകൂലിച്ചത്. യാതൊരു കാരണവശാലും പുതിയ മദ്യഷാപ്പുകൾ അനുവദിക്കാനോ നിലവിലുള്ള മദ്യഷാപ്പുകൾ വിപുലീകരിക്കാനോ പാടില്ല. ആരു പറഞ്ഞാലും ശരി കേരളത്തിൽ ഘട്ടംഘട്ടമായി മദ്യഷാപ്പുകളുടെ എണ്ണവും മദ്യത്തിന്റെ

ഉപയോഗവും കുറച്ചുകൊണ്ടുവരികയാണ് വേണ്ടത്. തൊഴിലാളികൾ മദ്യപാനത്തിന് താൽപ്പര്യം കാണിക്കുന്നവരാണെങ്കിൽ അവരെ പ്രോൽസാഹിപ്പിക്കണോ? നമ്മുടെ ചില മെമ്പർമാരുടെ പ്രസംഗം കേട്ടപ്പോൾ ഇവരെല്ലാവരും മദ്യപാനത്തെ പ്രോൽസാഹിപ്പിക്കുകയാണ് എന്ന് തോന്നി, മദ്യം കഴിക്കാൻ പ്രോൽസാഹിപ്പിക്കുകയാണ്. അതിനുവേണ്ടി നമ്മുടെ പരിപാവനമായ നിയമസഭയെപ്പോലും ഉപയോഗിക്കുകയാണോ? നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ച ഏറ്റവും വലിയ ആദർശങ്ങളിൽ ഒന്ന് മദ്യത്തിന് എതിരായ സമീപനമാണ്. ദയവുചെയ്ത് നമ്മുടെ തൊഴിലാളികളിൽ മദ്യപാനം പ്രോൽസാഹിപ്പിക്കുന്ന സമീപനം ഒരിക്കലും ഉണ്ടാകരുത്. ഘട്ടംഘട്ടമായി മദ്യപാനം കുറച്ചുകൊണ്ടു വരണം, സമ്പൂർണ്ണ മദ്യനിരോധനം അപ്രായോഗികമാണെന്നറിയാം, പക്ഷെ മദ്യപാനം കുറച്ചുകൊണ്ടുവരാൻ തൊഴിലാളികളിൽ ബോധവൽക്കരണം നടത്തണം. സർ, എക്സൈസ് വകുപ്പിൽ നല്ല മിടുക്കൻമാരായ ഉദ്യോഗസ്ഥൻമാർ ഉണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനമായ ബീവറേജസ് കോർപ്പറേഷൻ കഴിഞ്ഞ കുറേ നാളുകളായി കാര്യശേഷിയോടുകൂടി സിസ്റ്റമാറ്റിക്കായി നല്ല രീതിയിൽ പ്രവർത്തിച്ചുവരികയായിരുന്നു. കരിംപൂച്ചകൾ അതിന്റെ പല സ്ഥാനങ്ങളിലേക്ക് കടന്നുവരാൻ ഇപ്പോൾ കാലടിച്ചും വാലുകൾ വീശിയും വരുന്നുണ്ട്. വളരെ സൂക്ഷിക്കണം, ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് അങ്ങ് എക്സൈസ് വകുപ്പിന്റെ കാര്യത്തിൽ പത്രത്തിൽ പറഞ്ഞ കാര്യം ഓർക്കുകയാണ്. "എക്സൈസ് വകുപ്പ് ഇഷ്ടമില്ല, ഇത് മുൾക്കിരീടമാണ്, ഒഴിവാക്കണമെന്ന്", അങ്ങുപോലും സൂക്ഷിക്കണം. നല്ല രീതിയിൽ നടന്നുപോന്നിരുന്ന ബീവറേജസ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളും എക്സൈസ് ഡിപ്പാർട്ട്മെന്റും അശുദ്ധമാക്കാൻ വേണ്ടി ചില കാടൻപൂച്ചകൾ അതിലേക്ക് കടന്നുവരുന്നുണ്ടോയെന്നുള്ള കാര്യം ഭയാശങ്കയോടുകൂടിയാണ് ഞങ്ങൾ കാണുന്നത്. അത് നശിപ്പിക്കാതിരിക്കാനുള്ള സമീപനം ഉണ്ടാകണമെന്ന് പറയുകയാണ്. മൽസ്യത്തൊഴിലാളികളെ സംബന്ധിച്ച് ഏറ്റവുംപ്രധാനപ്പെട്ട ഒരു ചർച്ച നടക്കുകയാണ്. ആദിവാസി സമൂഹത്തേക്കാൾ ദയനീയമായ സമൂഹമാണ് മൽസ്യത്തൊഴിലാളി സമൂഹം. ആദിവാസികൾക്കുവേണ്ടി നമുക്ക് ഇന്ന് ഒരുപാട് പദ്ധതികൾ ഉണ്ട്. ബഹുമാന്യരായ പ്രതിപക്ഷ നേതാക്കൻമാരൊക്കെ വയനാട്ടിലെ കർഷകരുടെ ആത്മഹത്യയെക്കുറിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ച് ഈ സഭയിൽ വലിയ സീനുകൾ ഉണ്ടാക്കി. വയനാട്ടിലെ കർഷകരുടെ ആത്മഹത്യയേയും കർഷകരുടെ പ്രശ്നങ്ങളേയും ഞങ്ങൾ സമ്മതിക്കുന്നു. അത് ദയനീയമാണ്. അവർക്ക് ആവശ്യമായ എല്ലാ പിൻബലവും കൊടുക്കണം. ഈ സഭയും നമ്മളും എല്ലാം ഒരു മനസ്സാണ്. അതിലും ദയനീയമാണ് നമ്മുടെ കടലിന്റെ മക്കളുടെ സ്ഥിതി. ആരും അത് പറയാറില്ല. ഈ നിയമസഭയിൽ തന്നെ ഇപ്പോൾ അൻപതിന് താഴെ അംഗങ്ങളാണ് ഹാജരുള്ളത്. ഈ സംസ്ഥാനത്തിന് ഇരുപത്തിയാറായിരം കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന, ഏറ്റവും വലിയ സമൂഹത്തെ ബാധിക്കുന്ന ഇത്രയും വലിയ ഗൗരവമായ ചർച്ച നടക്കുമ്പോൾ ഈ സഭയിൽ പോലും അംഗങ്ങളുടെ സാന്നിദ്ധ്യക്കുറവ്, മന്ത്രിമാരുടെ സാന്നിദ്ധ്യക്കുറവ്, അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ തമാശകൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നു. ഒരു ഗൗരവവുമില്ല. ഈ പാവപ്പെട്ടവരുടെ വിലാപങ്ങൾ കേൾക്കാൻ ആരുമില്ല. കടലാക്രമണം ഉണ്ടാകുന്നു, ഭൂമി പോകുന്നു, വീട് പോകുന്നു, ഇവിടെ നേരത്തെ പല മെമ്പർമാരും പറഞ്ഞു, അതീവ ദയനീയമാണ് നമ്മുടെ തീരദേശത്തെ ജനങ്ങളുടെ ജീവിതസാഹചര്യം. എനിക്ക് തോന്നുന്നത് ഇവരുടെ വേദന കേൾക്കാൻ ആരുമില്ലെന്നാണ്.

'കടലിന്റെ മക്കൾക്ക് ആശ്വാസമേകുവാൻ ആരുമില്ലാരുമില്ലാരുമില്ല.....
ഇല്ലിനി കരയുവാൻ കണ്ണീരൊട്ടുമേ കരളിലോ രോഷമാണ് അഗ്നിയാണ്.....
പട്ടിണിമാറ്റുവാൻ പഞ്ചമാസങ്ങളിൽ ആശ്വാസവാക്കുകൊണ്ടായിടുമോ.....
എന്നാണ് കൂട്ടരേ, ഞങ്ങൾതൻ ദുഃഖങ്ങൾക്കറുതി വരുന്നത് ചൊല്ലീടാമോ,
സർ കടപ്പുറത്ത് ദീനരോദനം ഇന്ന് അതാണ്, ആരുമില്ല ആരുമില്ല
ആരുമില്ല.'

ഈ വേവലാതി കേൾക്കാൻ, സങ്കടം കേൾക്കാൻ വർത്തമാനം മാത്രം മതിയോ, സർ? വർത്തമാനത്തിൽ മാത്രം ഒതുങ്ങിയാൽ മതിയോ? പ്രഖ്യാപനങ്ങൾ കടലാസിൽ മാത്രം ഒതുങ്ങിയാൽ മതിയോ? കടൽ വന്ന് കരയെ കൊണ്ടു പോകുന്നു. വീടിനെക്കൊണ്ടു പോകുന്നു. മൽസ്യത്തൊഴിലാളികളുടെ ഉപകരണം നശിച്ചുപോകുന്നു, ആരുമില്ല, ആരുമില്ല, ആരുമില്ല, ഇവിടെ പ്രകൃതിക്ഷോഭം ഉണ്ടായാൽ ഒരു കവുങ്ങ് വീണാൽ എല്ലാം സഹായിക്കാൻ മാർഗമുണ്ട്, ചോദിച്ചാൽ എല്ലാത്തിനും നോംസ്. നോംസ് ഒക്കെ മാറ്റിയെടുക്കാൻ ശ്രമിക്കുകയല്ലേ വേണ്ടത്? സർ, ഇപ്പോൾ കടപ്പുറത്ത് നിരവധി മരണമുണ്ട്, ആത്മഹത്യയുണ്ട്, മുണ്ട് മുറുക്കിയുടുക്കുന്ന ഒരു സമൂഹമാണ് കടപ്പുറത്ത് താമസിക്കുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ. അഭിമാനബോധം കൊണ്ട് ആരും പറയാറില്ല. മാധ്യമങ്ങൾ പോലും പലപ്പോഴും അവരുടെ ദീനരോദനം വിഴുങ്ങുകയാണ്. വളരെ വൈകാതെ കേൾക്കാം

'മനുഷ്യരങ്ങളായ് ഞങ്ങളെപ്പോറ്റുവാൻ, വെമ്പിടുമമ്മേ കടലമ്മേ,
വയ്യിനി തുടരുവാൻ ഈ ദുഃഖജീവിതം തീർക്കട്ടെ അമ്മതൻ മാറിലായ്,
സ്വീകരിച്ചാലുമീ പാവമാം മക്കളെ എന്നേക്കുമായി കടലമ്മേ,'.....

എന്നുപറഞ്ഞ് പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ കൂട്ട ആത്മഹത്യ വളരെ വൈകാതെ നമ്മുടെ തീരപ്രദേശങ്ങളിൽ കാണേണ്ട ഗതികേട് കേരളത്തിന് ഉണ്ടാകും. അതുകൊണ്ട് ഇപ്പുറത്തിരിക്കുന്ന മുഖ്യമന്ത്രി മുതൽ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ വരെയുള്ള ആളുകളുടെ പ്രദേശമാണ് ഈ തീരദേശപ്രദേശം. ഈ മൽസ്യത്തൊഴിലാളികളുടെ വികാരം ഒരിക്കലും പൂർണ്ണമായി പ്രതിഫലിക്കപ്പെടുന്നില്ല. അവർക്ക് ആവശ്യമായ നടപടികൾ സത്വരമായി ഉണ്ടാകുന്നില്ല. കാരണം ആവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് ഇല്ല എന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം. അതിന് ബഹുമാന്യനായ ധനകാര്യവകുപ്പ് മന്ത്രിയും ഈ ഗവൺമെന്റും സത്വരമായ സമീപനം സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ് ഞാൻ. ഈ സന്ദർഭത്തിൽ പ്രിയപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഇവിടെ ഇന്ന് ചോദ്യോത്തര വേളയിൽ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നത് കണ്ടു. കേരള നിയമസഭയിൽ ഒരു ഫിഷറീസ് വകുപ്പുമന്ത്രിയ്ക്ക് ഇത്രമാത്രം പുച്ഛെണ്ട് കിട്ടിയിട്ടുള്ള സാഹചര്യം ഉണ്ടായിട്ടില്ല. അത് നന്നായി. എല്ലാപേർക്കും വേണ്ടി മാസ്റ്റർക്ക് ഒരിക്കൽക്കൂടി അഭിനന്ദനം നേരുന്നു. ഇന്നലെ ഈ സഭയിലവതരിപ്പിച്ചതാണ് കേരളസർക്കാരിന്റെ ഫിഷറീസ് നയം, എല്ലാ പാർട്ടികളുടേയും നേതാക്കൻമാർ തൊഴിലാളി സംഘടനകൾ, എം.എൽ.എ.-മാർ, എം.പി.-മാർ എല്ലാപേരുംകൂടി ചർച്ച ചെയ്ത് തയ്യാറാക്കിയ ഫിഷറീസ് നയമാണ് ഇത്. വളരെ ഗൗരവമായി മാസങ്ങളോളം ദീർഘമായി നെഗറ്റീവും പോസിറ്റീവും കേട്ട് തയ്യാറാക്കിയ ഫിഷറീസ് നയം ഇന്നലെ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളത് അഭിമാനകരമായ നേട്ടമാണ്. അതിന് നേതൃത്വം കൊടുത്ത മന്ത്രിയെ ഒരിക്കൽകൂടി അഭിനന്ദിക്കുകയാണ്. സർ, ഫിഷറീസ് മേഖലയിൽ കൂടുതൽ സഹായം ചെയ്യാൻവേണ്ടി 1984-ൽ രൂപീകരിച്ചതാണ് മൽസ്യഫെഡ്, ഈ ഫിഷറീസ് നയം അടിയന്തിരമായി നടപ്പിലാക്കണം. ഫിഷറീസ് നയം നടപ്പിലാക്കുമ്പോൾ ഏറ്റവും ആദ്യം പുഷ്ടിപ്പെടുത്തേണ്ടതും ശക്തിപ്പെടുത്തേണ്ടതും മൽസ്യഫെഡ് തന്നെയാണ്. എന്താണ് ഇന്ന് മൽസ്യഫെഡിന്റെ സ്ഥിതി? 1984-ൽ കേരളത്തിലെ തീരദേശ മൽസ്യത്തൊഴിലാളികളുടെ ജീവിതസ്വപ്നങ്ങൾക്ക് ഒരു പുതുനിറം നൽകാൻ അവരുടെ സങ്കടങ്ങൾക്കും ആവശ്യങ്ങൾക്കും ഒരു പ്രതീക്ഷ നൽകാൻ വളരെ ഗൗരവമായി ഉണ്ടാക്കിയ മൽസ്യഫെഡിന്റെ സ്ഥിതി ഇന്ന് ദയനീയമായിരിക്കുകയാണ്. കെടുകാര്യസ്ഥതയും കഴിവില്ലായ്മയും രാഷ്ട്രീയ അതിപ്രസരവുംമൂലം മത്സ്യമേഖല ഇന്ന് പൂർണ്ണമായി തകർന്നിരിക്കുന്നു. പുതിയ ഫിഷറീസ് നയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഗ്രാമത്തിൽ ഒരു സംഘമേ പാടുള്ളൂ എന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള മൽസ്യഫെഡിനെ അടിയന്തിരമായി പിരിച്ചുവിട്ട് ഗവൺമെന്റ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വച്ച് ഈ നയത്തിൽ പറയുന്ന രീതിയിലുള്ള സംഘങ്ങളിൽ നിന്നും പ്രതിനിധികളെ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. 2002-ലെ എൻ.സി.ഡി.സി.-യുടെ പ്രോജക്ട് പോലും നടപ്പിലാക്കിയിട്ടില്ല. 2003-2004-ൽ മൽസ്യഫെഡിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ 20.5 കോടി രൂപ വാങ്ങിയിട്ടില്ല. സങ്കടമെന്താണെന്നറിയാമോ? അതിൽ എൻ.സി.ഡി.സി.-യുടെ വകയായിട്ട് കൊടുക്കുന്നതിനുള്ള ഗവൺമെന്റ് ഷെയറും അതിന്റെ സബ്സിഡിയുമാണ്. രണ്ടര കോടി രൂപ എഞ്ചിനുകൾക്കുള്ള സബ്സിഡിയാണ്. ബാങ്ക് ലോൺ സബ്സിഡിയും ഉണ്ടായിരുന്നു. 20.5 കോടി രൂപ മൽസ്യത്തൊഴിലാളികളുടേത് കളഞ്ഞു. 2002-2003, 2003-2004 പ്രോജക്ട് കൊടുത്തിട്ടില്ല. ഈ മൽസ്യഫെഡ് പ്രോജക്ട് കൊടുത്തിട്ടില്ല. 11 കോടി രൂപ തുലച്ചുകളഞ്ഞു. മൽസ്യത്തൊഴിലാളികളുടെ ഏറ്റവും വലിയ പ്രശ്നമാണ് എൻജിൻ. വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ കേരളത്തിലെ പാവപ്പെട്ട ആളുകളെപ്പറ്റിപ്പറയാൻ കുറച്ചുപേരേയുള്ളൂ സർ.

മി. ചെയർമാൻ: അങ്ങേയ്ക്ക് ഇഷ്ടമില്ലാത്ത മദ്യത്തെപ്പറ്റി അങ്ങ് അഞ്ചു മിനിട്ട് പ്രസംഗിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, മത്സ്യത്തൊഴിലാളികളോട് ജീവകാരുണ്യ പരമായ പരിഗണന ബഹുമാനപ്പെട്ട ചെയർ കാണിക്കണം.

LIBRARY ARCHIVES Kerala Legislative Assembly.

മി. ചെയർമാൻ: അങ്ങ് കടലിന്റെ മക്കളുടെ നേതാവ് ആണ് പക്ഷെ സമയം തരാൻ കഴിയില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: ഈ കാര്യത്തിൽ ഒരു പരിഗണന വേണം സർ, ഈ യമഹ, സുസുക്കി എൻജിനുകൾ മൽസ്യഫെഡ് നേരത്തെ ഇറക്കുമതി ചെയ്തിരുന്നു. നമ്മുടെ സംസ്ഥാനത്ത് മൽസ്യഫെഡ് മൽസ്യത്തൊഴിലാളികൾക്ക് ആദ്യം കൊടുത്തിരുന്നത് 62,000 രൂപയ്ക്കാണ്. ഇപ്പോൾ ഇറക്കുമതി ചെയ്യുന്നില്ല. സ്വകാര്യവ്യക്തികളെ ഏൽപ്പിച്ചു. സ്വകാര്യ വ്യക്തികൾ 76,000 രൂപയ്ക്ക് കൊടുക്കുന്നു. സർ, 12,000 രൂപയാണ് മൽസ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ഇറക്കുമതി ചെയ്യുമ്പോൾ ഇപ്പോഴുള്ള നഷ്ടം. ഇടനിലക്കാർക്കുവേണ്ടി അവസരം ഉണ്ടാക്കി ക്കൊടുക്കുകയാണ്. മൽസ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസി നുള്ള പ്രീമിയം മൽസ്യഫെഡ് നേരിട്ടടച്ചിരുന്നു. അതിപ്പോൾ ഒഴിവാക്കിയി രിക്കുന്നു. 2,97,000 പേരുണ്ടായിരുന്നതിപ്പോൾ 32,000 പേരായി ചുരുങ്ങിയിരി ക്കുന്നു. നാല് കോടിരൂപയാണ് 2004 ജനുവരിയിൽ മൽസ്യഫെഡിന് മണ്ണെണ്ണയുടെ സബ്സിഡിക്കുവേണ്ടി സംസ്ഥാന സർക്കാർ കൊടുത്തിരുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. പി. ജെ. ജോയി]

അത് ഇതുവരെ ചെലവഴിച്ചില്ല എന്നു മാത്രമല്ല, അതെടുത്ത് ലോൺ കൊടുക്കുന്നു. ആർക്കാ ലോൺ കൊടുക്കുന്നത്? ഇ. എം. എസ്. വള്ളം, എ. കെ. ജി. വള്ളം, അരിവാൾ ചുറ്റിക നക്ഷത്രം കൊടിയുള്ള വള്ളം ഇങ്ങനത്തെ വള്ളങ്ങൾ നോക്കിയാണ് ലോൺ കൊടുക്കുന്നത്. മൽസ്യത്തൊഴി ലാളികൾക്ക് മണ്ണെണ്ണ സബ്സിഡിക്കായി കൊടുത്ത നാല് കോടി രൂപ ഇങ്ങനെ തുലച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ മൽസ്യഫെഡിനെ അടിയന്തിരമായി പിരിച്ചു വിടണം. മൽസ്യവകുപ്പിൽ ഒരു സെക്രട്ടറി വന്നു. തീരദേശ റോഡുകൾക്കുവേണ്ടി അനുവദിച്ച ഒരുകോടി തൊണ്ണൂറുലക്ഷം രൂപ ലാപ്സാക്കിക്കളഞ്ഞു. അത് അപമാനകരമാണ്. അതിനെക്കുറിച്ച് അന്വേഷിക്കണ മെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തിട്ടുണ്ട്. ഫിഷറീസ് മേഖലയിലെ മനുഷ്യമുഖമില്ലാത്ത, മൽസ്യത്തൊഴിലാളികളുടെ വികാരമറിയാത്ത ആൾ ഫിഷറീസ് സെക്രട്ടറിയായി തുടരുന്നത് ഈ ഗവൺമെന്റിന് ഭൂഷണമല്ല. അതുകൊണ്ട് ആ സെക്രട്ടറിക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരി ക്കണം. മൽസ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ ഒന്നൊന്നായി വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നു. 21 ക്ഷേമപദ്ധതികളുണ്ടായിരുന്നത് ഇപ്പോൾ നാലായി ചുരുങ്ങി. അതുകൊണ്ട് ഫിഷറീസ് വകുപ്പിന് അപമാനകരമായ, മൽസ്യഫെഡിന് മുന്നിൽ നോക്കുകുത്തി പോലെ നിൽക്കുന്ന ഫിഷറീസ് സെക്രട്ടറിക്കെതിരെ നിർബ്ബന്ധ മായും അന്വേഷണം നടത്തി ഒരു കോടി തൊണ്ണൂറു ലക്ഷം രൂപ ലാപ്സാക്കി യതിന് പ്രത്യേകിച്ചും നടപടി സ്വീകരിക്കണം. അത് നിർബ്ബന്ധമായും ചെയ്യണം. ഒരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. മന്ത്രിപോലും അറിയാതെ ഉത്തരവു കളിറക്കുകയാണ്. അത്തരം സെക്രട്ടറിയെ ഗവണ്മെന്റ് നിലയ്ക്കു നിറുത്തണം. നമ്മുടെ സംസ്ഥാനത്ത് എത്രയോ ഐ.എ.എസ്. ഉദ്യോഗസ്ഥർ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നല്ലവരുമുണ്ട്. ഒരു മനുഷ്യമുഖവും വികാരവും ഇല്ലാത്ത സെക്രട്ടറിക്കെതിരെ അന്വേഷണം നടത്തണമെന്ന് ഒന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഇന്നലെ ഈ സഭയിൽ അവതരിപ്പിച്ച മൽസ്യ മേഖലാ നയം, നേരത്തെ തീരദേശമേഖലയിലെ എം.എൽ.എ.-മാരും മൽസ്യത്തൊഴിലാളി സംഘടനാ നേതാക്കളുമായൊക്കെ ചർച്ച ചെയ്തിരുന്നു എന്നത് വാസ്തവമാണ്. എന്നാൽ ഇടയ്ക്ക് ഇതിനെക്കുറിച്ച് യാതൊരു മുപവുമില്ലായിരുന്നു. ഇന്നലെ ഇവിടെ അവതരിപ്പിച്ച മത്സ്യമേഖലയെ സംബന്ധിച്ച നയം പരിശോധിച്ചാൽ ഇതിൽ കുറേയധികം വെള്ളം ചേർത്തിരിക്കുന്നു എന്ന് കാണാൻ കഴിയും. മൽസ്യ മേഖലയെ സംബന്ധിച്ചുള്ള നയങ്ങൾ പൂർണ്ണമായും സ്വരൂപിക്കുന്നതിൽ ഫിഷറീസ് വകുപ്പിനുള്ള അധികാരത്തിൽ ഒരു കടന്നുകയറ്റം ഇവിടെ ഉണ്ടായിരിക്കുന്നു. സമയക്കുറവുകാരണം ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇതിപ്പോൾ എന്താ? നയമെന്നൊക്കെ എഴുതിയിരിക്കുന്നു. അതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഇതിൽ നയം ആറ്, എട്ടാമത്തെ പോയിന്റായി കൊടുത്തിരിക്കുന്നു, കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഫിഷ് പ്രോസസിംഗ് ആന്റ് എക്സ്പോർട്ട് യൂണിറ്റ് സ്ഥാപിക്കുന്നതിന് വിദേശ മൂലധന നിക്ഷേപം സ്വീകരിക്കും. ഇത് അപകടകരമായ ഒരു കാര്യമായിട്ടാണ് ഞാൻ കാണുന്നത്. ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ട വിവാദപരമായ പ്രശ്നമാണ്. കാർഷിക മേഖലയിൽ വിദേശ മൂലധന നിക്ഷേപം വരുന്നതിനെതിരായി ശക്തമായ അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. മഹാരാഷ്ട്ര പോലെയുള്ള സമ്പന്നമായ കാർഷിക അടിത്തറയുള്ള സംസ്ഥാനങ്ങളിൽ, ഇതിനകംതന്നെ ബഹുരാഷ്ട്ര കുത്തക കമ്പനികൾ കാർഷിക മേഖലയിൽ കടന്നുവന്നതുകൊണ്ട് ആയിരക്കണക്കിന് ഹെക്ടർ ഭൂമിയിലെ പരമ്പരാഗത മേഖലയിൽ പണിയെടുത്തിരുന്ന കൃഷിക്കാർ പുറത്തായ പ്രവണത കണ്ടുതുടങ്ങിയിരിക്കുന്നു. ഇങ്ങനെ പോയിക്കഴിഞ്ഞാൽ കുറേ വർഷം കഴിയുമ്പോൾ കൃഷി എന്ന പ്രക്രിയയിൽ കൃഷിക്കാരൻ ഒരു ഘടകമല്ലാതായി മാറുന്ന ഒരു അവസ്ഥാവിശേഷമുണ്ടാകുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. തീരദേശ മേഖലയിലേയ്ക്ക് വിദേശമൂലധന നിക്ഷേപം അനുവദിക്കുന്ന സാഹചര്യത്തിൽ പടിപടിയായി തീരദേശ മേഖലയിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ഈ രംഗത്തുനിന്നും ഉച്ചാടനം ചെയ്യുന്ന അവസ്ഥാവിശേഷത്തിലേയ്ക്ക് ഇത് എത്തിച്ചേരുമെന്ന് ഞാൻ ബലമായി ഭയക്കുന്നു. മാത്രവുമല്ല, ഇപ്പോൾത്തന്നെ കേന്ദ്രഗവൺമെന്റ് ബഹുരാഷ്ട്ര കുത്തകകമ്പനികൾക്കും വിദേശ കപ്പലുകൾക്കും ആഴക്കടലിൽ മൽസ്യ ബന്ധനം നടത്തുന്നതിന് നൽകിയിട്ടുള്ള ലൈസൻസ്, അത് മൽസ്യസമ്പത്തിനെ ആകെത്തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിനും മൽസ്യത്തൊഴിലാളികളെ പട്ടിണിയിലാക്കുന്നതിനും ഇടവരുത്തിയിരിക്കുയാണ്. 1991-96 കാലയളവിൽ വിദേശ കപ്പലുകൾക്ക് മീൻ പിടിക്കുന്നതിന് ലൈസൻസ് കൊടുത്തിരുന്നു. 1996-98-ൽ ഐക്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഇനി അത്തരത്തിലുള്ള ലൈസൻസ് പുതുക്കി നൽകുകയില്ലെന്ന് തീരുമാനമെടുത്തു. എന്നാൽ കഴിഞ്ഞ എൻ.ഡി.എ. ഗവണ്മെന്റിന്റെ കാലത്ത് വീണ്ടും ലൈസൻസ് നൽകുകയുണ്ടായി. അതിനെതിരായി ശക്തമായ അഭിപ്രായം നമ്മുടെ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

കക്ഷികൾ സംസ്ഥാന ഗവൺമെന്റിൽ പ്രഖ്യാപിച്ചതാണ്. ആ വികാരം ഈ രേഖയിൽ കാണുന്നില്ല. അതുകൊണ്ട് എല്ലാ അർത്ഥത്തിലും വിദേശമൂലധനം ഒഴിവാക്കണം. അതിനെ കടന്നുവരാൻ അനുവദിക്കരുത്. തീരദേശങ്ങളിൽ ബിനാമികളുടെ പേരുകളിൽ പലരും ഭൂമി സമ്പാദിക്കുകയാണ്. ടൂറിസത്തിന്റെ പേരിൽ നമ്മുടെ രാജ്യത്തിന്റേയും സംസ്ഥാനത്തിന്റേയും സുരക്ഷിതത്വത്തെ അപകടത്തിലാക്കുന്ന രീതിയിൽ പലരും തീരപ്രദേശത്ത് ബിനാമി പേരുകളിൽ ഭൂമി സമ്പാദിക്കുന്ന സ്ഥിതിവിശേഷം കഴിഞ്ഞ കുറേ വർഷങ്ങളായി തുടർന്നു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതിനെ വളരെ ഗൗരവത്തോടെ കാണണം. നയം ഏഴിൽ അഞ്ചാമത്തെ പോയിന്റ്, സംവരണത്തെക്കുറിച്ചും സാമൂഹ്യനീതിയെ ക്കുറിച്ചും പറയുന്നുണ്ട്. നേരത്തെ ബഹുമാനപ്പെട്ട ഷിബു ബേബിജോൺ രക്തപ്പുഴ ഒഴുക്കുമെന്ന് പറഞ്ഞു. ഇവിടെ സമുദായ നേതാക്കൾ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനുവേണ്ടി വാദിക്കുന്നവർ നിയമസഭ കാണില്ലെന്ന് പ്രഖ്യാപി ച്ചിരുന്നു. അങ്ങനെ അച്ചാരം വാങ്ങിച്ചുകൊണ്ട് നിയമസഭയിൽ കടന്നുവരേണ്ട ആവശ്യമില്ല. നിയമസഭയാണ് എല്ലാമെന്ന് നമ്മളാരും കരുതുന്നില്ല. തീരദേശ മൽസ്യത്തൊഴിലാളികൾ, അത് ലത്തീൻ കത്തോലിക്കരായാലും ധീവരരായാലും മുസ്ലീങ്ങളായാലും മൽസ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സാമൂഹ്യമായ ബുദ്ധിമുട്ടനുഭവിക്കുന്നവരാണ് ഈ മൂന്ന് വിഭാഗങ്ങളും. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽ വളരെ വ്യക്തമായി ഇവർക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് പറഞ്ഞിട്ടുണ്ട്. മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം സംഖ്യയുടെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് അവർക്കാണ്. ലത്തീൻ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ശതമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവാണ്. ഇത്തരം സമുദായങ്ങൾക്ക് സർക്കാർ സർവീസിൽ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെന്റ് വേണമെന്ന് പറഞ്ഞിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഐക്യജനാധിപത്യമുന്നണി ജനങ്ങൾക്കുമുന്നിൽവച്ച പ്രകടനപത്രികയിലും പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. നാലകത്ത് സൂപ്പി ചെയർമാനായിട്ടുള്ള കമ്മിറ്റിയും അതിനുശേഷം കടകമ്പള്ളി ചെയർമാനായ കമ്മിറ്റിയും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തുമെന്ന് പറഞ്ഞിരുന്നു. അത് നടത്താതെ പലരുടേയും ഭീഷണിക്കുമുമ്പിൽ പതറിനിൽക്കുന്ന ഗവണ്മെന്റായി ഈ ഗവണ്മെന്റ് അധഃപ്പതിച്ചിരിക്കുന്നു. ആരുടേയും ഭീഷണിക്കുമുമ്പിൽ പതറി നിൽക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പും ഈ തീരദേശ മേഖലയിലെ മൽസ്യത്തൊഴിലാളികൾ ഉൾക്കൊള്ളുന്ന ഈ വിഭാഗത്തിന് സാമൂഹ്യനീതി ഉറപ്പുവരുത്താൻ ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുമെന്ന് 1996-ൽ പ്രഖ്യാപിച്ചിരുന്നു. അതിന്ന് മാറിപ്പോയി. മദ്യത്തിലും മയക്കുമരുന്നിലും ജനങ്ങളെ ആഴ്ത്തിയിട്ട് അവരെ കുടിപ്പിച്ച് അവരിൽനിന്നും നികുതി പിരിച്ച് ഭരണം നടത്തിയാൽ അതിനെ ഒരു പരിഷ്കൃത ഭരണമായി കണക്കാക്കാൻ കഴിയില്ല. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്ന ഉറച്ച അഭിപ്രായമാണ് എനിക്കുള്ളത്. വനം ബിൽ ഈ സഭ

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കി. അന്നുതന്നെ അതിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചു. 1980-ലെ വനം കൺസർവേഷൻ ആക്ടിനെതിരായി സെലക്ട് കമ്മിറ്റി ചർച്ച ചെയ്ത് ധൃതിപിടിച്ച് വനം ബിൽ പാസ്സാക്കി. അത് ഗവർണ്ണർ തിരിച്ചയച്ചു. അതിനെന്തു സംഭവിച്ചു. ഒന്നും അറിയാൻ പാടില്ല. അതുപോലെതന്നെ പരിസ്ഥിതി സംരക്ഷണം. അതിന് ശക്തമായ നടപടികൾ സ്വീകരിക്കണം. എങ്കിൽ മാത്രമേ വനസമ്പത്തിനെ നമുക്ക് സംരക്ഷിക്കാൻ കഴിയൂ. പ്രകൃതി സംരക്ഷണത്തിന് പരിസ്ഥിതി സംരക്ഷണത്തിന് ശക്തമായ നിയമം കൊണ്ടുവരണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, വനം, ഫിഷറീസ് വകുപ്പുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. "കാട് കുറുത്ത കാട്, മനുഷ്യനാദ്യം പിറന്ന വീട്" എന്ന പാട്ട് നമ്മളൊക്കെ കേട്ടിട്ടുണ്ട്. കാട് മനുഷ്യന്റെ ആദ്യവീടാണ്, നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. വാത്മീകി രാമായണത്തിലും മഹാഭാരതത്തിലും കാടുമായി ബന്ധപ്പെട്ടാണ് ഏതാണ്ട് 90 ശതമാനം അദ്ധ്യായങ്ങളും സ്ഥിതി ചെയ്യുന്നത്. രാമന്റെ വനവാസം, സീതാപരിത്യാഗം, കുശലവൻമാരുടെ ജനനം, വിദ്യാഭ്യാസം, ഭീമസേനൻ കല്ല്യാണസൗഗന്ധികം തേടിപ്പോയത്, ദുഷ്യന്ത-ശകുന്തളാ ഗാന്ധർവ്വ വിവാഹം, പാണ്ഡവൻമാരുടെ അജ്ഞാതവാസം, വനവാസം അതുപോലെ ഖാണ്ഡവദഹനം അടക്കമുള്ള നമ്മുടെ ഇതിഹാസങ്ങളെ കാട്ടിൽ നിന്ന് ഒഴിച്ചുനിർത്താൻ സാധിക്കില്ല. പുക്കുന്നതും കായ്ക്കുന്നതും പുഷ്പിക്കുന്നതും വീണ്ടും തളിർക്കുന്നതും പച്ച പട്ടുടുത്തതുപോലെ പുടവയണിയുന്നതും പ്രകൃതിയുടെ അനിവാര്യമായ ഒരു പ്രക്രിയയാണ്. ഇന്ന് നാം ഉറങ്ങുന്നതും ഉണരുന്നതും പേക്കിനാവ് കണ്ടുകൊണ്ടാണ്. സർവ്വംസഹ പോലും സഹികെട്ട് നിൽക്കുന്ന സംഹാരാത്മകമായ പ്രവൃത്തികളാണ് ലോകത്ത് നടക്കുന്നത്. ഒരു കന്യകയുടെ മാനംകെടുത്തുന്നതും, ഒരു ബോംബ് പൊട്ടിക്കുന്നതും, ഒരു കുഞ്ഞിനെ തീയിൽ എടുത്തെറിയുന്നതും, ഒരു കൂര തച്ചുതകർക്കുന്നതുംപോലെ ഒരു മരം അനാവശ്യമായി വെട്ടുന്നതും ഈ സംഹാരാത്മകമായ പ്രവൃത്തിയുടെ ഭാഗമാണ്. 1927-ലെ ഫോറസ്റ്റ് ആക്റ്റും 1986-ലെ കേരള വന സംരക്ഷണ ആക്റ്റുമൊക്കെ നമ്മുടെ വനം സംരക്ഷിക്കുന്നതിന് രാജ്യത്ത് നിയമങ്ങളായുണ്ട്. ബഹുമാനപ്പെട്ട ഫോറസ്റ്റ് മന്ത്രി ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതെല്ലാം എണ്ണി വിവരിക്കാൻ സമയമില്ല. ഞാൻ ചില നിർദ്ദേശങ്ങൾ മാത്രം സൂചിപ്പിക്കുകയാണ്. കേരളത്തിൽ ഒരു ബയോ ഡൈവേഴ്സിറ്റി ഇൻഫർമേഷൻ സിസ്റ്റം വളരെ സജീവമായി പ്രവർത്തിക്കണം. അതിനുവേണ്ട നടപടി മന്ത്രി സ്വീകരിക്കണം. നമ്മുടെ നാട്ടിൽ ഒരുപാട് ശാസ്ത്ര സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളുമുണ്ട്. പ്രാദേശിക പ്രാധാന്യമുള്ള ഒരുപാട് ജൈവവൈവിദ്ധ്യ പദ്ധതികൾ ഈ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് നടപ്പാക്കണം. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക താൽപ്പര്യമുള്ള ജൈവ വൈവിദ്ധ്യത്തെ സംരക്ഷിക്കാനുള്ള പ്രവർത്തനം സജ്ജമാക്കാൻ ഈ സ്ഥാപനങ്ങൾ വഴി കഴിയണം. വിവിധ പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് കേരള ഗ്രീൻ അതോറിറ്റി രൂപീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മരം വെട്ടുന്നതിനും കൊണ്ടുപോകുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

സംസ്ക്കരിക്കുന്നതിനുമുള്ള എല്ലാ നിയമങ്ങളും ക്രോഡീകരിച്ച് കാലോചിതമായി പരിഷ്ക്കരിക്കണം. ഭൂമിയുടെ സീമന്തരേഖയിൽ പ്രകൃതി കുങ്കുമം വരയ്ക്കുന്ന അസുലഭ കാഴ്ച കേരളത്തിന്റെ മണ്ണിലുണ്ടാകുന്നതിന് നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് കഴിയണം. എന്നാൽ അദ്ദേഹം ചരിത്രത്തിൽ സ്ഥാനം നേടുമെന്നാണ് എന്റെ അഭിപ്രായം. "ഇനിയും മരിക്കാത്ത ഭൂമി ഇത് നിന്റെ മൃതിശാന്തി ഗീതം" എന്നുപാടിയ ഒ.എൻ.വി.യുടെ വരികൾ; "ഒരു തൈ നടുമ്പോൾ ഒരു തണൽ നടുന്നു" എന്നതാവണം വനം വകുപ്പിന്റെ ആപ്തവാക്യം. ആ വാക്യം ഫോറസ്റ്റ് വകുപ്പ് പരിപൂർണ്ണമായി അന്വർത്ഥമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. 1972-ലെ വന്യജീവി സംരക്ഷണ നിയമം പരിഷ്ക്കരിക്കണം. കുരുവംശത്തിലെ ശന്തനു രാജാവിന്റെ ഭരണം മെച്ചമായത് പിതൃപ്രീതിക്ക് വേണ്ടി, ദൈവപ്രീതിക്ക് വേണ്ടി പോലും മൃഗങ്ങളെ കൊല്ലാത്തതുകൊണ്ടായിരുന്നു. തമസ്സാ നദിയുടെ തീരത്ത് പ്രണയസല്ലാപം നടത്തിയിരുന്ന ക്രൗഞ്ച പക്ഷികളെ അമ്പെയ്ത് കൊന്ന കാട്ടാളനോട് മാനിഷാദ പാടിയ വാത്മീകി മഹർഷി

"മാനിഷാദ പ്രദിഷ്ഠാ:, ത്വമാഗമത്
ശാശ്വതി സമായൽ ക്രൗഞ്ച മിഥുനാദേക
മവധി കാമമോഹിതം"

എന്നുപാടിയ ഒരു സംസ്ക്കാരം ഈ രാജ്യത്ത് നിലനിന്നിരുന്നു. ഒരു പക്ഷിയെപ്പോലും കൊല്ലരുതെന്ന് പറഞ്ഞു. ഒരു ഉറുമ്പിനെപ്പോലും കൊല്ലരുതെന്ന് പറഞ്ഞു. നമ്മുടെ ഈ ജൈവവൈവിദ്ധ്യം അപാരമാണ്. നമ്മുടെ ജന്തുജാലങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള കർശനമായ നിയമം കാലോചിതമായി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എക്സൈസ് വകുപ്പിനെക്കുറിച്ച് പറയുമ്പോൾ "അശ്വത്ഥാമാ ഹതാ" എന്ന് ഉറക്കെയും "കുഞ്ജര" എന്ന് പതുക്കെയും പറയുന്നതുപോലെ ഇവിടെ മദ്യനിരോധനം വേണമെന്ന് ഉറക്കെയും അത് വേണ്ടായെന്ന് പതുക്കെയും പറയുന്ന കാപട്യമുള്ളവരുള്ള ഒരു സമൂഹത്തിൽ എനിക്ക് എക്സൈസ് വകുപ്പ് വേണ്ട എന്നുപറയാനുള്ള ആർജ്ജവം കാണിച്ച ചരിത്രത്തിലെ ആദ്യത്തെ എക്സൈസ് വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീ. കെ.വി. തോമസിനെ ഞാൻ അഭിനന്ദിക്കുന്നു. കേരളം കണ്ട എറ്റവും വലിയ സന്യാസി ശ്രേഷ്ഠനും സാംസ്ക്കാരിക രംഗത്തും ആദ്ധ്യാത്മിക രംഗത്തും വലിയ നേതൃത്വം കൊടുത്ത യുഗപ്രഭാവനുമായ ശ്രീനാരായണ ഗുരുദേവൻ "മദ്യം വിഷമാണ്" എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഇന്ന് നിർഭാഗ്യവശാൽ കേരളത്തിൽ പലരും "മദ്യം കിട്ടാൻ വിഷമമാണ്" എന്നുള്ള സങ്കടത്തിലാണ് എന്ന കാര്യത്തിൽ എനിക്ക് ദുഃഖമുണ്ട്. നമ്മുടെ രാഷ്ട്രപിതാവ് ഏറ്റവും വലിയ പാപങ്ങളിലൊന്നായി കണ്ടത് മദ്യത്തെയാണ്. മദ്യം നിരോധിക്കണമെന്ന് ഞാൻ പറഞ്ഞാൽ ഇവിടെ നടക്കുമെന്നൊന്നും ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ നമ്മുടെ കുട്ടികളെ വഴിപിഴപ്പിക്കുന്ന പാൻപരാഗ് അടക്കമുള്ള വിഷവസ്തുക്കൾ കർശനമായും നിരോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ മദ്യരംഗം നേരെയാക്കാൻ മാന്ത്രികനായ പി.സി. സർക്കാർ വിചാരിച്ചാൽ പോലും സാധിക്കില്ല, പിന്നെയാണോ കേരള സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം ആ മാഫിയയെ നിയന്ത്രിക്കുന്നതിന് ഒരുപാട് പരിമിതികളുണ്ട്. എന്നാലും പരിമിതികൾക്ക് അകത്ത് ഒതുങ്ങി നിന്നുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻപൊരു അവസരത്തിൽ മുഖ്യമന്ത്രിയായപ്പോൾ ചാരായ നിരോധനം നടപ്പിലാക്കി. പക്ഷേ അതിനെ അട്ടിമറിക്കാൻ നടത്തിയ എന്തെല്ലാം കാര്യങ്ങൾ ഗവൺമെന്റിന് തരണം ചെയ്യേണ്ടി വന്നു എന്നുള്ളത് നമ്മൾ ആലോചിക്കണം. മത്സ്യരംഗത്തെക്കുറിച്ച് കൂടുതൽ പറയുന്നില്ല. ഞാനൊരു കടൽത്തീര നിവാസിയല്ല. പക്ഷേ ഈ ആധുനിക കാലത്ത് 200 ദശലക്ഷം ഡോളർ വില മതിക്കുന്ന അലങ്കാര മത്സ്യങ്ങൾ കയറ്റുമതി ചെയ്യുന്നുവെന്നാണ് പറയുന്നത്. തൊഴിൽ ഇല്ലാത്ത അനേകം ചെറുപ്പക്കാരുള്ള, നിത്യജീവിതത്തിന് വരുമാനമില്ലാത്ത കേരളത്തിലെ കുടുംബങ്ങൾക്ക് ഈ രംഗത്ത് പ്രോത്സാഹനം നൽകിയാൽ നല്ലൊരു വരുമാന മാർഗ്ഗമാകുമെന്ന് ഞാൻ കരുതുന്നു. 44 നദികളും 30 വൻകിട ജലസംഭരണികളും 45 കായലുകളും 222 മത്സ്യബന്ധന ഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളുമുള്ള ഈ കേരളത്തിൽ ഉൾനാടൻ മത്സ്യബന്ധനത്തിനും അതുപോലെ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടത്ര പരിഗണന നൽകിയാൽ ഒരു പരിധി വരെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അനേകം കുടുംബങ്ങളെ കൈപിടിച്ച് ഉയർത്തികൊണ്ട് വരാൻ കഴിയും. അതിന് ഈ ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ശ്രദ്ധിക്കണമെന്ന് ഞാൻ പറയുകയാണ്. എന്റെ സ്നേഹിതൻ പ്രതാപൻ ഇവിടെ ഫണ്ട് ലാപ്സാക്കിയ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരെക്കുറിച്ച് പറഞ്ഞു. മലയാറ്റൂർ രാമകൃഷ്ണനെപ്പോലെയും ടി.എൻ. ജയചന്ദ്രനെപ്പോലെയുമുള്ള ഒരുപാട് പ്രതിഭാശാലികൾ കേരളാ സർക്കാരിന്റെ സിവിൽ സർവ്വീസിൽ ഇരുന്നിട്ടുണ്ട്. പക്ഷേ ഇന്ന് സർക്കാരിന്റെ നയങ്ങളെ തുരങ്കം വയ്ക്കുന്ന "കുടയിലൊതുങ്ങാത്ത വടികൾ" പോലെ ഏത് ഐ.എ.എസ്. ഉദ്യോഗസ്ഥനായിരുന്നാലും ഫണ്ട് ലാപ്സാക്കുന്നവരായാൽ ശ്രീ. പ്രതാപൻ പറയുന്നതുപോലെ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ഏറ്റവും വലിയ സമ്പത്തായ ജൈവവൈവിദ്ധ്യം സംരക്ഷിക്കണം. എന്റെ സ്നേഹിതൻ ശ്രീ. പി. ടി. തോമസ് ബയോ ഡൈവേഴ്സിറ്റിയെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ച് എന്നെയൊക്കെ ക്ഷണിച്ചതാണ്. ഭാവി തലമുറ നമ്മെ ചോദ്യം ചെയ്യാതിരിക്കണമെങ്കിൽ നമ്മുടെ ഏറ്റവും വലിയ അമൂല്യ സമ്പത്തായ കാടിനേയും പ്രകൃതിയേയും മൃഗങ്ങളെയുമൊക്കെ സംരക്ഷിക്കണം. അതിന് നേതൃത്വം കൊടുക്കുന്ന കരുത്തനായ ഒരു മന്ത്രിയാണ് ശ്രീ. സുധാകരൻ. അദ്ദേഹം പ്രതിഭാശാലിയും പ്രഗത്ഭനുമാണ്. അദ്ദേഹം ഇക്കാര്യത്തിൽ വിജയിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ രണ്ട് ധനാഭ്യർത്ഥനകളെയും പിൻതാങ്ങുന്നു.

ശ്രീ. എ. എ. അസീസ്: സർ, എക്സൈസ്, ഫിഷറീസ്, വനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ചാരായ നിരോധനം ഏർപ്പെടുത്തിയ നമ്മുടെ ഇപ്പോഴത്തെ മുഖ്യമന്ത്രി മുമ്പ് ഒരിക്കൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ കാലാവധി അവസാനിക്കുന്ന അവസരത്തിലാണ് ചാരായനിരോധനം ഏർപ്പെടുത്തിയത്. അന്ന് വീട്ടമ്മമാരുടെ വോട്ടിൽ കണ്ണുനട്ടാണ് ശ്രീമാൻ എ. കെ. ആന്റണി ചാരായനിരോധനം ഏർപ്പെടുത്തിയതെങ്കിൽ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും അധികാരത്തിൽവന്നപ്പോൾ ചാരായം വാറ്റാനും വിൽക്കാനും അതിന് യഥേഷ്ടം സൗകര്യം ചെയ്തു കൊടുക്കുകയാണ്. കോളനികളിലും ചേരി പ്രദേശങ്ങളിലും ഏലാകളിലും യഥേഷ്ടം ഇപ്പോൾ വിൽക്കാനും വാറ്റാനുമുള്ള സൗകര്യമാണ് ഈ ഗവൺമെന്റ് ചെയ്തു കൊടുത്തിരിക്കുന്നത്. എക്സൈസ് ഉദ്യോഗസ്ഥന്മാർക്കുള്ള പടി കൊടുത്താൽ മതി. ഇപ്പോൾ ചാരായ നിരോധനംമൂലം ചാരായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം, ഖജനാവിന് ധനനഷ്ടം അതുപോലെ തന്നെ വിദേശ .മദ്യത്തിൽ പട്ടചാരായം കലർത്തി നല്ല മദ്യം കഴിക്കാൻ കഴിയാത്ത ദുഃസ്ഥിതി. അതാണ് ചാരായനിരോധനം കൊണ്ടുണ്ടായത്. എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ധനലാഭവും വിദേശ മദ്യത്തിലാകെ പട്ട ചാരായം കലർത്തിയുമുള്ള ഏർപ്പാടാണ് നടക്കുന്നത്. തീരദേശങ്ങളിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 15,000-ൽപ്പരം മൽസ്യത്തൊഴിലാളികൾ ഉണ്ടെന്നാണ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രി ഈ സഭയിൽ നൽകിയ മറുപടി. സ്വന്തമായി ഭൂമിയില്ലാത്ത, വീടില്ലാത്ത, തലചായ്ക്കാൻ ഇടമില്ലാത്ത ആ മൽസ്യ തൊഴിലാളികൾക്ക് സ്വന്തമായി ഭൂമിയും വീടും നൽകുന്നതിന് ബൃഹത്തായ ഒരു പദ്ധതി ആവിഷ്ക്കരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ കാര്യമാണ് എനിക്ക് മുമ്പേ പ്രസംഗിച്ച ബഹുമാനപ്പെട്ട ഷിബു ബേബിജോൺ ചൂണ്ടിക്കാണിച്ചത്. നമ്മുടെ തീരദേശത്ത് അനധികൃതമായി താമസിക്കുന്നവരാണ്. അങ്ങനെ 15,000-ൽപ്പരം ആളുകൾ എന്നു പറയുമ്പോൾ അവരുടെ വീടുകൾ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല എന്നാണ് ഇവിടെ നൽകിയ മറുപടിയിൽ സൂചിപ്പിക്കുന്നത്. എത്ര വീടുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തി അതിന് ആവശ്യമായ ഭൂമി വാങ്ങാനും വീടുകൾ വയ്ക്കാനുമുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകണം. ഇന്ന് നിലവിലുള്ള പദ്ധതി വീട് വയ്ക്കുന്നതിനുള്ള പദ്ധതിയാണ്. ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. കൊല്ലത്ത്—കൊല്ലം, ഇരവിപുരം, പരവൂർ മേഖലയിലെ ഒരു തീരദേശറോഡ് തകർന്നിട്ട് ഇന്നിപ്പോൾ രണ്ട് കൊല്ലക്കാലമായി. ആ തീരദേശ റോഡ് ഗതാഗത യോഗ്യമായിരുന്നു. മൽസ്യത്തൊഴിലാളികൾ മൽസ്യം വിപണനത്തിനുവേണ്ടി ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഒരു റോഡായിരുന്നു. പരവൂരുമായി ബന്ധിപ്പിക്കുന്ന റോഡായിരുന്നു. നമ്മുടെ ബഹുമാന്യനായ ശ്രീ. സി. വി. പത്മരാജൻ ധനകാര്യ വകുപ്പു മന്ത്രിയായിരുന്ന കാലത്ത് യാഥാർത്ഥ്യമാക്കിയ ഒരു റോഡാണ്. ആ റോഡ് തകർന്നതിനുശേഷം ആ റോഡിന്റെ പുനർനിർമ്മാണ പ്രവർത്തനം നാളിതുവരെ നടന്നിട്ടില്ല. അതുപോലെ തന്നെയാണ് തങ്കശ്ശേരി ഹാർബറിന്റെ പണി ആരംഭിച്ചതിനുശേഷം അതിന് തൊട്ട് പരിസരത്തുള്ളതായ ഇരവിപുരത്ത് ഈ അടുത്ത കാലത്ത് രണ്ടോ മൂന്നോ പ്രാവശ്യം കടലാക്രമണം ഉണ്ടായി. അവിടെ നിരവധി ഭവനങ്ങൾ തകർന്നു. ഭവനരഹിതരായ ആൾക്കാരെ അഭയ കേന്ദ്രങ്ങളിൽ താമസിപ്പിച്ചിരിക്കുകയാണ്. ആ അഭയ കേന്ദ്രങ്ങളിൽ താമസിക്കുന്നവർക്ക് പുനരധിവാസം ഉണ്ടാകണം. മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നടക്കുന്നില്ല. മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആഫീസുകൾ പലതും അടഞ്ഞു കിടക്കുകയാണ്. അങ്ങനെ അടഞ്ഞു കിടക്കുന്നതിന് നിതാനമായ കാരണം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് ഏറ്റവും വലിയ വരുമാനമാർഗ്ഗമായ കയറ്റുമതിക്കാരുടെ വിഹിതം ഇപ്പോൾ അടയ്ക്കുന്നില്ല. കയറ്റുമതിക്കാരുടെ വിഹിതം അടയ്ക്കാതിരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

കാരണം കയറ്റുമതിക്കാർ സുപ്രീംകോടതി ഉൾപ്പെടെയുള്ള വിവിധ കോടതികളിൽ നിന്ന് സമ്പാദിച്ച വിധിമൂലമാണ്. അതുമൂലം മൽസ്യത്തൊഴിലാളി ക്ഷേമപദ്ധതി ഇന്നിപ്പോൾ നടക്കുന്നില്ല. അതുകൊണ്ട് ഈ സഭയിലോ അല്ലെങ്കിൽ ഉടനെ തന്നെയോ മൽസ്യ എക്സ്പോർട്ടേഴ്സിൽ നിന്ന് മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾക്ക് കുടിശ്ശികയായിട്ടുള്ള വിഹിതം ഈടാക്കാൻ ഒരു നിയമ നിർമ്മാണം ഉണ്ടാക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. യു. സി. രാമൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ദീർഘവീക്ഷണത്തോടുകൂടി സമ്പൂർണ്ണ മദ്യ നിരോധനം ഈ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ചാരായ നിരോധനം, മാറി വന്ന എൽ.ഡി.എഫ്. സർക്കാർ അട്ടിമറിക്കുന്ന കാഴ്ചയാണ് നമ്മൾ മുമ്പ് കണ്ടത്. എൽ.ഡി.എഫ്. ഭരണകാലത്താണ് സാധാരണ കുടിലുകളിൽ പോലും വ്യാജവാറ്റ് നിർമ്മാണം വ്യാപകമായത്. ചാരായ തൊഴിലാളികളിൽ നിന്ന് നിലച്ചുപോയ വരുമാനം സി.പി.എം.-ന് കിട്ടിയിരുന്ന ലെവി ഉൾപ്പെടെയുള്ള വരുമാനം നിലച്ചുപോയത് പുനഃസ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഈ വ്യാജവാറ്റ് പ്രോൽസാഹിപ്പിച്ചത്. അതുവഴിയാണ് സി.പി.എം.-ന്റെ ഫണ്ടിലേയ്ക്ക് പണം സമാഹരിച്ചത്. കള്ളു ഷാപ്പിന്റെ ദൂരപരിധി ഇന്ന് കുറച്ചിരിക്കുകയാണ്. അത് പുനഃപരിശോധിക്കണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സ്കൂളിന്റെ പരിസരപ്രദേശങ്ങളിൽ പാൻപരാഗും കഞ്ചാവ് മിഠായിയും കഞ്ചാവ് വടയും ഇന്ന് സുലഭമാണ്. ഇത് കർശനമായി തടയാൻ ആവശ്യമായ നടപടിയുണ്ടാകണം. ചാരായതൊഴിലാളികളെ ഓരോ ഷാപ്പിലും ഓരോ തൊഴിലാളിയെ വീതം നിയമിക്കുമെന്ന് നേരത്തെ യു.ഡി.എഫ്. തീരുമാനിച്ചതാണ്. യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞതാണ്. അത് നടപ്പിലായിട്ടില്ല. അത് നടപ്പിലാക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. കള്ളു വ്യവസായ രംഗത്ത് ഒട്ടേറെ പ്രതിസന്ധികൾ ഇന്ന് നിലനിൽക്കുകയാണ്. ഇത് പരിഹരിക്കണം. ഒറ്റ ഷാപ്പ് ലേലം മാറ്റി റേഞ്ച് അടിസ്ഥാനത്തിൽ ലേലം നടത്താൻ ആവശ്യമായ നടപടിയുണ്ടാകണം. എക്സൈസ് സ്കാഡിന്റെ ശേഷി വർദ്ധിപ്പിക്കണം. അവർക്ക് ആവശ്യമായ നല്ലവാഹനം ഇല്ല. അവർക്ക് ആവശ്യമായ ആധുനിക ആയുധങ്ങളില്ല. പലഭാഗത്തും വ്യാജവാറ്റ് നടക്കവേ അവർ പലപ്പോഴും അടുത്ത് എത്താൻപോലും കഴിയാതെ തിരിച്ചു പോകേണ്ടിവരുന്ന അവസ്ഥയാണുണ്ടാകുന്നത്. അതുകൊണ്ട് അവർക്ക് ആവശ്യമായ ആധുനിക ആയുധങ്ങളും നല്ല വാഹനങ്ങളും പരിശീലനവും നൽകി അവർക്ക് കരുത്ത് പകരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പലഭാഗങ്ങളിലും എക്സൈസ്സുകാർ കൂലിതല്ലുകാരെ കൂടെ കൂട്ടി പോകുന്ന അവസ്ഥ പോലും ഇന്ന് നിലവിലുണ്ട്. അത് അപമാനകരമാണ് അത് മാറ്റണമെങ്കിൽ അതിനാവശ്യമായ സംവിധാനം ഇവർക്ക് ഒരുക്കിക്കൊടുക്കണം. എക്സൈസ് നിയമത്തിലെ അപാകതകൾ പരിഹരിക്കണം. പ്രതികൾ രക്ഷപ്പെടാനുള്ള പഴുതുകൾ ഇന്ന് നിലനിൽക്കുന്നുണ്ട്. ആ പഴുതുകളൊക്കെ മാറ്റി ഈ രംഗത്ത് വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ നീക്കം ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. ഇന്ത്യൻ വിദേശ മദ്യത്തിന് ഭീഷണിയുണ്ടാകുന്ന വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അയൽ സംസ്ഥാനങ്ങളിൽ നിന്ന് മദ്യം നമ്മുടെ സംസ്ഥാനത്തിലേയ്ക്ക് ഇഷ്ടം പോലെ ഒഴുകി വരുന്നത് തടയാൻ ആവശ്യമായ നീക്കം ഉണ്ടാകണം. സമൂഹത്തിൽ യുവാക്കളിൽ നല്ലൊരു ശതമാനം പേരും മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്ന അവസ്ഥ കാണുന്നുണ്ട്. ഇതിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തണം. നമ്മുടെ നാട്ടിലുള്ള ആചാരങ്ങളിലും ആർഭാടങ്ങളിലുമൊക്കെ ഇന്ന് മദ്യം ഒരു അകമ്പടിയായി മാറിയിരിക്കുന്നു. അതിന് എതിരെ ശക്തമായ ഒരു ബോധവൽക്കരണം നടത്തി അതിൽ നിന്ന് പ്രത്യേകിച്ച് യുവജനതയെ മോചിപ്പിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. യു.ഡി.എഫ്. പ്രകടനപത്രികയിൽ സൂചിപ്പിച്ചത് സമ്പൂർണ്ണ മദ്യനിരോധനമാണ്. ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാവുന്ന മുറയ്ക്ക് സമ്പൂർണ്ണമായി മദ്യം നിരോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീമതി മാലേത്ത് സരളാദേവി:</u> സർ, നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധി പറഞ്ഞു ഞാൻ അരമണിക്കൂർ നേരം ഇന്ത്യയുടെ ഭരണാധികാരിയാവുകയാണെങ്കിൽ ഞാൻ ആദ്യം ചെയ്യുന്ന പരിഷ്ക്കാരം മദ്യഷാപ്പുകൾ മുഴുവൻ അടച്ചുപൂട്ടുന്നതിന് ഉത്തരവ് കൊടുക്കുമെന്നായിരുന്നു. അതേക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. യു. സി. രാമൻ:</u> സർ, ഞാൻ പറയുന്നതും അതുതന്നെയാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്താണ് ചാരായം നിരോധിച്ചത്. ഈ ഭരണം പൂർത്തിയാവുന്ന മുറയ്ക്ക് ഇത് നടപ്പിലാക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. കാടിന്റെ മക്കൾ, ആദിവാസി സമൂഹത്തെ അവരുടെ ഭാഷയും വേഷവും അറിഞ്ഞ് സംരക്ഷിക്കേണ്ട ഫോറസ്റ്റുകാർ, പല ഭാഗത്തും അവരെ പീഡിപ്പിക്കുന്നതായിട്ടാണ് അനുഭവം. നേരത്തെയുണ്ടായിരുന്നപോലെയുള്ള കൂലിയും വേലയും ഇല്ലാത്ത അവസ്ഥ ഇന്ന് ഇവർക്കിടയിൽ നിലനിൽക്കുന്നുണ്ട്. അവർക്ക് വനവിഭവങ്ങൾ എടുക്കാൻ ആവശ്യമായ സൗകര്യം ചെയ്തു കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നാട്ടിൽ വ്യാജച്ചാരായവും അതുപോലെതന്നെ മദ്യവും ഒഴുക്കാൻ വേണ്ടിയിട്ടുള്ള വകുപ്പായിട്ടാണ് കാലാകാലങ്ങളായി ഈ വകുപ്പിനെ കണ്ടുകൊണ്ടിരുന്നത്. യഥാർത്ഥത്തിൽ ഈ വകുപ്പിന്റെ മഹത്വം വളരെ വലുതാണ്. നമ്മുടെ നാട്ടിലെ ഒരു തലമുറയെ ശുദ്ധീകരിച്ചെടുക്കാൻ കഴിയുന്നവണ്ണം നല്ല രീതിയിൽ കൊണ്ടുപോകാനുള്ള കർമ്മപരിപാടികളാണ് ഈ വകുപ്പിന് ആവശ്യമായിട്ടുള്ളത്. ഇന്ന് കള്ളനെ താക്കോൽ ഏല്പിക്കുന്ന സ്ഥിതിയാണുള്ളത്. ഉദ്യോഗസ്ഥന്മാർതന്നെയാണ് ഈ രംഗത്തെ ഏറ്റവും അപകടകാരികളായ ആളുകൾ. അബ്കാരി മാഫിയായുമായി ചേർന്നുകൊണ്ട് കള്ള കച്ചവടം വ്യാപകമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് വളരെ തുക്ഷമായിരുന്നു. അതാണ് മണിച്ചൻ ദുരന്തം നമ്മൾ കണ്ടത്. അത് ഇന്ന് വളരെ ശക്തമായി നിയന്ത്രിക്കുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥ തലങ്ങളിൽ ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ടെന്നുള്ളത് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. എക്സൈസ് വകുപ്പ് ശാസ്ത്രീയമായി

LIBRARY ARCHIVES Kerala Legislative Assembly

പുനഃസംഘടിപ്പിക്കണം. നമ്മുടെ പോലീസിനെ മോഡേണൈസ് ചെയ്തതുപോലെ എക്സൈസ് ഡിപ്പാർട്ടുമെന്റിനെ കേന്ദ്രഗവൺമെന്റിൽ നിന്നും ആവശ്യമായ ഫണ്ട് വാങ്ങിച്ചിട്ടാണെങ്കിലും മോഡേണൈസ് ചെയ്ത് പുതിയ ആയുധ സാമഗ്രികളും പുതിയ വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം. വനം വകുപ്പിന്റെ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു നമ്മുടെ നാട്ടിൽ എങ്ങും വനം സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള കർമ്മ പദ്ധതിയുമായി നമ്മുടെ വകുപ്പുമന്ത്രി നീങ്ങുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. വനം സംരക്ഷിക്കുന്ന കാര്യത്തിൽ ഏറ്റവും നല്ല നടപടികൾ സ്വീകരിക്കുകയാണ്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ഫിഷറീസ് മേഖല, തീരദേശ എം.എൽ.എ. എന്നുള്ള നിലയിൽ ഇവിടെ കാണിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഈ പ്രാവശ്യത്തെ കേന്ദ്ര ബഡ്ജറ്റ് വളരെ വിപുലമായിരുന്നു. ഒരുപാട് ദരിദ്ര ജനവിഭാഗങ്ങളെ കണ്ട ബഡ്ജറ്റാണ്. ആ ബഡ്ജറ്റിൽപ്പോലും അവഗണിക്കപ്പെട്ട ഒരു വിഭാഗമുണ്ട്. അത് തീരദേശത്തെ മൽസ്യത്തൊഴിലാളി വിഭാഗമാണ് എന്ന് പറയാതിരിക്കാൻ കഴിയില്ല. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു തീരദേശ മന്ത്രാലയം വേണമെന്ന് നമ്മൾ എല്ലാ കാലങ്ങളിലും ആവശ്യപ്പെട്ടതാണ്. ഇതിനുവേണ്ടി നിരന്തരമായ പോരാട്ടം വേണം. നമ്മുടെ എം.പി.-മാർ വളരെ ശക്തമായി മറ്റ് കാര്യങ്ങൾക്കുവേണ്ടി പ്രക്ഷോഭണം നടത്തുന്നുണ്ട്. എന്നാൽ ഇതിനുവേണ്ടി പ്രക്ഷോഭണം നടത്തുന്നില്ല എന്നുള്ളത് ഖേദകരമായ കാര്യമാണ്. തീരപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്. കർഷകർക്കുവേണ്ടി ഇന്നലെ മുറവിളികൂട്ടി. ഞാൻ അതിനെ എതിർക്കുന്നില്ല. കൃഷിക്കാർക്ക് പ്രയാസങ്ങളുണ്ട്. കർഷകരുടെ പ്രയാസങ്ങളെക്കുറിച്ച് നമ്മൾ പറയുമ്പോൾ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കാണുന്നത് കണ്ടില്ലെന്ന് നടിക്കാൻ പറ്റുമോ? ഏറ്റവും ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന പട്ടിണിയും ദാരിദ്ര്യവും എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് കേരളത്തിലെ തീര പ്രദേശങ്ങളിലാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാലാവസ്ഥയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന, മൽസ്യബന്ധനം ഉപജീവനമാക്കുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്ന് പരിശോധിച്ചു നോക്കിയാൽ അറിയാം അവിടങ്ങളിലെല്ലാം ഇന്ന് പട്ടിണിയാണെന്ന്. അതിനെ കണ്ടില്ലെന്ന നടിക്കാൻ പറ്റില്ല. ഇവിടെ ആത്മഹത്യകളുടെ കാര്യം സൂചിപ്പിച്ചു, ശരിയാണ്. ആത്മഹത്യ ചെയ്യുന്നില്ല എന്ന് മാത്രമെയുള്ളു. ജീവിത സമരവുമായി മല്ലിട്ട് ഏറ്റവും പ്രയാസപൂർണ്ണമായ ജീവിതം നയിച്ചുകൊണ്ട് പട്ടിണിയിൽ നിൽക്കുന്ന ആ വിഭാഗം ആളുകളെ കണ്ടില്ലെന്ന് നടിച്ചാൽ അത് ഈ നാട്ടിലെ സാമൂഹിക വ്യവസ്ഥയോട് ചെയ്യുന്ന ഏറ്റവും വലിയ വെല്ലുവിളിയായിരിക്കും. അതുകൊണ്ട് സാമൂഹിക പ്രതിബദ്ധതയുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഒന്നാം പ്രയോറിറ്റി കൊടുക്കേണ്ടത് തീരപ്രദേശങ്ങളിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്കായിരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കാലവർഷക്കെടുതിയെ കുറിച്ച് പറഞ്ഞു. കൃഷിക്കാർക്ക് നമ്മൾ മോറട്ടോറിയം പ്രഖ്യാപിച്ചു. ഞാൻ പലപ്രാവശ്യം ഈ സഭയിൽ പറഞ്ഞതാണ്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ വള്ളവും വലയും വാങ്ങിക്കുവാൻ വേണ്ടി കെ.എസ്.എഫ്.ഇ.-യിൽ നിന്നും ബാങ്കുകളിൽ നിന്നും ലോൺ വാങ്ങിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വള്ളവും വലയും കാലവർഷ കെടുതികൾമൂലവും കടലാക്രമണംമൂലവു മൊക്കെത്തന്നെ തകർന്നു പോയി. അവർക്ക് ലോൺ തിരിച്ചടയ്ക്കുവാൻ കഴിഞ്ഞില്ല. അവരൊക്കെത്തന്നെ ജപ്തി നടപടിയുമായി മുന്നോട്ടു പോകുകയാണ്. അങ്ങ് കുറച്ചു പൈസ മത്സ്യഫെഡ് വഴി വാങ്ങുന്നതിന് ആനുകൂല്യം കൊടുത്തു. അതും മത്സ്യഫെഡ് കാര്യമായി ചെയ്തിട്ടില്ല എന്നു മാത്രമല്ല, ഇപ്പോഴും അടപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് കാർഷിക രംഗത്തു പ്രഖ്യാപിക്കുന്ന മോറട്ടോറിയം അത് എന്തു കൊണ്ട് ഫിഷറീസ് സെക്ടറിൽ പ്രഖ്യാപിക്കുന്നില്ല. കാർഷിക മേഖലയിൽ കൊടുക്കുന്ന ഈ ആനുകൂല്യം എന്തുകൊണ്ട് തീരദേശത്തെ ജനങ്ങൾക്ക് കൊടുക്കുന്നില്ല. അവർ ഏറ്റവും പ്രയാസം അനുഭവിക്കുന്ന ആളുകളല്ലേ? കാർഷിക മേഖലയോടു കാണിക്കുന്ന അതേ സമീപനം മത്സ്യമേഖലയോടും മത്സ്യത്തൊഴിലാളികളോടും കാണിക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. മണ്ണെണ്ണ പെർമിറ്റിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർമാർ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി. കേരളത്തെ സംബന്ധിച്ചിടത്തോളം മിക്കവാറും വീടുകളിൽ വൈദ്യുതിയുണ്ട്. അല്ലെങ്കിൽ ഗ്യാസ് ഉപയോഗിക്കുന്നുണ്ട്. പക്ഷേ മത്സ്യ തൊഴിലാളികളാണ് മണ്ണെണ്ണ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. പുതിയ കേന്ദ്ര ബജറ്റിൽ അതിന്റെ ഇറക്കുമതി ചുങ്കം കൂട്ടിയിരിക്കുകയാണ്. ഇതോടുകൂടി മത്സ്യ തൊഴിലാളികളുടെ ജീവിതം കൂടുതൽ പ്രയാസപൂർണ്ണമാകും. മണ്ണെണ്ണയുടെ കാര്യത്തിലും ലംപ്സം ഗ്രാന്റിന്റെ കാര്യത്തിലുമൊക്കെത്തന്നെ സാമ്പത്തിക പ്രശ്നം വരികയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേൾക്കേണ്ടതാണ്. ധനകാര്യ വകുപ്പുമന്ത്രിക്ക് എന്ത് പറഞ്ഞാലും സാമ്പത്തിക ബുദ്ധിമുട്ടാണ്. ഈ മത്സ്യത്തൊഴിലാളികൾക്കു കൊടുക്കേണ്ട ലംപ്സം ഗ്രാന്റും പെൻഷനുമൊക്കെ തടഞ്ഞുവച്ചാൽ ദൈവം നിങ്ങളോട് പൊറുക്കുകയില്ല എന്നു മാത്രമേ എനിക്ക് സൂചിപ്പിക്കുവാനുള്ളു. ഞാൻ വളരെ വിനയത്തോടെ പറയുകയാണ് ധനകാര്യ വകുപ്പുമന്ത്രി മാത്രമല്ല, കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രിയും അങ്ങനെതന്നെ. കഴിഞ്ഞ ഗവൺമെന്റ് കൊടുക്കേണ്ട ലംപ്സം ഗ്രാന്റാണ് ഇപ്രാവശ്യം ശ്രീ. കെ. വി. തോമസ് കൊടുത്തിരിക്കുന്നത്. നിങ്ങൾ കൊടുത്തിട്ടില്ല. നിങ്ങൾക്ക് ശാപം കിട്ടിയിട്ടാണ് നിങ്ങൾ പ്രതിപക്ഷത്തിരിക്കുന്നത്. ആ ശാപം നമ്മൾകൂടി ഏറ്റു വാങ്ങണമോ എന്നതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. കടലാക്രമണമുള്ള പ്രദേശങ്ങളിൽ കടൽഭിത്തി കെട്ടുന്നതിനുള്ള നടപടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് സമയബന്ധി തമായി നടപ്പാക്കണം. തീരദേശ വികസന അതോറിറ്റി രൂപീകരണത്തെക്കുറിച്ച് ഞാൻ എല്ലാ പ്രാവശ്യവും പറയുന്നതാണ്. വളരെ കാലമായി പറഞ്ഞുകൊണ്ടു നടക്കുന്ന തീരദേശ വികസനം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കേണ്ടതാണ്. നിങ്ങൾ എത്ര കാലമായി പറയുന്നു, തീരപ്രദേശത്ത് കുടിവെള്ളമില്ല. റോഡ് ഇല്ല. ഗതാഗത സൗകര്യങ്ങളില്ല. വൈദ്യുതി ഇല്ല. കഴിഞ്ഞ ദിവസം ഞാൻ എന്റെ മണ്ഡലത്തിൽ ഒരു ചെറ്റ കുടിലിൽ പോയി. ആ വീടു കണ്ടാൽ വീടാണെന്നു പറയാൻ കഴിയുകയില്ല. റേഷൻ കാർഡ് എടുത്തു നോക്കിയപ്പോൾ ആ റേഷൻ കാർഡിൽ എ.പി.എൽ. എന്നാണ് എഴുതിയിരിക്കുന്നത്. എനിക്ക് അത്ഭുതം തോന്നി. എ.പി.എൽ. ആണ്, ബി.പി.എൽ അല്ല. കൂടിൽ എന്നു പറയേണ്ടതില്ല, വെറും ഓലമേഞ്ഞ ഷെഡിൽ താമസിക്കുന്ന പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളിയെ അവർ എ.പി.എൽ.-ൽ ആക്കിയിരിക്കുകയാണ്. ആരാണ് എ.പി.എൽ.-ഉം ബി.പി.എൽ.-ഉം നിശ്ചയിച്ചിരിക്കുന്നത്? എനിക്കു പറയാനുള്ളത്, നിങ്ങളുടെ കാലത്താണ് നിശ്ചയിച്ചിരിക്കുന്നത്. അത് ഇതുവരെ മാറ്റിയിട്ടില്ല. എനിക്ക് വിനീതമായി പറയാനുള്ളത് തീരപ്രദേശത്തെ മുഴുവൻ മത്സ്യ തൊഴിലാളികളെയും ബി. പി. എൽ. പരിധിയിൽ കൊണ്ടുവരാൻ ഈ ഗവൺമെന്റ് തീരുമാനമെടുക്കണം. സ്റ്റേറ്റ് ഗവൺമെന്റിനു കഴിയും. സ്റ്റേറ്റ് ഗവൺമെന്റ് തീരുമാനമെടുക്കണം. തീരപ്രദേശത്തെ മുഴുവൻ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ.-ൽ ഉൾപ്പെടുത്താൻ തയ്യാറാകണം. അതുപോലെ തീരദേശ പരിപാലനനിയമം. എല്ലാ നിയമങ്ങളും മത്സ്യത്തൊഴിലാളികൾക്ക് എതിരാണ്. തീരദേശത്തെ ഈ ചെറ്റക്കുടിൽ ഒന്നു മാറ്റാമെന്നു വച്ചാൽ, തീരദേശ പരിപാലന നിയമം കാരണം സാധിക്കുന്നില്ല. വൻകിട സ്റ്റാർ ഹോട്ടലുകൾക്ക് കുഴപ്പമില്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളി വീടുണ്ടാക്കുവാൻ പോയാൽ അപ്പോൾ നിയമംവന്ന് കഴുത്തിനു പിടിക്കുകയാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങുംകൂടി ഒരു പാക്കേജ് പ്രഖ്യാപിച്ച് അടിയന്തിരമായി ഈ കടൽപ്രദേശത്തു താമസിക്കുന്ന ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ വേണ്ടിയിട്ടുള്ള ശക്തമായ നടപടി ഉണ്ടാക്കണം. എന്റെ മണ്ഡലത്തിലും അങ്ങ് ഒരു തീരദേശ റോഡ് അനുവദിച്ചിട്ടുണ്ട്. ടെൻഡർ വിളിച്ച് പ്രവൃത്തി തുടങ്ങി. തുടങ്ങാൻ നില്ക്കുമ്പോൾ പറഞ്ഞു, പൈസ ഇല്ല, ലാപ്സായി പോയി. എന്താണ് സർ കാരണം? എങ്ങനെയാണ് പൈസ ലാപ്സായി പോകുന്നത്? മന്ത്രിമാരെ ഭരിക്കുന്ന ഉദ്യോഗസ്ഥന്മാരോ? റോഡ് അനുവദിച്ചാൽ ആ റോഡിന്റെ പൈസ ലാപ്സായി പോകുന്നു എന്നു പറഞ്ഞാൽ, ഇത്തരത്തിലുള്ള ഉദ്യോഗസ്ഥന്മാരെ കർശനമായി നിയന്ത്രിക്കുവാനും നടപടി എടുക്കുവാനുമുള്ള ആർജ്ജവം അങ്ങ് കാണിക്കണം. അങ്ങ് ഈ രംഗത്ത് ഒരുപാട് കാര്യങ്ങൾ ചെയ്ത വ്യക്തിയാണ്. തീരദേശത്തെ കക്കൂസ് ഇല്ലാത്ത പാവപ്പെട്ട മത്സ്യ തൊഴിലാളികൾക്ക് നിങ്ങളുടെ കാലത്ത് കക്കൂസ് കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയാണ് കൊടുത്തത്. പതിനായിരക്കണക്കിന് കക്കൂസ് കൊടുത്തു. വീട് മെയിന്റനൻസ് നടത്താൻ വേണ്ടിയിട്ട് തീരദേശ സംരക്ഷണ പദ്ധതിയിലൂടെ ഇരുപത്തയ്യായിരം രൂപ കൊടുത്തു. ഭവന നിർമ്മാണ പദ്ധതിക്കു കൊടുത്തു. നിരവധി സ്കീം ഉണ്ടാക്കി. എന്റെ മണ്ഡലത്തിലെ ഒരു ചെറിയ കാര്യം, മന്ത്രിക്ക് അറിയാം. ഏഴു കൊല്ലമായി ഞാൻ എന്റെ മണ്ഡലത്തിലെ ഇരുപത്തിയഞ്ചു പേർ ഉൾക്കൊള്ളുന്ന മത്സ്യത്തൊഴിലാളി സംഘത്തിന് വള്ളവും വലയും കൊടുക്കുവാൻ വേണ്ടി മത്സ്യഫെഡിൽനിന്നും ലോൺ കൊടുക്കാമെന്നു പറയുന്നു. ഇതുവരെ കൊടുത്തിട്ടില്ല. ഏഴു കൊല്ലം മുമ്പ് അനുവദിച്ച ഇ.എം.എസ്. വള്ളത്തിന് അഞ്ചു ലക്ഷം അനുവദിച്ചു. ഇന്നലെ വീണ്ടും അഞ്ചു ലക്ഷം അനുവദിച്ചിരിക്കുകയാണ്. എന്താണ് ഇവിടെ നടക്കുന്നത്. വെറും രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടാണ് ലോണുകൾ അനുവദിക്കുന്നത്. ഇവിടെ ശ്രീ. പ്രതാപൻ സൂചിപ്പിച്ചു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്നുകോടി രൂപ ലാഭമുണ്ടായിരുന്നത് ഇപ്പോഴും ഒരുപാട് നഷ്ടത്തിലാണ്. മത്സ്യഫെഡ് രാഷ്ട്രീയത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുകയാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക് ആനുകൂല്യം കൊടുക്കുവാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പ്രേരിതമായി വെറും എ. കെ. ജി. സെന്ററിൽ നിന്നും പറയുന്ന കാര്യം മാത്രം ചെയ്യുന്ന ഒരു ബോർഡ് ആയിപ്പോയി. ഈ ഗവൺമെന്റിന്റെ പ്രതിച്ഛായ തകർക്കുന്നത് ഇവർ തന്നെയാണ്. ഏതായാലും ഈ കാര്യത്തിൽ കർശനമായ നടപടിയുണ്ടാകണം. മത്സ്യഫെഡ് അടിയന്തിരമായി പിരിച്ചു വിടണം. ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാർ പറഞ്ഞു, അങ്ങ് കുറെക്കാലം മന്ത്രിയായിരുന്നുവല്ലോ? ഇവിടെ അങ്ങേയ്ക്ക് സങ്കൽപ്പിക്കുവാൻ കഴിഞ്ഞോ? എല്ലാ എം.എൽ.എ.-മാരെയും എല്ലാ പാർട്ടി നേതാക്കന്മാരെയും മത്സ്യത്തൊഴിലാളി സംഘടനകളെയുമെല്ലാം വിളിച്ചു കൂട്ടി. എത്ര പ്രാവശ്യം ചർച്ച ചെയ്തു? എന്തുമാത്രം കോൺസൻസസ് ഉണ്ടാക്കി എന്നിട്ട് ഈ നയം, ഒരു ചെറിയ വാചകം എടുത്തിട്ട് ഇത് വലിയ കുഴപ്പമാണ്. അങ്ങ് എങ്ങനെയാണ് ഇത് പറയുന്നത്? അങ്ങ് എന്താണ് പറഞ്ഞിരിക്കുന്നത്? പരമ്പരാഗത മത്സ്യ തൊഴിലാളിക്ക് ഇത്രയും പ്രാമുഖ്യം നല്കിയ ഒരു നയം കേരള ചരിത്രത്തിൽ ഉണ്ടായിട്ടില്ല. പരമ്പരാഗത വ്യവസായ മേഖലയെ ഏറ്റവും ശക്തിപ്പെടുത്തുന്ന നിലയിലുള്ള ബജറ്റാണിത്. അത് നിങ്ങളുടെ എല്ലാവരുടെയും കൺസൻസ്സോടു കൂടി ചെയ്തിട്ട് ഇപ്പോൾ ഇവിടെ വന്നിട്ട് അത് കുഴപ്പമാണെന്നു പറയുന്നത് വളരെ മോശമായിപ്പോയി. ഞാൻ ധനാഭ്യർത്ഥന കളെ അനുകൂലിക്കുകയാണ്.

<u>ശ്രീ. പി. കെ. കെ. ബാവ:</u> ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടി വർഷങ്ങൾ ഏറെ പിന്നിട്ടു. പക്ഷേ നമ്മുടെ കടലോര നിവാസികളെ സംബന്ധിച്ചിടത്തോളം ഇന്നും അവർ പഴയതുപോലെ തന്നെ അവരുടെ ജീവിതം തള്ളിനീക്കുകയാണ് എന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ഗ്രാമപ്രദേശത്ത്, മാത്രമല്ല, നമ്മുടെ പട്ടണ പ്രദേശത്തും, കടലോരമെന്നു പറഞ്ഞാൽ അവിടെ ഇന്നും ചേരിപ്രദേശ മായിത്തന്നെ നിലനില്ക്കുന്നു എന്നുള്ള വസ്തുത ഞാനിവിടെ ആവർത്തിക്കേണ്ട തായിട്ടില്ല. അതുകൊണ്ടുതന്നെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രതീക്ഷയ്ക്ക് വകയുണ്ട്. പ്രത്യേകിച്ചും ബഹുമാനപ്പെട്ട മന്ത്രി ഈ ചുമതല ഏറ്റെടുത്തതിനു ശേഷം അവർ വലിയ പ്രതീക്ഷയിലാണ്. മറ്റൊന്നുമല്ല. അങ്ങ് ആ വകുപ്പിനോടും ആ വിഭാഗത്തോടും കാണിക്കുന്ന പ്രതിബദ്ധത തന്നെയാണ്. അവരുടെ അഭിപ്രായം സമീപകാലത്ത് ഞങ്ങൾക്കുവേണ്ടി ഇതുപോലെ കഠിനയത്നം ചെയ്തിട്ടുള്ള മന്ത്രിയെ ഞങ്ങൾ കണ്ടിട്ടില്ല എന്നാണ്. ഇപ്പോൾ പ്രത്യേകിച്ചും ഈ നയപ്രഖ്യാപനംകൂടി വന്നതോടുകൂടി അവർ ഈ ഗവൺമെന്റിനെ വല്ലാതെ ഉറ്റു നോക്കുകയാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ആ നിലയിൽ അവരുടെ ക്ഷേമ പ്രവർത്തനത്തിന് കുറെക്കൂടി ശക്തമായിട്ടുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണ മെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ഏതാണ്ട് ഇരുപത്തി യൊന്ന് ഇനങ്ങളിലായി ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരുന്നതാണ്. പക്ഷേ അത് കുറഞ്ഞ് ഏതാണ്ട് നാലിനത്തിൽ ഒതുങ്ങി നില്ക്കുകയാണ്. എന്നാൽ ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

പതിനേഴ് ആനുകൂല്യങ്ങൾ ഇതിനകം നിർത്തലാക്കി എന്നുള്ള വസ്തുത വളരെയേറെ ഖേദകരമാണ് എന്നുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നിലവിലുണ്ട്. അവർക്ക് അപകടമരണത്തിൽ ലഭിക്കുന്ന ധനസഹായവും നിലവിലുണ്ട്. വിധവകളുടെ മക്കളുടെ വിവാഹ സഹായവും ഇപ്പോൾ നിലവിലുണ്ട്. പക്ഷേ ചികിത്സാ സഹായം ഇപ്പോൾ നിലവിലില്ല എന്നുള്ളതാണ് സത്യം. അതോടൊപ്പം തന്നെ സാധാരണഗതിയിൽ മരിച്ചാൽ അവർക്ക് ആനുകൂല്യം ലഭിക്കുന്ന സമയമുണ്ടായിരുന്നു. ഇപ്പോൾ ആ ആനുകൂല്യവും നിലവിലില്ല.

ക്ഷേമനിധി ബോർഡിന് കയറ്റുമതിക്കാർ നൽകേണ്ടിയിരുന്ന കുടിശ്ശിക 40 കോടിരൂപയാണ്. അത് കിട്ടിയിട്ടില്ല. അത് ഹൈക്കോടതി തടഞ്ഞിരിക്കുകയാണ്.

1.00 p.m.] അത് ലഭ്യമാക്കുന്നതിനും ഒരു നിയമ നിർമ്മാണത്തെക്കുറിച്ച് പലപ്പോഴും ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ആ നിയമനിർമ്മാണം ഞാൻ മനസ്സിലാക്കിയിടത്തോളം ഒരു വർഷമായി ലാ ഡിപ്പാർട്ടുമെന്റിൽ കിടക്കുകയാണ്. എത്രയും വേഗം അത് ലാ ഡിപ്പാർട്ടുമെന്റിന്റെ കൈയിൽ നിന്ന് മോചിപ്പിച്ചെടുത്ത് നിയമമാക്കി നമ്മുടെ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ ആഗ്രഹിക്കുന്നതുപോലെ അവരെ സഹായിക്കുന്നതിന് അങ്ങ് സന്നദ്ധമാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന് മണ്ണെണ്ണ സബ്സിഡി. അതിപ്പോൾ കുറച്ചിരിക്കുകയാണ്. അതുകൊണ്ട് ലിറ്ററിന് പത്തുരൂപ എന്നത് ഇപ്പോൾ 11 രൂപയായി വർദ്ധിച്ചിട്ടുണ്ട്. അത് മൽസ്യ തൊഴിലാളികളെ ഏറെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. അതുപോലെ ഗവൺമെന്റ് നേരത്തെ അവർക്ക് നൽകിക്കൊണ്ടിരുന്ന മണ്ണെണ്ണ അലോട്ട്മെന്റ് കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് പഴയതുപോലെ ആക്കി അർഹിക്കുന്ന എല്ലാ മൽസ്യത്തൊഴിലാളികൾക്കും മണ്ണെണ്ണ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. നേരത്തെ ആഴക്കടലിൽ വിദേശ ട്രോളറുകൾ പ്രവർത്തിച്ചിരുന്നു. അത് സാധ്യമല്ല എന്ന സ്ഥിതി വന്നപ്പോൾ വിദേശ ട്രോളറുകൾ ഇപ്പോൾ ഇൻഡ്യൻ കമ്പനിയുടെ രജിസ്ട്രേഷനിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്ന വസ്തുത നമ്മുടെ തീരപ്രദേശത്തെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് വലിയ ആശങ്കയും ഭയപ്പാടും ഉണ്ടാക്കുന്ന സ്ഥിതിവിശേഷം ഉണ്ട്. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം അവർക്ക് സ്കോളർഷിപ്പ് ലഭിച്ചിരുന്നു. ഇപ്പോൾ അത് ലഭിക്കുന്നില്ല. അതുപോലെ റാങ്കുകാർക്ക് അയ്യായിരം രൂപ സ്കോളർഷിപ്പ് ലഭിച്ചിരുന്നു. അതും ലഭിക്കാത്ത സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. അതുപോലെ ഏറ്റവും നല്ല മൽസ്യത്തൊഴിലാളി ഗ്രൂപ്പിന് ഒരു ലക്ഷം രൂപ ഗ്രാന്റായി അവർക്ക് നൽകിയിരുന്നു. ഇപ്പോൾ അതില്ല. ഏറ്റവും നല്ല സൊസൈറ്റിക്ക് ഒരുലക്ഷം രൂപ നൽകിയിരുന്നു. അതും ഇപ്പോൾ ലഭ്യമാകുന്നില്ല. അതുകൊണ്ട് ഇവിടെ നിർത്തലാക്കിയിട്ടുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായി ശ്രദ്ധചെലുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 654 സഹകരണ സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഒരു മൽസ്യ ഗ്രാമത്തിന് ഒരു സംഘം എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ 222 സംഘങ്ങൾ മാത്രമേ ഇവിടെ പ്രവർത്തിക്കേണ്ടതായിട്ടുള്ളു. അതിനു പകരം 654 സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുകയാണ്. കടലാസ് സംഘങ്ങൾ എവിടെയെങ്കിലുമുണ്ടെങ്കിൽ അങ്ങനെയുള്ള സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനോ അല്ലെങ്കിൽ പിരിച്ചു വിടുന്നതിനോ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ കടലോരങ്ങളിലെ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ മഴക്കാലമാകുമ്പോൾ അനുഭവിക്കുന്ന ദുരിതങ്ങളിൽ, പ്രയാസങ്ങളിൽ ഗവൺമെന്റിന്റെ ശ്രദ്ധയുണ്ട്. ഈ സഭയിൽ എല്ലാവരും പറഞ്ഞുസമ്മതിച്ചതാണ്. അവരെ സംബന്ധിച്ചിടത്തോളം മൺസൂൺ കാലത്ത് സ്ഥിരമായി അവർക്ക് സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികളുണ്ടാകണം. ബി.പി.എൽ.-കാർക്ക് മാത്രമേ ഈ ആനുകൂല്യം പ്രത്യേക സന്ദർഭങ്ങളിൽ കൊടുക്കാറുള്ളു. അതുകൊണ്ട് അർഹരായ പലർക്കും അത് നഷ്ടമാകുന്ന സ്ഥിതിവിശേഷം ഉണ്ട്. ആദിവാസികളെ ബി.പി.എൽ. ആയി പ്രഖ്യാപിച്ചതുപോലെ കടലോരത്തുള്ള മൽസ്യത്തൊഴിലാളികളേയും ബി.പി.എൽ. ആയി പ്രഖ്യാപിച്ച് അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതോടൊപ്പം തന്നെ കാർഷിക മേഖലയിലുള്ള കടങ്ങൾ എഴുതിത്തള്ളുന്നതുപോലെ മൽസ്യത്തൊഴിലാളികളുടെ കഷ്ടപ്പാടും അവരുടെ ദുരിതവും ബുദ്ധിമുട്ടുമൊക്കെ പരിഗണിച്ചുകൊണ്ട് മൽസ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളണം. അവർക്ക് പുതിയ ജീവിതം നൽകുന്നതിന് മുന്നോട്ട് വരണമെന്ന് ഞാൻ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ വർഷകാലത്ത് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ ചെറുതല്ല. വളരെ വലുതാണ്. നമ്മുടെ കടലോര പ്രദേശങ്ങളിലെ ദുരിതവും, ദുരന്തവും പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവിതം ദുസ്സഹമാണ് എന്നു മാത്രമല്ല അവിടെ ധാരാളം കുടുംബങ്ങൾ ഇപ്പോഴും റിലീഫ് ക്യാമ്പുകളിൽ താമസിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി സന്തോഷത്തോടെ പിൻതാങ്ങുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഞാൻ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഭൂമിയും മനുഷ്യനും ഉണ്ടായ കാലം തൊട്ടുണ്ടായതാണ് മൽസ്യബന്ധനം. ആദിമമനുഷ്യൻ കാട്ടിൽ മൃഗങ്ങളെ വേട്ടയാടിയും, പുഴകളിലും നദികളിലും മൽസ്യം പിടിച്ചുമാണ് ജീവിച്ചിരുന്നത്. ഒരു ചൈനീസ് പഴഞ്ചൊല്ലുണ്ട്. If somebody ask for a fish, give a hook ഒരാൾ മൽസ്യം ചോദിച്ചാൽ ചൂണ്ട കൊടുക്കണമെന്നാണ്. എന്നു വച്ചാൽ അവൻ അതുകൊണ്ട് ജീവിച്ചുകൊള്ളും. നമ്മുടെ തീരപ്രദേശമാകെ പ്രക്ഷുബ്ധമാണ്. കടലാക്രമണംമൂലം മൽസ്യത്തൊഴിലാളികളുടെ ജീവിതം സുരക്ഷിതമല്ല. ലോക സംസ്ക്കാരത്തിന് അമൂല്യമായ സംഭാവന നൽകിയവരാണ് ഈ സമൂഹം. ലോകത്തെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ ക്ലാസിക് മഹാഭാരതം എഴുതിയ വേദവ്യാസൻ പരാശര മഹർഷിക്ക് മുക്കുവ സ്ത്രീയായ സത്യവതിയിൽ ജനിച്ച പുത്രനാണ്. ലോകത്തെ ഏറ്റവും വലിയ മതമാണ് ക്രൈസ്തവ മതം. അത് കെട്ടിപ്പടുത്തത് വലിയ മുക്കുവനായ പത്രോസിലൂടെയാണ്. "പത്രോസെ നീ പാറയാകുന്നു. നിന്റെ പാറയിൽ ഞാൻ പള്ളി പണിയും" യേശുക്രിസ്തു പറഞ്ഞതാണ്. ഇതൊക്കെയാണെങ്കിലും ഈ സമൂഹത്തിന്റെ പരമ്പരാഗതമായ സംസ്ക്കാരവും ഭാഷയും വികലമായി കൊണ്ടിരിക്കുകയാണ്. സിനിമയിലും സീരിയലിലും ഈ സമൂഹത്തിന്റെ ഭാഷയെ അപമാനിക്കുന്നു. ഇന്നും പിന്നോക്ക വിഭാഗങ്ങളിൽ ക്രീമിലെയറിൽപ്പെടാത്ത ഏക വിഭാഗം ഫിഷർമെനാണ്. അതുകൊണ്ട് തന്നെ ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ വെളിപ്പെടുന്നില്ല. കഷ്ടപ്പാടുകളുടെ നടുവിലും, ആർത്തിരമ്പുന്ന മഹാസാഗരത്തോട് മല്ലിടുന്ന ഈ സമൂഹത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി ഉണ്ടാക്കപ്പെടുന്ന പല പദ്ധതികളും ലക്ഷ്യം കാണുന്നില്ല. സ്വന്തമായി വീടില്ലാത്തവരാണ് ബഹുഭൂരിപക്ഷവും. അറുപതു ശതമാനം പേർക്ക് കക്കൂസില്ല. വീടു വയ്ക്കാൻ തീരപ്രദേശത്ത് സ്ഥലമില്ല. ഉണ്ടെങ്കിലും തീരദേശ നിയമം കാരണം അവർക്ക് വീടുവയ്ക്കാൻ കഴിയുന്നില്ല. ഇന്ന് പദ്ധതികൾ നിരവധി ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട തോമസ് മാഷ് തന്നെ ഒരു പുതിയ പദ്ധതിയുണ്ടാക്കി. വീട് റിപ്പയറിംഗിന് ഇരുപതിനായിരം രൂപ ഗ്രാന്റ് കിട്ടി. പതിറ്റാണ്ടുകൾക്കുമുൻപ് പല ആധുനികവൽക്കരണവുംകൊണ്ട് സമ്പന്നൻ മാരായവർ മറ്റുള്ളവരാണ്. Indo-Norwegian Project ആണ് ആദ്യത്തെ സംരംഭം. Mechanised fishing-ന് വേണ്ടി ട്രോളിംഗ് സിസ്റ്റം വന്നു. പരമ്പരാഗതക്കാർ എത്ര ശതമാനം പേർ രക്ഷപ്പെട്ടു എന്നു നോക്കുമ്പോൾ അവരുടെ എണ്ണം വളരെ കുറവാണ്. തലയിൽ മീനുമായി യന്ത്രങ്ങളെപ്പോലെ നിലയ്ക്കാതെ ഓടുന്ന സഹോദരിമാരെ അരയാത്തിയെന്നും, മുക്കുവത്തിയെന്നും വിളിക്കപ്പെടുന്ന അവർ ഇന്നും നമ്മുടെ നാട്ടിൽ കാഴ്ചവസ്തുവല്ല, ഇപ്പോഴുമുണ്ട്. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഉണ്ടാക്കപ്പെട്ട മൽസ്യഫെഡിൽ 650-ഓളം സംഘങ്ങളുണ്ട്. ബഹുഭൂരിപക്ഷവും ഡിഫൻക്ട് ആണ്. എന്തിനിത് വച്ചുകൊണ്ടിരിക്കുന്നു? 222 കടലോര ഗ്രാമങ്ങൾ പണ്ടുണ്ടാക്കിയ സങ്കല്പമാണ്. അതിനനുസൃതമായി മത്സ്യസംഘങ്ങൾ പുനഃസംഘടിപ്പിക്കണം. അതിനുവേണ്ടി മത്സ്യഫെഡ് പിരിച്ചു വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മത്സ്യഫെഡിനെക്കുറിച്ച് ധാരാളം ആരോപണങ്ങൾ വന്നിരിക്കുന്നു. എല്ലാവരേയും ഒരുപോലെ കാണാനുള്ള കാഴ്ചപ്പാട് അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ തിമിരം അവരെ ബാധിച്ചിരിക്കുന്നതിൽ എനിക്ക് ഖേദമുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഈ രംഗത്ത് സർക്കാർ ഇടപെടണം. ക്ഷേമനിധി ബോർഡുകൾ വഴി ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നശേഷം 16.54 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ പ്രഖ്യാപിച്ച ചില പദ്ധതികൾ നമ്മുടെ ഫിഷറീസ് സെക്രട്ടറി, ഒരു ഉത്തരവുവഴി നിർത്തലാക്കിയിരിക്കുന്നു. ഈ സെക്രട്ടറിയെ ഒന്ന് മാറ്റിത്തരണം. എന്തു പറഞ്ഞാലും ഉടക്കുക, എന്ത് പദ്ധതി വന്നാലും ഉടക്കുക. ഒരു കോടി തൊണ്ണൂറു ലക്ഷത്തിന്റെ റോഡ് കളഞ്ഞു. ഫിഷ് ലാന്റിംഗ് സെന്ററിന്റെ ഇൻവെസ്റ്റിഗേഷന് എ.എസ്. പോലും കൊടുത്തിട്ടില്ല. അദ്ദേഹം ആരാണ്? ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത് ഇദ്ദേഹത്തെ നിലയ്ക്ക് നിർത്തണം. അല്ലെങ്കിൽ ഞങ്ങൾക്ക് വിട്ടുതരണം. കടപ്പുറത്തുകാർക്ക് നല്ല കൈബലം ഉണ്ട്. അടിയന്തിരമായി അങ്ങനെയുള്ളവരെയൊക്കെ നിലയ്ക്ക് നിർത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചീഫ് സെക്രട്ടറി 22-6-2004-ൽ ഒരു ഉത്തരവിറക്കി. നല്ല ഉത്തരവായിരുന്നു. പക്ഷേ നടപ്പിലായില്ല. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇംപ്ലിമെന്റ് ചെയ്യാൻ നമുക്ക് സംവിധാനമില്ല. ഒന്നുകിൽ ഹാർബർ ഡിപ്പാർട്ടുമെന്റിലേയ്ക്ക് പോകണം. അല്ലെങ്കിൽ എൽ.എസ്.ജി വഴി പോകണം. അല്ലെങ്കിൽ മറ്റ് സംവിധാനത്തിലേയ്ക്ക് പോകണം. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളിൽ കുറച്ചുകൂടി പ്രതിബദ്ധത ഗവൺമെന്റ് കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ '80-കളിലും 90-കളിലും' ഒക്കെ ഹൗസിംഗ് ബോർഡിൽനിന്നും മത്സ്യത്തൊഴിലാളിക്ക് ലോൺ കൊടുത്തിട്ടുണ്ട്. ഇന്ന് എല്ലാവർക്കും ആർ.ആർ. ആണ്. ചട്ടിയും കലവും പെറുക്കുകയാണ്. ആ നടപടി നിർത്തിവയ്ക്കണമെന്ന് മാത്രമല്ല, നമ്മുടെ ഭവന നിർമ്മാണപദ്ധതിയിൽപ്പെടുത്തി ഈ കടം തിരിച്ചടയ്ക്കണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. തീരദേശ അതോറിറ്റിക്ക് ഇത്തവണ ഏഴര കോടി രൂപയുണ്ട്. എങ്ങനെയാണ് ഈ പണം ചെലവഴിക്കാൻ പോകുന്നത്. ഈ ഡിപ്പാർട്ടുമെന്റ് വേണ്ടേ ചെലവാക്കാൻ? നമ്മുടെ എൽ. എസ്. ജി. ഡിപ്പാർട്ടുമെന്റ് ഉണ്ട്. അതുപോലെ കടലിൽ കല്ല് ഇടുന്നത് ഇറിഗേഷനാണ്. ഫിഷറീസിന്റെ കാര്യം വരുമ്പോൾ സത്യം പറഞ്ഞാൽ നമ്മുടെ ഡിപ്പാർട്ടുമെന്റിന് ഫലപ്രദമായി ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുന്നില്ല എന്ന ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഏഴരക്കോടിരൂപ തീരദേശ അതോറിറ്റിക്കുള്ളത് കുടിവെള്ളം കൊടുക്കാനും റോഡ് നന്നാക്കാനും അതുപോലെ തന്നെ മറ്റ് ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകാനുംവേണ്ടി നീക്കിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതുപോലെ കടൽഭിത്തി കെട്ടുന്നത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ് മണൽ ചാക്കിടുന്നത്. റവന്യൂ ഡിപ്പാർട്ടുമെന്റാണ്. വീട് നഷ്ടപ്പെട്ടാൽ അന്വേഷിക്കുന്നത് റവന്യൂക്കാർ. റിപ്പോർട്ട് കിട്ടിയിട്ടും ഒന്നും നടക്കുന്നില്ല. കഴിഞ്ഞ മെയ് മാസം ആദ്യം കേരളം കണ്ട അതിരൂക്ഷമായ കടൽ ക്ഷോഭം എറണാകുളം ജില്ലയിൽ ഉണ്ടായപ്പോൾ എന്റെ മണ്ഡലത്തിൽമാത്രം 1800 വീടുകളാണ് നശിച്ചത്. കളക്ടർ റിപ്പോർട്ട് അയച്ചു, 50 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്ന്. ഒരു പൈസയും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അനുവദിച്ചത് അഞ്ചുലക്ഷം രൂപയാണ്. കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. അതുപോലെ മണ്ണെണ്ണയുടെ കാര്യം. ഓരോ വർഷവും മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്ന മണ്ണെണ്ണയുടെ തോത് കുറയുകയാണ്. ഗ്യാസ് ഉള്ളവർക്ക് എന്തിനാണ് മണ്ണെണ്ണ കൊടുക്കുന്നത്? രണ്ടും മൂന്നും ഗ്യാസ് സിലിണ്ടർ ഉള്ളവർക്ക് മണ്ണെണ്ണ കൊടുക്കുന്നത് അവസാനിപ്പിക്കണം. ആ മണ്ണെണ്ണ കൂടി സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തെങ്കിൽ മാത്രമേ അവരുടെ വഞ്ചി ഇറക്കാൻ കഴിയൂ. അതുകൊണ്ട് അടിയന്തിരമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഫിഷറീസ് പോളിസി ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. വളരെയേറെ ചർച്ചകൾക്ക് ശേഷമാണ് അത് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

1991-ൽ ഒന്ന് ഉണ്ടായി. പക്ഷേ നമുക്ക് ഇംപ്ലിമെന്റ് ചെയ്യാൻ കഴിഞ്ഞില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പോളിസിയേ ഉണ്ടായിരുന്നില്ല. ഞാൻ ഈ സഭയിൽ അന്നും ഉണ്ടായിരുന്ന ആളാണ്. അന്ന് ടി. കെ. രാമകൃഷ്ണൻ ആയിരുന്നു മന്ത്രി. അതിനുമുമ്പ് ശ്രീ. മത്തായി ചാക്കോ അദ്ദേഹത്തിന്റെ പി.എസ്. ആയിരുന്നു. പക്ഷേ ഫിഷറീസ് പോളിസി ഈ സഭയിൽ വന്നിട്ടില്ല. അത് ഏറെ ചർച്ച ചെയ്തതാണ്. പ്രതിപക്ഷത്തുള്ളവരേയും സ്വതന്ത്രരേയും എല്ലാ ആൾക്കാരേയും വിളിച്ച് വർഷങ്ങളോളം ചർച്ച ചെയ്ത് ഉണ്ടാക്കിയ പോളിസിയാണ്. ഈ പോളിസി ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കണം. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അടുത്ത ഭാവിയിലെങ്കിലും മത്സ്യ ബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം ട്രഡീഷണൽ ഫിഷർമെനിന് കൊടുക്കണം. കൃഷി ഭൂമി കർഷകന് എന്ന് പറയും. കാട് കാടിന്റെ മക്കൾക്ക് എന്നുപറയും. അതുപോലെ കടൽ കടലിന്റെ മക്കൾക്ക് അവകാശപ്പെട്ടതാണ്. അതുകൊണ്ട് ഇത് എഴുതി വച്ചാൽ മാത്രം പോര എല്ലാവരും രംഗത്തേയ്ക്ക് വരികയാണ്. ഇപ്പോൾ ഫിഷിംഗ് വളരെ ആദായകരമായ ഏർപ്പാടായി മാറിയില്ലേ? പണ്ട് മുക്കുവർ വീട്ടിൽ വന്നാൽ കസേരയിൽ ഇരുത്തില്ല. പായ ഇട്ടേ ഇരുത്തുകയുള്ളു. മുക്കുവനാണെന്ന് പറയാൻ മടിയായിരുന്നു. ഇന്ന് എല്ലാവരും എഴുതി കൊടുക്കും. എന്താ ജോലി മത്സ്യബന്ധനമെന്ന്. എന്താ കാര്യം? മരിച്ചാൽ ഇൻഷ്വറൻസ് ഒന്നര ലക്ഷംരൂപ കിട്ടും. ആനുകൂല്യങ്ങൾ വർദ്ധിച്ചതോടുകൂടി ഈ രംഗത്തേയ്ക്ക് ഫ്രോഡായി നിരവധി പേർ കടന്നുവരുന്നുണ്ട്. മറ്റ് തൊഴിൽ ചെയ്യുന്നവർ കടന്നു വരുന്നത് അവസാനിപ്പിക്കണം. അതുകൊണ്ട് ട്രഡീഷണൽ ഫിഷർമെൻ എന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ സങ്കല്പം, 40,000 രൂപ ഗ്രാന്റ് കൊടുക്കുന്നത് അവർ ട്രൈബ് ആണെന്നുള്ള സങ്കല്പം കൊണ്ടാണ്. ട്രൈബ് എന്നുള്ള സങ്കല്പം ഫിഷർമെനിനെ സംബന്ധിച്ചിടത്തോളം ലോകമെമ്പാടും അംഗീകരിക്കപ്പെട്ട ഒന്നാണ്. അതുകൊണ്ട് ഫിഷറീസ് പോളിസിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ തീരദേശം നശിപ്പിക്കുന്ന ഒന്നാണ് മദ്യം. ചാരായ നിരോധനംകൊണ്ട് രക്ഷപ്പെടുന്ന പ്രദേശം നമ്മുടെ തീരപ്രദേശമാണ്. ഇന്ന് തീരദേശനിവാസികളുടെയിടയിൽ മദ്യപാനാസക്തി കൂടിവരുന്നു. ഗവൺമെന്റിന് പണം കിട്ടുന്നതുകൊണ്ട് ഒരിക്കലും ഇതിനെ അംഗീകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ബോധവൽക്കരണത്തിലൂടെ അത് തടയാൻ നടപടി ഉണ്ടാകണം. വ്യാജമദ്യം തടയാൻ നടപടി സ്വീകരിക്കണം. എക്സൈസ് വകുപ്പിന് ശാസ്ത്രീയമായ പുനഃസംഘടന ആവശ്യമാണ്. ഇന്ന് ഉദ്യോഗസ്ഥർക്ക് തോന്നുന്ന രീതിയിലാണ് ഇതിന്റെ സംവിധാനങ്ങൾ. അതുകൊണ്ട് ഈ വകുപ്പിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണം അതോടൊപ്പം മദ്യം വിറ്റുള്ള പണംകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ഖജനാവ് വീർപ്പിക്കുന്നതും ശരിയല്ല. എന്നു മാത്രമല്ല ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു അഭ്യർത്ഥന കൂടിയുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ എം.ഡി.യെ മാറ്റി. അദ്ദേഹം കൊള്ളാവുന്ന എം.ഡി. ആയിരുന്നു. വരുന്നവരെയൊക്കെ ഒന്ന് സ്ക്രീൻ ചെയ്യണം. അല്ലെങ്കിൽ അങ്ങയുടെ കൈ പൊള്ളും എന്ന് അങ്ങയെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ഇപ്പോൾ കൈപൊള്ളാതെ നിൽക്കുന്നത് വളരെ നല്ല

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. പക്ഷേ സൂക്ഷിച്ചില്ലെങ്കിൽ പല ഉദ്യോഗസ്ഥരും ഈ സർക്കാരിനേയും അങ്ങയേയും ഈ വകുപ്പുവച്ച് മുക്കും എന്നുള്ള യാഥാർത്ഥ്യം കൂടി അങ്ങയുടെ മനസിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ: അങ്ങ് ബിവറേജസ് കോർപ്പറേഷനെക്കുറിച്ച് പറഞ്ഞു. ബിവറേജസ് കോർപ്പറേഷനിൽ ഈ ഗവൺമെന്റ് വന്നശേഷം 450-ഓളം വരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകരെ വിൽപ്പനക്കാരായി നിയമിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ആദ്യം നിങ്ങളാണ് വച്ചത്. ഈ സർക്കാർ വന്നശേഷം ഞങ്ങളാരേയും വച്ചിട്ടില്ല. അവിടെയൊക്കെ നിങ്ങൾ വച്ചവരാണ് ഉള്ളത്.

ശ്രീ. കളത്തിൽ അബ്ദുള്ള: ബഹുമാനപ്പെട്ട ഡൊമിനിക്, അങ്ങയുടെ പ്രസംഗത്തിലെ ചില കാര്യങ്ങൾ പറഞ്ഞാൽ ചിലർ ചൂടാവുകയാണ്. എസ്.എസ്.എ. പഴയ ഡി.പി.ഇ.പി. യുടെ പുതിയ രൂപം. സർവ്വശിക്ഷാ അഭിയാൻ, സാക്ഷരതാ സമിതി, ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ ഇതിലൊക്കെ കഴിഞ്ഞകാലത്ത് താൽക്കാലികമായി നിയമിച്ച ആളുകളെ പിരിച്ചുവിടണമെന്ന് അങ്ങ് പറഞ്ഞാൽ ശ്രീ. മത്തായി ചാക്കോയുടെ പ്രതികരണം എന്തായിരിക്കും?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അതൊക്കെ നമുക്ക് അറിയാമല്ലോ. ഈ സഭയിൽ വന്നിട്ടുള്ളതാണ്. ലക്ഷ്മിക്കുട്ടിയും പാർവതിയും മാത്രമേ നമ്മുടെ ഓഡിയോ വിഷ്വലിൽ വയ്ക്കാത്തതായുള്ളൂ. മന്ത്രിയുടെ വീട്ടിലെ പശുക്കളെ വയ്ക്കാത്ത ഒരു ഗവൺമെന്റാണ് കഴിഞ്ഞ പ്രാവശ്യം ഉണ്ടായിരുന്നത്.

ശ്രീ. ബി. വിജയകുമാർ: ഇവിടെ നിങ്ങൾ ആരോപണ വിധേയമാക്കിയ ശ്രീ. സുപ്പിയുടെ പുറകെ നിങ്ങളുടെ എത്ര എം.എൽ.എ.-മാർ ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ഡെപ്യൂട്ടേഷനുവേണ്ടിനടന്നു അത് ഞാൻ കണ്ടതാണ്. എത്ര എം.എൽ.എ.-മാർ, നിങ്ങളുടെ എത്ര ബന്ധുക്കളുണ്ട് അവിടെ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ശ്രീ. മത്തായി ചാക്കോയ്ക്ക് എല്ലാം അറിയാം. നിങ്ങൾ നിരവധി പേരെ വച്ചു. ഞങ്ങളുടെ പരാതി അതാണ്. കഴിഞ്ഞ ഗവൺമെന്റ് വച്ച ആൾക്കാർ ഇപ്പോഴും തുടരുന്നു. ഞങ്ങൾക്ക് ആരേയും വയ്ക്കാൻ കഴിയുന്നില്ല. പക്ഷേ നിങ്ങൾ വച്ച രീതി ശരിയായിരുന്നോ? ബിവറേജസ് കോർപ്പറേഷൻ എപ്പോഴാണ് ഉണ്ടാക്കിയത്? ബഹുമാനപ്പെട്ട ശിവദാസമേനോൻ ആ സ്ഥാനം വിടുന്നതിന് മുമ്പ് ഉണ്ടാക്കിയതാണ്. മുഴുവൻ പേരും നിങ്ങളുടെ ആൾക്കാരാണ്. അതുകൊണ്ട് എക്സൈസ് വകുപ്പ് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണം. വിദേശ മദ്യഷാപ്പുകളുടെ എണ്ണം കൂട്ടരുത് എന്നാണ് എന്റെ അഭിപ്രായം. ഉള്ളതുകൊണ്ട് മുന്നോട്ടു പോകുക മദ്യപാനാസക്തിയെ താഴേയ്ക്ക് കൊണ്ടുവരണം. മനുഷ്യനെ തകർക്കുന്ന, കുടുംബം തകർക്കുന്ന, ജനങ്ങളുടെ ആരോഗ്യം തകർക്കുന്ന ഒന്നാണ് മദ്യം. എന്നാൽ കള്ളിനെ ഒഴിവാക്കാം. കള്ള് നമ്മുടെ പരമ്പരാഗത വ്യവസായമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: യു.ഡി.എഫ്-ന്റെ പ്രകടന പത്രികയിൽ ഘട്ടം ഘട്ടമായി മദ്യ നിരോധനം ഏർപ്പെടുത്തുമെന്നാണ് പറഞ്ഞിരുന്നത്. അതിന്റെ ഭാഗമായാണോ കള്ളു ഷാപ്പുകളുടെ എണ്ണം കുറയ്ക്കുകയും വിദേശ മദ്യഷാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതും?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: രാജേന്ദ്രൻ അങ്ങനെ പറഞ്ഞത് ശരിയല്ല. കള്ള് ഷാപ്പുകൾ എടുക്കാൻ ആളില്ല. എറണാകുളത്ത് 45-ഉം 50-ഉം വർക്കേഴ്സിനെ വച്ച് കൊടുത്താൽ കള്ള്ഷാപ്പ് ആരെങ്കിലും എടുക്കുമോ? അങ്ങനെ ആരെങ്കിലും ചെയ്താൽ അവിടെ വിൽക്കുന്നത് കള്ള് ആയിരിക്കില്ല. നമ്മുടെ നാട്ടിൽ ചെത്തുകാരുടെ എണ്ണം കുറഞ്ഞിട്ടില്ലേ? അപ്പോൾ ഷാപ്പിൽ കള്ള് എവിടെ നിന്നാണ് വരുന്നത്? ഇക്കാര്യം പരമ്പരാഗത വ്യവസായം എന്ന നിലയിൽ കള്ള് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ തന്നെ യാഥാർത്ഥ്യം കാണേണ്ടേ? അതുകൊണ്ട് എക്സൈസ് വകുപ്പിനെ കൈപൊള്ളാതെ കൊണ്ടു നടക്കാനുള്ള ഒരു കഴിവ്, മെയ് വഴക്കം തോമസ് മാഷിന് ഉണ്ടാകട്ടെ, അതോടൊപ്പം അദ്ദേഹത്തിന്റെ ഇഷ്ട വകുപ്പായ ഫിഷറീസ് വകുപ്പിൽ ശക്തമായി മുന്നോട്ടുപോകാൻ അദ്ദേഹത്തിന് കഴിയട്ടെ എന്നും പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഒരു ഗവണ്മെന്റും അതിലെ മന്ത്രിമാരും വളരെ പരിഹാസ്യരായി ജനങ്ങൾക്കുമുമ്പാകെ നിൽക്കുന്ന ഒരു സമയമാണിത്. ശ്രീ. കെ. കരുണാകരന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ ജനങ്ങളുടെ അസാമാന്യമായ ക്ഷമാശീലം കൊണ്ടുമാത്രമാണ് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് ഇന്ന് കേരളത്തിൽ പിടിച്ചുനിൽക്കുന്നത്. മനുഷ്യനുൾപ്പെടെയുള്ള സകല ജീവജാലങ്ങൾക്കും ഭൂമിക്കാകെതന്നെ ഏറ്റവും പ്രധാനപ്പെട്ട സമ്പത്താണ് വനം. നിബിഡവനങ്ങൾ കൈയേറിയും വന്യമൃഗങ്ങളെ വേട്ടയാടി നശിപ്പിച്ചും മുന്നോട്ടുപോകുന്ന മാഫിയാ സംഘങ്ങൾക്ക് ഈ ഗവണ്മെന്റ് പൂർണ്ണമായും കീഴടങ്ങുന്ന കാഴ്ചയാണ് വനമേഖലയിൽ നമ്മൾ കാണുന്നത്. ഇവിടെ നാം മറക്കാതിരിക്കേണ്ട ഒരു കാര്യം നമ്മുടെ ശവക്കുഴി തന്നെയാണ് നാം തോണ്ടുന്നത് എന്നുള്ളതാണ്. 11-ാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി, അതിന്റെ രണ്ടാമത്തെ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ അതിൽ പറയുന്ന ഒരു ഭാഗം ഞാൻ ഉദ്ധരിക്കാം. വനസംരക്ഷണത്തിന്റെ പേരിൽ ഒരു വശത്ത് സെമിനാറുകളും ചർച്ചാക്ലാസുകളും വന്യജീവി വാരാഘോഷങ്ങളും പൊടിപൊടിക്കുമ്പോൾ മറുവശത്ത് ഉത്തരവാദപ്പെട്ട ചിലരുടെ മൗനാനുവാദത്തോടുകൂടി വ്യാപകമായ തോതിൽ വനഭൂമി കൈയേറ്റവും വനംകൊള്ളയും നടക്കുന്നുവെന്നത് വിരോധാഭാസമായി സമിതി കാണുന്നു. സർക്കാർ വനഭൂമി സ്വകാര്യവ്യക്തികൾ കൈയേറി, അവരുടെ സ്വകാര്യസ്വത്തായി മാറ്റുമ്പോൾ വന സംരക്ഷണം എന്നുള്ളത് പ്രകൃതി സ്നേഹികളുടെ വെറും വനരോദനമായി മാറുന്നുവെന്നാണ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ രണ്ടാമത്തെ റിപ്പോർട്ടിൽ പറയുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു കൈയേറ്റം ഇത്ര വ്യാപകമായ നിലയിൽ ഉണ്ടാകാനിടയായ ഏറ്റവും പ്രധാനപ്പെട്ട കാരണം മന്ത്രിയുൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ആളുകൾ ഈ കൈയേറ്റത്തിന് മൗനാനുവാദം കൊടുക്കുകയും ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി കൈയേറുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തതുകൊണ്ടാണ് 7-7-2004-ൽ ഈ സഭയിൽ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്തന്ന മറുപടിയിൽ അതിന്റെ ഭീകരത വ്യക്തമാകുന്നുണ്ട്. 1,12,062 ഏക്കർ ഭൂമിയാണ് കേരളത്തിന്റെ മുഴുവൻ വനമേഖലയായിട്ട് കൈയേറിയിട്ടുള്ളതും കൈയേറ്റക്കാർ പിടിച്ചടക്കിയിട്ടുള്ളതും. കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി കടലാസിൽ നിൽക്കുകയാണ്. കൈയേറ്റവുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ഈ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ട കാഴ്ചയാണ് കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ കാണുന്നത്. ഒരു അഡീഷണൽ ഗവണ്മെന്റ് പ്ലീഡറുണ്ട് കാണ്ടാമൃഗ ഘന ചർമ്മ ശരീരനാണ് അദ്ദേഹം. എന്തുകേട്ടാലും എത്ര കേസ് തോറ്റാലും അദ്ദേഹത്തിന് ഒരു പ്രയാസവും ഉണ്ടാകാറില്ല. അങ്ങനെ കേസുകൾ ബുദ്ധിപൂർവ്വം തോറ്റുകൊടുത്തു. സർക്കാരിന്റെ നിക്ഷിപ്ത വനഭൂമി നൂറുകണക്കിന് ഏക്കർ വനഭൂമി സ്വകാര്യ കൈയേറ്റക്കാർക്ക് പൂർണ്ണമായും അവരുടേതാക്കി മാറ്റാൻ കഴിയുന്ന അവസരമുണ്ടാക്കിക്കൊടുക്കാൻ ഈ സർക്കാർ മുൻകൈയെടുത്തു. കേസുകളോട് പൂർണ്ണമായ വിമുഖതയാണ് സർക്കാർ കാണിക്കുന്നത്. ആ രംഗത്തുള്ള പരിണതപ്രജ്ഞരായ വക്കീലന്മാരെ മാറ്റി, ഗവണ്മെന്റ് പ്ലീഡർമാരെ മാറ്റിയാതൊരു പരിചയവുമില്ലാത്ത ആളിനെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തി യാതൊരുവിധത്തിലുള്ള അനുഭവപരിചയവുമില്ലാത്ത ഒരു വനിതാ അഡ്വക്കേറ്റിനെ കേസുകൾ കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തികൊണ്ട് മന്ത്രിയുൾപ്പെടെയുള്ള ആളുകളുടെ സഹായത്തോടുകൂടി കാര്യങ്ങൾ നടക്കുകയാണ്. ഈ ഭൂമി കയ്യേറ്റത്തിനു കൂട്ടുനിൽക്കുന്ന അഡീഷണൽ ഗവണ്മെന്റ് പ്ലീഡർ ഉൾപ്പെടെയുള്ള ആളുകൾ വനം കൈയേറ്റത്തിനാവശ്യമായ സൗകര്യം ചെയ്തു കൊടുക്കുമ്പോൾ മന്ത്രി അതിന് കൂട്ടുനിൽക്കുന്നു. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്നുപറയുന്നത് അക്ഷരാർത്ഥത്തിൽ ശരിയാണ്. ഇവിടെ കൊല്ലുന്ന മന്ത്രിക്ക് തിന്നുന്ന ഒരു കൂട്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ എന്നുള്ളതാണ് വ്യത്യാസം. വനം കൈയേറ്റത്തിനാവശ്യമായ ഒത്താശകളും അദ്ദേഹം ചെയ്തുകൊടുക്കുകയാണ്. പൂയംകുട്ടി വനം കൈയേറ്റം സംബന്ധിച്ച് സഭയ്ക്കകത്ത് വമ്പിച്ച കോലാഹലങ്ങൾ ഉയർന്നുവന്നതാണല്ലോ. ആദ്യം അദ്ദേഹം അത് നിഷേധിച്ചു. പിന്നീട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സ്ഥലത്തുപോയി എല്ലാ വസ്തുതകളും പഠിച്ചുവന്ന് അത് ഈ സഭയിൽ ഉന്നയിച്ചപ്പോൾ അത് അദ്ദേഹം അംഗീകരിക്കുന്നതിന് തയ്യാറായി. അദ്ദേഹം ആ സ്ഥലത്തുപോയി നേരിട്ടുകണ്ട് അത് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ആ കൈയേറ്റം യാഥാർത്ഥ്യമാണെന്നും ആ കൈയേറ്റത്തിന് നേതൃത്വം കൊടുക്കുന്ന ആളുകളെ ഒഴിപ്പിച്ച് ആ വനഭൂമി കേരളത്തിന്റെ സമ്പത്തിന്റെ ഭാഗമാക്കി മാറ്റുമെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം കൈയേറ്റത്തിനാവശ്യമായ ഒത്താശകൾ ചെയ്തുകൊടുത്ത ഉദ്യോഗസ്ഥന്മാർക്കെതിരായി കർശനമായ നടപടിയെടുക്കുമെന്ന് അദ്ദേഹം ഈ സഭയിൽ പറഞ്ഞു. ഒരു പ്യൂണിനെ മാറ്റിയോ? ഒരു തുണ്ടുഭൂമി

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാരിന്റെ ഭാഗമാക്കി മാറ്റാനാവശ്യമായ സംവിധാനമുണ്ടാക്കുന്നതിനു വേണ്ടി മന്ത്രി എന്നനിലയിൽ നേതൃത്വം കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞോ? അദ്ദേഹം ആ രംഗത്ത് പൂർണ്ണമായും പരാജയപ്പെടുകയാണ്. എന്തൊക്കെയാണ് കേരളത്തിൽ നടക്കുന്നത്. മഹാനായ ക്രിസ്തു പച്ചവെള്ളം വീഞ്ഞാക്കിയത് കേട്ടിട്ടുണ്ട്. എന്നാൽ മന്ത്രിയുടെ കീഴിൽ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി നമ്മുടെ നാട്ടിലെ ചന്ദനതൈലം പത്ത് സെക്കന്റ് കൊണ്ട് പച്ചവെള്ളമാക്കി മാറ്റുന്ന അൽഭുതകരമായ വിദ്യ കേരളത്തിൽ വനം മന്ത്രിയുടെ ഭരണത്തിൽ നാം കണ്ടു. ഗവണ്മെന്റിന്റെ ഒലവക്കോടുള്ള സ്ട്രോങ് റൂമിൽ സൂക്ഷിച്ചിരുന്ന കോടിക്കണക്കിന് രൂപയുടെ ചന്ദനത്തടികൾ, ആനക്കൊമ്പ്, മുന്നേകാൽ കോടി രൂപയുടെ മുതലാണ്, കേരളത്തിന്റെ സ്വത്താണ് ആ സ്ട്രോങ് റൂമിൽനിന്ന് കൊള്ളയടിക്കപ്പെട്ടത്. കൊള്ളയടിച്ച ആളുകളെ കണ്ടെത്തി ആ സ്വത്ത് കേരളത്തിന്റെ ഖജനാവിലേയ്ക്ക് മുതൽകൂട്ടുവാനാവശ്യമായ എന്തെങ്കിലും നടപടി ഈ മന്ത്രിയുടെ ഭാഗത്തുനിന്ന്, ഈ സഭയുടെ കാലത്ത് സ്വീകരിച്ചതായി പറയാൻ സാധിക്കുമോ? ഈ കൊള്ളയ്ക്ക് മന്ത്രിയുൾപ്പെടെ കൂട്ടുനിൽക്കുന്നു. ഇതു സംബന്ധിച്ച് ആക്ഷേപം ഉയർന്നുവന്നപ്പോൾ അദ്ദേഹം പറഞ്ഞു സി.ബി.ഐ.-യെ കൊണ്ട് അന്വേഷിപ്പിക്കുമെന്ന്. കേരള പോലീസ് അന്വേഷിച്ചു. കേരളത്തിലെ ക്രൈംബ്രാഞ്ച് അന്വേഷിച്ചു. അതുമായി ബന്ധപ്പെട്ട് ഒരു നടപടിയും എടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നിട്ട് സി.ബി.ഐ. അന്വേഷിക്കുമെന്ന് പറഞ്ഞു. സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടിട്ട് 8 മാസമായി. ഇതുവരെ സി.ബി.ഐ.-യെ അറിയിച്ചിട്ടില്ല. പിന്നെ എങ്ങനെയാണ് അവർ അന്വേഷിക്കുക. സി.ബി.ഐ.-യെ കൊണ്ട് അന്വേഷിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. കേരളത്തിന്റെ ഏറ്റവും സമ്പന്നമായ ചന്ദനക്കാടാണ് മറയൂർ. രണ്ടായിരം കോടി രൂപയുടെ ചന്ദനമാണ് മറയൂർ വനമേഖലയിൽ സുഗന്ധം പ്രസരിപ്പിച്ചു നിൽക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം മറയൂർ ചന്ദനക്കാടുമായി ബന്ധപ്പെട്ട് കൊള്ളയാണ് നടക്കുന്നത്. ആ കൊള്ളയ്ക്ക് ഇടയാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 21 അനധികൃത ചന്ദന ഫാക്ടറികളാണ്. അത് അടച്ചുപൂട്ടാൻ ആവശ്യപ്പെട്ടത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സുധാകരൻ, ശ്രീ. മാണി, ശ്രീ. കുഞ്ഞാലിക്കുട്ടി എന്നിവരടങ്ങുന്ന നിയമസഭാ ഉപസമിതിയാണ്. രണ്ടുവർഷക്കാലം മുമ്പ് നിയമസഭാ ഉപസമിതി ചൂണ്ടിക്കാണിച്ച ഒരു കാര്യം മന്ത്രിയുടെ നേതൃത്വത്തിൽ കൃാബിനറ്റ് അംഗീകരിച്ചിട്ടുള്ള ഒരു കാര്യം വച്ചുകൊണ്ട് 21 അനധികൃത ഫാക്ടറികൾ അടച്ചുപൂട്ടുന്നതിന് ആവശ്യമായ ഏതെങ്കിലും നടപടി ഈ ഗവണ്മെന്റ് കൈക്കൊണ്ടിട്ടുണ്ടോ. മറയൂർ ചന്ദനക്കാടിന്റെ സംരക്ഷണത്തിനാവശ്യമായ എന്തെങ്കിലും സമീപനം അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായോ? മന്ത്രി ചന്ദനകൊള്ളക്ക് ആവശ്യമായ അവസരങ്ങളൊരുക്കിക്കൊടുക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ഒരു ചന്ദന ഓർഡിനൻസ് കൊണ്ടുവന്നു. ചന്ദന ഫാക്ടറി ഗവണ്മെന്റ് മേഖലയിൽ തുടങ്ങാൻ ഇത് ദേശസാൽക്കരിക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കാനുള്ള നിർദ്ദേശങ്ങൾ ഇതിലുണ്ടായിരുന്നു. ആ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി കേരളത്തിൽ ഒരു ചന്ദന നയം, ആ വ്യവസായം ദേശസാൽക്കരിക്കാനാവശ്യമായി ഗവണ്മെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിൽ എന്തെങ്കിലും സമീപനം സ്വീകരിച്ചോ? കേരളത്തിൽ വലിയ കോളിളക്കമുണ്ടാക്കിയതാണല്ലോ മാവൂർ ഗ്രാസ്സിം കമ്പനിയുടെ തടി ലേലവുമായി ബന്ധപ്പെട്ട പ്രശ്നം. ആ പ്രശ്നം വലിയ ചർച്ചയിലേയ്ക്ക് വന്നപ്പോൾ അദ്ദേഹം ഈ നിയമസഭയിൽ പറഞ്ഞു കേരളത്തിന്റെ ഖജനാവിലേയ്ക്ക് മുതൽകൂട്ട് ആകേണ്ടുന്ന 12 കോടിരൂപ ഗ്രാസിം കമ്പനിയെക്കൊണ്ട് ഈ ഖജനാവിലേയ്ക്ക് അടപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന്. 1974-ൽ ഗ്രാസിം കമ്പനിയുമായിട്ട് കേരള ഗവണ്മെന്റ് ഒരു കരാറുണ്ടാക്കി. അതുപ്രകാരം ഗവണ്മെന്റ് സബ്സിഡി നിരക്കിൽ ഗ്രാസിം കമ്പനിക്കു നൽകുന്ന തടിയുൽപ്പന്നങ്ങൾ, ആ കമ്പനി ഉൽപ്പാദിപ്പിക്കുന്ന പൾപ്പ് ഉണ്ടാക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നില്ലായെങ്കിൽ അങ്ങനെ സബ്സിഡി നിരക്കിൽ ഗവണ്മെന്റ് കൊടുക്കുന്ന തടിയുൽപ്പന്നങ്ങൾക്ക് മാർക്കറ്റ് വിലയനുസരിച്ച് ഗവണ്മെന്റിലേയ്ക്ക് പണമടയ്ക്കുന്നതിനുള്ള ബാധ്യത കമ്പനിക്കുണ്ടെന്നുള്ളത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആ കരാറിൽ എവിടെയെങ്കിലും ഇങ്ങനെ ഒരു പ്രശ്നമുണ്ടായാൽ ആ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഈ തടിയുൽപ്പന്നങ്ങൾ ലേലം ചെയ്യുന്നതിനുവേണ്ടിയുള്ള ഉത്തരവാദിത്വം സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടില്ല. അങ്ങനെ സർക്കാരിൽ നിക്ഷിപ്തമാക്കാത്ത കാര്യം കമ്പനിയെ സഹായിക്കുന്നതിനുവേണ്ടിയല്ലേ മന്ത്രി ചെയ്തത്. കോടിക്കണക്കിന് രൂപ കേരളത്തിന്റെ ഖജനാവിലേയ്ക്ക് നഷ്ടമുണ്ടാകുമെന്നുള്ള അവസ്ഥയാണുണ്ടായത്. അവിടെയുണ്ടായ തടി 21 ലക്ഷത്തിനാണ് ആദ്യം ലേലം ചെയ്തത്. അതിനെ സംബന്ധിച്ചുള്ള ആക്ഷേപം ഉയർന്നുവന്നപ്പോൾ മന്ത്രി പറഞ്ഞു അത് ചിതലരിച്ച് ഉറഞ്ഞുപോയ തടികളാണ്, വേണ്ടാത്തതാണെന്ന്. 21 ലക്ഷം രൂപ കിട്ടിയതുതന്നെ കേരളത്തിന്റെ ഭാഗ്യമാണെന്ന്. അതിനെ സംബന്ധിച്ച് ആക്ഷേപം ഉയർന്നുവന്നു. ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കോടതിയെ സമീപിച്ചു. അതു സംബന്ധിച്ച് അന്വേഷിച്ചിട്ട് പറഞ്ഞത് പുനർലേലം നടത്താനാണ്. പുനർലേലം നടത്തിയപ്പോൾ 98 ലക്ഷം രൂപ കിട്ടി. 21 ലക്ഷം രൂപ മാത്രം കാട്ടിയ ചിതലരിച്ച് ഉറഞ്ഞുപോയ തടിക്ക് 98 ലക്ഷം രൂപയായി വർദ്ധിച്ചു. അപ്പോൾ മന്ത്രി പറഞ്ഞു ഇത് എന്റെ മിടുക്കുകൊണ്ട് കിട്ടിയതാണെന്ന്. ആ പ്രശ്നം സഭയിൽ കോളിളക്കമുണ്ടാക്കി. കോടിക്കണക്കിന് രൂപയുടെ അഴിമതിക്ക് വഴിവച്ച ഒരു സംഭവമാണെന്ന് വന്നപ്പോൾ അദ്ദേഹം പ്രതിപക്ഷ നേതാവിനോട് പറഞ്ഞു ഇത് പുറത്ത് ഉന്നയിക്കാമോ. പുറത്ത് അദ്ദേഹം ഉന്നയിച്ചു. കേസ് കൊടുത്തു. ഇപ്പോൾ കേസിന്റെ കച്ചിത്തുരുമ്പു പിടിച്ച് നടക്കുകയാണ്. അത് മലവെള്ളപ്പാച്ചിലിൽ കിട്ടുന്ന കച്ചിത്തുരുമ്പു മാത്രമേ ആകുന്നതുള്ളു. എവിടേയും എത്താൻ പോകുന്നില്ല. അതുകൊണ്ട് കേസ്സ് അതിന്റെ വഴിക്ക് പോകും. അതെന്തായാലും മന്ത്രിക്ക് പോകാൻ മാനവുമില്ല. വി.എസ്.-ന് നഷ്ടം നൽകാൻ പണവുമില്ല. ഈ കമ്പനിയിൽനിന്ന് കേരളത്തിന്റെ ഖജനാവിലേയ്ക്ക് മുതൽകൂട്ടാക്കേണ്ട കോടിക്കണക്കിന് രൂപ പിരിച്ചെടുക്കാനാവശ്യമായ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വസ്തുതകൾവച്ചുകൊണ്ട് ഈ സഭയുടെ മുമ്പാകെ വിശദീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ? ഇതുവരെ കണ്ടതെല്ലാം വെറും വെള്ളാട്ടം മാത്രമാണ്. യഥാർത്ഥത്തിലുള്ള തെയ്യം വരുന്നത് കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിലാണ്. എല്ലാ ആടയാഭരണങ്ങളും അണിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വാലങ്കാര വിഭൂഷിതയായി മന്ത്രിയുടെ നേതൃത്വത്തിൽ കണ്ണവം വനമേഖല യിൽ കൊള്ള ഉറഞ്ഞുതുള്ളുകയാണ്. അവിടെ 600-ൽ ചിലാനം ഏക്കർ വനഭൂമി നിബിഡ വനഭൂമിയാണ്. ആ നിബിഡ വനഭൂമിക്ക് ക്ളിയർ ഫെല്ലിംഗ് നടത്തുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്ന അവസരത്തിൽ ഇതിന് പശ്ചാത്തലം ഒരുക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥന്മാരുടെ ചില റിപ്പോർട്ടുകളും കാര്യങ്ങളും മന്ത്രി ആദ്യം വാങ്ങിച്ചു. അങ്ങനെ വാങ്ങിച്ച് ക്ളിയർ ഫെല്ലിംഗി നാവശ്യമായ ശ്രമം നടത്തി അതിനെ സംബന്ധിച്ച് ആക്ഷേപം ഉയർന്നു വന്നപ്പോൾ ഫോറസ്റ്റ് കൺസർവേറ്റർ സുരേന്ദ്രകുമാർ ഐ.എഫ്.എസ്.-ന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെതന്നെ അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തി. ആ കമ്മിറ്റി അതു സംബന്ധിച്ച് കൃത്യമായ റിപ്പോർട്ട് സർക്കാരിന് നൽകി. അത് പൂഴ്ത്തിവച്ചിട്ട് അവിടെ മുഴുവൻ, 14 വനമേഖലകളിലും ക്ളിയർ ഫെല്ലിംഗ് നടത്താൻ ആവശ്യമായ ശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ആ പതിനാല് വനമേഖലകളിൽ ഏഴെണ്ണം clear felling-ന് എല്ലാവിധത്തിലും സാധ്യതയുള്ള വനമേഖലകളാണ്. എന്നാൽ ഏഴെണ്ണത്തിനെക്കുറിച്ച് സുരേന്ദ്രകുമാർ ഐ.എഫ്.എസ്സ്.-ന്റെ റിപ്പോർട്ടിൽ പറഞ്ഞത് അത് അർദ്ധനിത്യഹരിതവനങ്ങളാ ണെന്നാണ്. ആ അർദ്ധനിത്യഹരിതവനങ്ങളാണ് നാളെ സ്വാഭാവിക നിത്യഹരിത വനങ്ങളായി പരിവർത്തനം ചെയ്യപ്പെടേണ്ടത്. അങ്ങനെ വരുന്ന വനങ്ങളിൽ നിന്ന് മരം വെട്ടാൻ പാടില്ല. 30 ഡിഗ്രി ചരിഞ്ഞ ഭൂമിയിൽനിന്ന് മരം വെട്ടാൻ പാടില്ല. പുഴയോരങ്ങളിലെ മരം വെട്ടാൻ പാടില്ല. ഈ നിബന്ധനകളൊക്കെ ലംഘിച്ചു കൊണ്ട്, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളെ അവഗണിച്ചു കൊണ്ട്, വർക്കിംഗ് പ്ളാനിനെ ലംഘിച്ചുകൊണ്ട് അവിടെ കോടിക്കണക്കിന് രൂപ യുടെ തടിയാണ് വെട്ടിയത്. ഇവിടെ ശ്രീ. പി. ജയരാജന്റെ ഒരു ചോദ്യത്തിന് മന്ത്രിതന്ന മറുപടിപ്രകാരം ഏഴ് കോടിയിൽ ചിലാനം രൂപയുടെ തടി വെട്ടിയതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ്. പതിനഞ്ച് കോടിയിലേറെ രൂപയുടെ തടിയാണ് കണ്ണവം വനത്തിൽനിന്ന് വെട്ടിയതെന്നാണ് മനസ്സിലാക്കിയത്. ബാക്കി കോടികൾ എവിടെപ്പോയെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ് പറയേണ്ടത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മര ഉരുപ്പടികളൊക്കെ ഉപയോഗപ്പെടുത്തി ഉൽപ്പന്നങ്ങളുണ്ടാക്കി വിൽക്കുവാൻ കഴിയുന്ന ഒരു പ്രത്യേക സൊസൈറ്റിയുണ്ടാക്കി. ഇത് സംബന്ധിച്ച് ഇവിടെ മുമ്പ് ചർച്ച വന്നതാണ്. കണ്ണൂർ Wood Furnishing Society ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണ്. ഈ സൊസൈറ്റിക്ക് ഇതുമായി ബന്ധമുണ്ടെന്നും കള്ളത്തരങ്ങൾക്ക് കൂട്ടുനിൽക്കുന്നുവെന്നുമാണ് എന്റെ ആക്ഷേപം. ഈ കൊള്ളയ്ക്ക് ഒരു മറയാക്കി ഈ സൊസൈറ്റിയെ ഉപയോഗപ്പെ ടുത്തുന്നുവെന്നാണ് എന്റെ ആക്ഷേപം. ആ സൊസൈറ്റിയുടെ ഡയറക്ടർ, കണ്ണൂർ ഡി.എഫ്.ഒ.യുടെ ഭാര്യ. മന്ത്രിയുടെ നേതൃത്വത്തിലാണ് സൊസൈറ്റി. മന്ത്രി ചെയർമാനും കണ്ണൂർ ഡി.എഫ്.ഒ.-യുടെ ഭാര്യ ഡയറക്ടറുമായിട്ടുള്ള സൊസൈറ്റി. ഭരണാധികാരികൾ ഇത്തരം ആക്ഷേപങ്ങൾക്ക് ഇടകൊടുക്കാതിരിക്കുവാൻ ശ്രദ്ധിക്കണ്ടേ? എന്നിട്ട് അദ്ദേഹം പറഞ്ഞു, ഈ സ്ത്രീ കേരളത്തിലെ ഏറ്റവും പ്രഗൽഭനായ കോൺഗ്രസ്സ് നേതാവായിരുന്ന മേലേത്ത് നാരായണൻ നമ്പ്യാരുടെ മകളാണെന്ന്. അത് ഞാൻ നിഷേധിക്കുന്നില്ല. അദ്ദേഹം എന്റെ നാട്ടുകാരനാണ്. മലബാറിലെ സഹകരണ പ്രസ്ഥാനത്തിന് അടിത്തറയിട്ട നേതാവാണ് അദ്ദേഹം.

LIBRARY ARCHIVES Kerala Legislative Assembly

ഐക്യനാണയ സംഘങ്ങളുണ്ടാക്കി മലബാറിൽ ഇന്നുകാണുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടേയും അടിത്തറയിട്ട നേതാവാണ്. ഈ കൊള്ളയ്ക്ക് കൂട്ടുനിൽക്കുവാൻ അദ്ദേഹത്തിന്റെ മകളെ ഉപയോഗപ്പെടുത്തിയതിന് അദ്ദേഹത്തിന്റെ ആത്മാവുപോലും ഈ മന്ത്രിയോട് പൊറുക്കില്ല. പരസ്യമായി ഈ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന നിലപാട് സ്വീകരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ വനമേഖലയിൽ ഉണ്ടായിട്ടുള്ള വമ്പിച്ച നിലയിലുള്ള പ്രതിസന്ധി നമ്മൾ പരിശോധിക്കണം. നേരത്തെ ശ്രീ. സി. പി. മുഹമ്മദ് സംസാരിച്ചപ്പോൾ ഗാണ്ഠവവനദഹനത്തെക്കുറിച്ച് പറഞ്ഞു. ഗാണ്ഠവവനം ദഹിപ്പിച്ചതിലും ഭീകര നിലയിലുള്ള വനദഹനമാണ് ഈ കേരളത്തിൽ കഴിഞ്ഞ രണ്ടുകൊല്ലക്കാലമായി നടക്കുന്നത്. 8595 ഹെക്ടർ വനഭൂമിയാണ് ഈ കേരളത്തിൽ കാട്ടുതീയുടെ ഭാഗമായി നഷ്ടപ്പെട്ടത്. ആ കാട്ടുതീ തടയുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടാക്കുവാൻ സാധിച്ചോ? അത് തടയുന്നതിന് ആവശ്യമായ സമീപനം സ്വീകരിച്ചോ? വനമേഖല മുഴുവൻ ഈ നിലയിലുള്ള തട്ടിപ്പിനും കൊള്ളയ്ക്കും അവസരമുണ്ടാക്കിയ സമീപനമാണ് സ്വീകരിച്ചത്. എനിക്ക് ഒരുകാര്യം പറയുവാനുള്ളത്, കേരളത്തിന്റെ സ്വാഭാവിക വനമേഖല ആകമാനം നശിപ്പിക്കുന്ന നിലയിലുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകരുത്. ഉദ്യോഗസ്ഥരുടെ പിടിപ്പുകേടിന് കൂട്ടുനിൽക്കുന്ന സമീപനംതന്നെ മന്ത്രിയും സ്വീകരിക്കുമ്പോൾ ഈ കേരളത്തിന്റെ വനമേഖലയ്ക്ക് ഉണർവ് ഉണ്ടാവുകയല്ല; കേരളത്തിന്റെ വനമേഖല മുഴുവൻ നശിക്കുന്ന നടപടികളുമായിട്ടാണ് ഈ സർക്കാരിന്റെ ഭരണം മുന്നോട്ടുപോകുന്നത് എന്നാണ് എന്റെ അഭിപ്രായം. ഫിഷറീസ് വകുപ്പിനെ സംബന്ധിച്ച്, ചില പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു. അസ്വാഭാവിക സമയങ്ങളിൽ കടൽക്ഷോഭംമൂലവും

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പ്രകൃതിക്ഷോഭംമൂലവും വലിയതോതിൽ നാശനഷ്ടങ്ങൾ മൽസ്യത്തൊഴിലാളികൾക്കുണ്ടാകുന്നു. അങ്ങനെയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ ഭാഗമായി വലിയതോതിൽ സഹായം ലഭിക്കേണ്ടുന്ന മൽസ്യത്തൊഴിലാളികൾക്ക് പലപ്പോഴും അർഹിക്കുന്ന സഹായങ്ങൾ ലഭിക്കാറില്ല. അപ്രതീക്ഷിതമായിട്ടാണ് ഈ മേയ് മാസത്തിൽ വളരെ രൂക്ഷമായ കടൽക്ഷോഭമുണ്ടായത്. എന്റെ മണ്ഡലത്തിൽ ബേക്കൽ, പനശ്ശിക്കര, കടപ്പുറത്ത് പത്ത് ബോട്ടുകൾ നശിച്ചു. കേരളത്തിൽ അങ്ങോളമിങ്ങോളം നൂറുകണക്കിന് ബോട്ടുകളും വളളങ്ങളും തകർന്നു. അവർക്ക് സഹായം നൽകുവാൻ ആവശ്യമായ സംവിധാനം വേണം. എക്സൈസ് വകുപ്പിനെകുറിച്ച് ഒരുവാക്ക് പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. തീർച്ചയായും നമ്മൾ ഗൗരവപൂർവ്വം ചർച്ചചെയ്യേണ്ട ഒരു വകുപ്പാണ് എക്സൈസ് വകുപ്പ്. മദ്യവർജ്ജനത്തെ സംബന്ധിച്ചും മദ്യനയത്തെ സംബന്ധിച്ചും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു കാഴ്ചപ്പാടുണ്ട്. നിരോധിച്ചു മാറ്റാൻ കഴിയുന്ന ഒരു പ്രതിഭാസമായി ഞങ്ങൾ കരുതുന്നില്ല. നിരോധിച്ച് ഇല്ലാതാക്കുവാൻ കഴിയുന്നതല്ല. ജനങ്ങളിലുണ്ടാകുന്ന ബോധവൽക്കരണത്തിന്റെ ഫലമായി മാറ്റപ്പെടേണ്ടതാണ്. സാർ, ഞാൻ ഒരു പാവപ്പെട്ട ചെത്തുതൊഴിലാളിയുടെ മകനാണ്. അവരുടെ പ്രയാസങ്ങൾ എനിക്ക് നന്നായി മനസ്സിലാകും. കളള് വ്യവസായം സംരക്ഷിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. മദ്യനിരോധനം ഘട്ടംഘട്ടമായി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുമെന്ന് പറഞ്ഞ ഈ സർക്കാർ 1610 കള്ള് ഷാപ്പുകൾ ഇല്ലാതാക്കുവാൻവേണ്ടി തീരുമാനിക്കുമ്പോൾ ഒട്ടേറെ വിദേശ മദ്യഷാപ്പുകൾ തുടങ്ങുവാൻ സംവിധാനമുണ്ടാക്കുകയാണ്. അങ്ങനെ സമ്പന്നരെ സഹായിക്കുന്ന സമീപനം, പാവപ്പെട്ട സാധാരണക്കാരെ ബോധപൂർവ്വം ദ്രോഹിക്കുന്ന സമീപനം ഈ സർക്കാർ തിരുത്തണം. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: What is your point of Order?

ശ്രീ. എം. വി. ജയരാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ,. കാര്യവിവരപട്ടികയും നടപടിക്രമവും അനുസരിച്ച് ഒരു നിശ്ചിത സമയത്ത് പിരിയണമെന്നതാണ്. അതാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് ഒരു നിശ്ചിത സമയം കൊടുത്തിട്ടുണ്ട്. ഭരണ പ്രതിപക്ഷ അംഗങ്ങൾക്ക് സമയം നിശ്ചയിച്ചിട്ടുണ്ട്. ഇന്നലെ ഒന്നേകാൽ മണിക്കൂറാണ് മന്ത്രിമാർക്ക് കൊടുത്തത്. അതുകൊണ്ട് എത്ര സമയമാണ് മന്ത്രിമാർക്ക് ഓരോരുത്തർക്കുമായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമായി പറയണം. 30 മിനിട്ടുകൊണ്ട് തീർക്കുമെങ്കിൽ അവർക്ക് സമയം ഡിവൈഡ് ചെയ്തു കൊടുക്കണം. ആ സമയത്തിൽ കൂടുതൽ അനുവദിച്ചാൽ അതിനനുസരിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമന് സംസാരിക്കുവാൻ അങ്ങ് സമയം കൊടുക്കണം. വീവേചനം കാണിക്കുവാൻ പാടില്ല. ഇന്നലെ ഒന്നേകാൽ മണിക്കൂറാണ് മന്ത്രിമാർ സംസാരിച്ചത്. അംഗങ്ങൾക്കും അതിനുള്ള അവകാശമുണ്ട്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, സമയം നിശ്ചയിക്കുന്നത് അരമണിക്കൂർ മന്ത്രിമാർക്കാണ്. അരമണിക്കൂറിൽക്കൂടുതൽ സമയം അംഗങ്ങൾക്ക് ചർച്ചയ്ക്കുവേണ്ടിവന്നതുകൊണ്ടാണ് മന്ത്രിമാർക്ക് കൂടുതൽ സമയം വേണ്ടിവരുന്നത്. മന്ത്രിമാർക്ക് പ്രത്യേക സൗകര്യം കൊടുക്കുന്നതല്ല.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: സർ, ഇന്ന് അരമണിക്കൂർ തുടങ്ങുവാൻ താമസിച്ചു. അതിന്റെ ഭാഗമായി അരമണിക്കൂർ അധികം എടുത്തോട്ടെ. അത് ഡിവൈഡ് ചെയ്ത് ബഹുമാനപ്പെട്ട ചെയർ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്റെ സുഹൃത്ത് ശ്രീ. എം. വി. ജയരാജൻ അഞ്ചും പത്തും മിനിട്ട് കൂടുതൽ പ്രസംഗിക്കുന്ന ആളാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: മന്ത്രിമാരുടെ മറുപടിക്ക് അര മണിക്കൂർ വച്ചാൽ ഒന്നര മണ്ട് മണിക്കൂർ ഇതിനു മുമ്പുള്ള പല മന്ത്രിസഭയുടെ കാലത്തും മന്ത്രിമാർ എടുത്തിട്ടുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: കഴിയുന്നതും മന്ത്രിമാർ ചുരുക്കിപ്പറയണം. ഇന്നലെ നമ്മൾ തെറ്റുചെയ്തു എന്നുവച്ച് വീണ്ടും ചെയ്യാമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): സർ, മൽസ്യത്തൊഴിലാളികൾക്ക് ജീവിത ഭദ്രത കൊടുക്കുവാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 141 കോടി രൂപയുടെ ആശ്വാസ സഹായം കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. പതിനെട്ട് മാസത്തോളം വിവിധ തലങ്ങളിൽ ചർച്ച ചെയ്തതിനു ശേഷം എല്ലാവരുടേയും അംഗീകാരത്തോടെ തയ്യാറാക്കിയ മൽസ്യ മേഖല വികസന പരിപാലനനയം ഒരു വഴികാട്ടിയാണ്. ഈ നയരൂപീകരണത്തിൽ മൽസ്യമേഖലയിലെ ട്രേഡ് യൂണിയനുകൾ, ജനപ്രതിനിധികൾ, എം.പി.-മാർ മുഴുവൻ ആളുകളും മണിക്കൂറുകളോളം സമയം ചെലവഴിച്ച ശേഷമാണ് ഈ നയം രൂപീകരിച്ച് അത് കാബിനറ്റ് അംഗീകരിച്ചത്. വീടുകളുടെ അറ്റകുറ്റപണി, ജലവിതരണം, സാനിറ്റേഷൻ എന്നിവയ്ക്ക് മാത്രമായി പ്രത്യേകം തയ്യാറാക്കിയ തീരസമൃദ്ധി പദ്ധതി പ്രകാരം 18.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഈ പദ്ധതി നടപ്പാക്കിയത്. മൽസ്യഫെഡ് വായ്പകൾ എടുത്ത തിരിച്ചടയ്ക്കുവാൻ കഴിയാത്ത തൊഴിലാളികൾക്ക് 15 കോടിരൂപയുടെ പ്രത്യേക കടാശ്വാസ പദ്ധതി നടപ്പാക്കി. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളായ കെ. സി. വേണുഗോപാലും ഡൊമിനിക് പ്രസന്റേഷനുമൊക്കെ സൂചിപ്പിച്ചതുപോലെ മൽസ്യ ഫെഡ് വരുന്നതിനുമുമ്പ് ഹൗസിംഗ് ബോർഡിൽനിന്ന് കടങ്ങൾ എടുത്തിട്ടുള്ള ബഹുഭൂരിപക്ഷം മൽസ്യത്തൊഴിലാളികളുടെ കടവും കൊടുത്തുതീർത്തിട്ടുണ്ട്. ചില പർട്ടിക്കുലർ കേസ്സുകളിൽ അംഗങ്ങൾ അറിയിക്കുന്നതനുസരിച്ച് പരിഹാരം ഉണ്ടാക്കുന്നുണ്ട്. സർ, 15.78 കോടിരൂപ മൽസ്യത്തൊഴിലാളി കുട്ടികൾക്ക് പഠിക്കുന്നതിന് ലംപ്സം ഗ്രാന്റായി നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വരുന്നതിനു മുമ്പ് ലംപ്സം ഗ്രാന്റ് മൂന്ന് ഇൻസ്റ്റാൾമെന്റ് കൊടുത്തിട്ടില്ലായിരുന്നു. അതിൽ രണ്ട് ഇൻസ്റ്റാൾമെന്റ് കൊടുത്തിട്ടുണ്ട്. അടുത്തതുകൂടി കൊടുക്കുന്ന തിനുള്ള സമീപനമാണ് ഗവൺമെന്റ് എടുക്കുന്നത്. ഭവനനിർമ്മാണത്തിനുവേണ്ടി വലിയൊരു തുകയാണ് ചെലവഴിച്ചിട്ടുള്ളത്. എൻ.സി.ഡി.സി.-യിൽ നിന്നും വായ്പ എടുത്ത, മൽസ്യഫെഡ് വഴി കൊടുത്ത 27 കോടി രൂപ കൊടുത്തു തീർക്കാൻ സാധിച്ചിട്ടുണ്ട്. അനുബന്ധ തൊഴിലാളികൾക്ക് 3.5 കോടി രൂപയുടെ ആശ്വാസം നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വരുമ്പോൾ പെൻഷൻ ഇനത്തിൽ 16 ഇൻസ്റ്റാൾമെന്റ് കൊടുക്കാനുണ്ടായിരുന്നു. ആയിനത്തിൽ ഈ ഗവൺമെന്റിന്റെ മുഴുവൻ കാലഘട്ടവും കൊടുത്തു എന്നു മാത്രമല്ല, പഴയ 16 ഇൻസ്റ്റാൾമെന്റിൽ എട്ട് ഇൻസ്റ്റാൾമെന്റ് കൂടി കൊടുത്തു. വരുന്ന ഓണക്കാലത്ത് മൂന്ന് ഇൻസ്റ്റാൾ മെന്റ് കൂടി കൊടുക്കുന്നതിന് നടപടി എടുക്കുന്നുണ്ട്. ഈയിനത്തിൽ 17 കോടി രൂപ പെൻഷൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക ഇതിനുമുമ്പ് ചെലവഴിച്ചിട്ടില്ല. മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ സ്കീമുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഗവൺമെന്റ് ഒരു പ്രധാനപ്പെട്ട തീരുമാനം എടുത്തിട്ടുണ്ട്, അത് ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചിട്ടുണ്ട്. പട്ടയമില്ലാത്ത മൽസ്യത്തൊഴി ലാളികൾക്ക് കൈവശാവകാശരേഖ കൊടുക്കാനും അങ്ങനെ കൈവശാവകാശ രേഖ കൊടുത്തുകൊണ്ട് അവർക്ക് ഇലക്ട്രിക് കണക്ഷൻ കൊടുക്കാനും അവർക്ക് കാർഡ് കൊടുക്കാനുമുള്ള ഒരു സമയബന്ധിതപരിപാടിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. മാത്രമല്ല, അടുത്ത മൂന്നു വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്കും വീടു വച്ചു കൊടുക്കുന്ന ബൃഹത്തായ ഒരു പദ്ധതിക്ക് കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് രൂപം നൽകി. ഒരു ലക്ഷം രൂപ വീതം ചെലവു വരുന്ന 60,000 വീടുകൾ നിർമ്മിക്കാനാണ് തീരുമാന മെടുത്തിരിക്കുന്നത്. ഇത് പൂർണ്ണമായും ഹഡ്കോ വായ്പയാണ്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

50 ശതമാനം ഗുണഭോക്താക്കൾ 15 വർഷം കൊണ്ട് തിരിച്ചടയ്ക്കണം. 40,000 രൂപ സർക്കാർ ഗ്രാന്റായി കൊടുക്കും. പതിനായിരം രൂപ വിവിധ സന്നദ്ധ സംഘടനകളുടെ വിഹിതമായിരിക്കും. ഇൻഡ്യയിലെ തന്നെ ആദ്യത്തെ ഒരു പ്രോജക്ടാണിത്. മൽസ്യത്തൊഴിലാളി ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് പദ്ധതി തുടങ്ങും. കഴിഞ്ഞ വർഷം ഞങ്ങൾ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്ത് തുടങ്ങാനിരുന്ന റോഡ് പദ്ധതി ഒരു കോടി തൊണ്ണൂറു ലക്ഷംരൂപ നഷ്ടപ്പെടുത്തി എന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു പരാതിപോലെ സൂചിപ്പിച്ചു. അത് വീണ്ടും സപ്ളിമെന്ററിയായി കൊണ്ടുവരും, മാത്രമല്ല, അതിൽ കൂടുതൽ തുക, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി അന്ന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്ത് മുഴുവൻ റോഡുകൾക്കും ഈ വർഷം പുതിയ റോഡുകൾക്കും കൂടി അനുമതി കൊടുക്കുന്നതാണ്. റോഡ് നിർമ്മാണത്തിന് ആർ.ഐ.ഡി.എഫ്. സഹായവും ലഭ്യമാക്കും. കഴിഞ്ഞ വർഷം 2.15 കോടി രൂപയുടെ റോഡു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിർമ്മാണം നടന്നുവരുന്ന കായകുളം, പൊന്നാനി, മുതലപ്പൊഴി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം സമയബന്ധിതമായി ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ തന്നെ പൂർത്തിയാക്കും. തോട്ടപ്പള്ളി ഹാർബറിന്റെ നിർമ്മാണം ഈ വർഷം തുടങ്ങും. കേന്ദ്രാനുമതി ലഭിച്ചാൽ കൊയിലാണ്ടി, കാസർഗോഡ് തുറമുഖ നിർമ്മാണം കൂടി തുടങ്ങും. ഇതിന്റെയെല്ലാം ടെക്നിക്കൽ സാംഗ്ഷൻ (കൊയ്ലാണ്ടി, കാസർഗോഡ് തുറമുഖങ്ങൾക്ക്) കിട്ടിക്കഴിഞ്ഞു. വരുന്ന ആഴ്ച കേന്ദ്ര ഗവൺമെന്റ് അതിന്റെ ലാസ്റ്റ് ഡിസ്ക്കഷൻ വച്ചിട്ടുണ്ട്. അതിന് അപ്രൂവൽ കിട്ടും. അതു കിട്ടിയാൽ ഉടനേ ആരംഭിക്കും. അതുപോലെ ഒന്നാണ് തലായ് പദ്ധതി. നഷ്ടപ്പെട്ടുപോകുമെന്ന് കരുതിയ ഒരു പദ്ധതിയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് രണ്ടാമതും റെപ്രസെന്റ് ചെയത് ഗവൺമെന്റ് ഓഫ് ഇൻഡ്യ വളരെ അനുകൂലമായ ഒരു സമീപനം തലായ് പദ്ധതിയുടെ കാര്യത്തിൽ എടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നശേഷം വിവിധ തുറമുഖങ്ങളുടെ നിർമ്മാണത്തിനായി 1912.23 ലക്ഷംരൂപ ചെലവഴിച്ചു. ഈ വർഷം 1200 ലക്ഷം രൂപ ചെലവഴിക്കും. ചെറുവത്തൂർ, ചേറ്റുവ എന്നീ തുറമുഖങ്ങളുടെ മാതൃകാപഠനം നടന്നുവരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ എല്ലാ പ്രോജക്ടുകളും മുന്നോട്ടു പോകുന്നതോടൊപ്പം തന്നെ അഡീഷണലായിട്ടാണ് ഇതു വരുന്നത്. അർത്തുങ്കൽ-പരപ്പനങ്ങാടി തുറമുഖങ്ങളുടെ സാധ്യതാപഠനം ഇപ്പോൾ നടന്നുവരുകയാണ്. കൂടുതൽ ഫിഷ് ലാൻഡിംഗ് സെന്ററുകളും, എല്ലാ ലാൻഡിംഗ് സെന്ററുകളിലും ഇന്ധന ബാങ്കുകളും സ്ഥാപിക്കുന്ന ഒരു പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. "ഒരു നെല്ലും ഒരു മീനും" വളരെ ഫലപ്രദമായി നടപ്പിലാക്കിയ പ്രോജക്ടാണ്. ശ്രീ. രാജേന്ദ്രൻ, ശ്രീ. പി. നാരായണൻ എന്നിവരുടെ സഹായത്തോടെ നടപ്പിലാക്കിയ പ്രോജക്ടാണ്. 'ഒരു നെല്ലും ഒരു മീനും' പദ്ധതിയും ഈ വർഷം 220 ഹെക്ടർ സ്ഥലത്തേയ്ക്ക്കൂടി വ്യാപിപ്പിക്കും. 72.21 കോടിരൂപ മൊത്തം അടങ്കൽതുക വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർഷം 431.11 ലക്ഷം രൂപ ചെലവിടും. കഴിഞ്ഞ വർഷം 55.1 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കി. എറണാകുളം ജില്ലയിലെ 2500 ഹെക്ടർ പൊക്കാളി പാടശേഖരങ്ങളിൽ ചെമ്മീൻ

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വികസിപ്പിക്കുന്നതിന് 53.71 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി കിട്ടിയിട്ടുണ്ട്. അക്വാ കൾച്ചർ ശക്തിപ്പെടുത്തും. ചെമ്മീൻ കുഞ്ഞുങ്ങൾ അസുഖം വന്ന് ചത്തുപോകുന്നത് കേരളത്തിൽ വ്യാപകമാണ്. അതിന് പരിഹാരം എന്ന നിലയിൽ പി.സി.ആർ. ലബോറട്ടറികൾ തുടങ്ങാൻ പോകുകയാണ്. കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തികസഹായമുള്ള ഒരു പദ്ധതിയാണിത്. അതിൽ ആദ്യത്തെ പി.സി.ആർ. ലാബ് വടക്കൻ പറവൂരിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ ലാബ് കുമ്പളങ്ങിയിൽ ആരംഭിക്കും. മൽസ്യത്തൊഴിലാളികൾക്ക് ഒട്ടേറെ പ്രയാസങ്ങളുണ്ടാക്കുന്ന മണൽത്തിട്ടകൾ ഡ്രെഡ്ജ് ചെയ്ത് മാറ്റുന്നതിന് സപ്ലിമെന്ററി ബഡ്ജറ്റിൽ പണമനുവദിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഈ കാര്യത്തിൽ ഉദാരമായ ഒരു സമീപനം എടുത്തിട്ടുണ്ട്. പ്രധാന തുറമുഖങ്ങളിലും ലാൻഡിംഗ് സെന്ററുകളിലും ഡ്രെഡ്ജിംഗിന് വേണ്ടി 18.65 കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാലാകാലങ്ങളിൽ തുറമുഖങ്ങൾ നിർമ്മിച്ചിരുന്നുവെങ്കിലും പിന്നീട് അവയുടെ നവീകരണം നടന്നിരുന്നില്ല. കേന്ദ്രഗവൺമെന്റിന്റേയും എം.പി.ഇ.ഡി.എ.-യുടേയും സഹായത്തോടുകൂടി മുനമ്പം ഫിഷറീസ് ഹാർബർ നവീകരിക്കുന്നതിന് മുനമ്പം ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് രൂപംനൽകി. ഇൻഡ്യയിലെ ആദ്യത്തെ മാനേജ്മെന്റ് സൊസൈറ്റിയാണിത്. ഇതൊരു പൈലറ്റ് പ്രോജക്ടാണ്. ഇതിന് 2.6 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സഹായം നൽകിയിട്ടുണ്ട്. ഈ പൈലറ്റ് പ്രോജക്ടിനെത്തുടർന്നുകൊണ്ട് നീണ്ടകര, ചോമ്പാൽ, പുതിയാപ്പ, മാപ്പിളബേ തുറമുഖങ്ങൾ ഈ പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി വികസിപ്പിച്ചെടുക്കണം. മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ സംരംഭം എന്ന നിലയിൽ അലങ്കാര മൽസ്യ ഉൽപ്പാദനത്തിനും വിപണനത്തിനും പ്രത്യേകം പരിശീലനം നൽകും. ഈ ഗവണ്മെന്റാണ് ആദ്യമായി അലങ്കാരമൽസ്യ പ്രദർശനം ആരംഭിച്ചത്. ഇതിപ്പോൾ അന്തർദ്ദേശീയ തലത്തിൽ അംഗീകാരം കിട്ടുകയും നാലാമത് ഇന്റർനാഷണൽ അക്വേറിയം ഷോ ഒക്ടോബറിൽ എറണാകുളത്ത് നടക്കുകയും ചെയ്യും. അലങ്കാര മൽസ്യ വിപണനത്തിൽ കേരളം മുന്നേറിക്കൊണ്ടിരിക്കുകയാണ്. കടൽ രക്ഷാപ്രവർത്തനത്തിന് കോസ്റ്റ് ഗാർഡുമായി ചേർന്ന് ഒരു പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. വിഴിഞ്ഞത്ത് ഒരു കോസ്റ്റ് ഗാർഡ് സ്റ്റേഷൻ തുടങ്ങി ബഹുമാനപ്പെട്ട ബേപ്പൂർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ബേപ്പൂരും ഒരു കോസ്റ്റ് ഗാർഡ് സ്റ്റേഷൻ തുടങ്ങാനുള്ള തീരുമാനമായിട്ടുണ്ട്. അവിടത്തെ തർക്കങ്ങളൊക്കെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ പറഞ്ഞുതീർന്നിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിലുള്ള തിരുവനന്തപുരത്തെ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ രൂക്ഷമായ കടൽക്ഷോഭവും കൊടുങ്കാറ്റുമുണ്ടായത് മേയ് മാസം മൂന്നാം തീയതി മുതലാണ്. ഈ കാലഘട്ടത്തിൽ 180 രക്ഷാപ്രവർത്തനങ്ങളിലൂടെ 478 ജീവൻ രക്ഷിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. 16 പേർ മരണമടഞ്ഞു. 13 പേരെ കാണാതായിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സഹായം കിട്ടാതെ വന്നിട്ടുണ്ടെങ്കിൽ ഇമ്മീഡിയറ്റായിട്ട് 50,000 രൂപ കൊടുക്കാൻ കളക്ടർക്ക് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. മൽസ്യത്തൊഴിലാളികളെ കാണാതായാൽ അവർക്ക് സഹായത്തിനായി ഏഴു വർഷം കാത്തിരിക്കണം. ഇപ്പോൾ മത്സ്യത്തൊഴിലാളികളെ കാണാതായാൽ ഒരു മാസത്തിനുള്ളിൽ 25,000 രൂപ കൊടുക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ തുക കൃത്യമായി കൊടുക്കണം.

പ്രൊഫ. കെ. വി. തോമസ്: ഫിഷിംഗ് ബോട്ടുകൾ ഉപയോഗിക്കുന്ന വയർലെസ് സെറ്റുകൾക്ക് ലൈസൻസ് നൽകാനും മൽസ്യത്തൊഴിലാളികൾക്ക് ഇലക്ട്രോണിക് തിരിച്ചറിയൽ കാർഡ് നൽകാനും പദ്ധതിയുണ്ട്. ഒരു പുതിയ ഐ.ടി. മേഖല ഇവിടെ വരുകയാണ്. നമ്മുടെ മൽസ്യത്തൊഴിലാളികൾ കടലിൽ പോയാൽ കാണാതെവരുമ്പോൾ അവരെ ഐഡന്റിഫൈ ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് കോസ്റ്റ് ഗാർഡുമായി സംസാരിച്ച് ഇവർക്കെല്ലാം ഇലക്ട്രോണിക് കാർഡ് നൽകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കടലാക്രമണത്തിന്റെ സമയത്ത് മൽസ്യത്തൊഴിലാളികളുടെ ബോട്ടും വള്ളവുമൊക്കെ നഷ്ടപ്പെടുന്നുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഈ തൊഴിലാളികൾക്ക് നഷ്ടപരിഹാരം കിട്ടുന്നില്ലായെന്ന ആക്ഷേപം വളരെ കൂടുതലാണ്. അതിന് എന്തെങ്കിലും പരിഹാരം നിർദ്ദേശിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: സർ, ഞാൻ സൂചിപ്പിച്ചു, കഴിഞ്ഞ മേയ് മുന്നുമുതലാണ് കേരളം ഇതുവരെ കാണാത്ത വിധത്തിലുള്ള രൂക്ഷമായ കടൽക്ഷോഭമുണ്ടായത്. വ്യാപകമായ നഷ്ടമുണ്ടായിട്ടുണ്ട്. അതിനൊരു പാക്കേജ് സ്കീം നമ്മൾ ഉണ്ടാക്കുകയാണ്. മേയ് മുന്നു മുതൽ കഴിഞ്ഞ 30-ാം തീയതി വരെ ഉണ്ടായിട്ടുള്ള എല്ലാ നഷ്ടവും ഫിഷറീസ് ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും അസ്സസ് ചെയ്യുകയും ശ്രീ. കെ. കെ. വിജയകുമാർ കൺവീനറായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി അതു പരിശോധിക്കുകയും ചെയ്തു. അതിന്റെ പാക്കേജ് ഏതാനും ദിവസങ്ങൾക്കുള്ളിൽ ഞങ്ങൾ ക്യാബിനറ്റിൽ വയ്ക്കുകയും ചെയ്യും. മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളവർ, വീടുകൾ നഷ്ടപ്പെട്ടിട്ടുള്ളവർ എന്നിവർക്ക് 100 ശതമാനം അസിസ്റ്റൻസ് കൊടുക്കണമെന്നുള്ള ശുപാർശയാണ് വച്ചിട്ടുള്ളത്. മൺസൂൺ കാലമായതുകൊണ്ട് കൂടുതൽ അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് 30-ാം തീയതി വരെയുള്ളതു മാത്രം അസസ് ചെയ്തത്. ബാക്കിയുള്ളത് പിന്നീട് അസസ് ചെയ്യാം. അങ്ങനെ ഒരു പാക്കേജ് ഉണ്ടാക്കുന്നുണ്ട്. കടലിൽ പോകുമ്പോൾ ഇവരെ കണ്ടെത്തുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് കോസ്റ്റ് ഗാർഡിന്റെകൂടി നിർദ്ദേശാനുസരണം മൽസ്യത്തൊഴിലാളികൾക്ക് ഇലക്ട്രോണിക് കാർഡുകൾ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവർ ഏതു തുറമുഖത്തു നിന്ന് പോകുന്നോ അവിടെ കാർഡ് ഇൻസെർട്ട് ചെയ്യണം. അപകടമുണ്ടായാൽ കണ്ടു പിടിക്കാനുള്ള ചില സംവിധാനങ്ങളാണ്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിവിധ തൊഴിൽ പരിശീലനം നൽകുന്നതിന് നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷന്റെ സഹകരണത്തോടുകൂടി ഒരു കേന്ദ്രം തുടങ്ങാൻ തീരുമാന

LIBRARY ARCHIVES Kerala Legislative Assembly

മെടുത്തിട്ടുണ്ട്. 50 കുട്ടികൾക്ക് Computer, Instrumentation തുടങ്ങിയ കോഴ്സു കളിലാണ് പരിശീലനം നൽകുന്നത്. മണ്ണെണ്ണയുടെ ക്ഷാമവും വിലക്കൂടുതലും മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന വലിയൊരു പ്രശ്നമാണ്. കേന്ദ്രഗവൺമെന്റ് സിവിൽ സപ്ലൈസ് വകുപ്പിന് നൽകുന്ന മണ്ണെണ്ണയുടെ ഒരു ചെറിയ ശതമാനം മാത്രമാണ് നമ്മൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്. മത്സ്യഫെഡ്വഴി മണ്ണെണ്ണ ഇറക്കുമതി ചെയ്ത് സബ്സിഡൈസ്ഡ് റേറ്റിൽ നൽകുന്നതിനുള്ള ഒരു സ്കീം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതുകൂടാതെ out board എഞ്ചിനുകളിൽ എൽ.പി.ജി. ഘടിപ്പിക്കുന്നതിന് ഒരു പൈലറ്റ് പ്രോജക്ട് അപ്രൂവ് ചെയ്തിട്ടുണ്ട്; അത് മത്സ്യഫെഡിനോട് നടപ്പിലാക്കാൻ പറഞ്ഞിട്ടുണ്ട്. ആഴക്കടൽ, ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പി ക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കുന്നുണ്ട്. വൈദ്യുതി, വനം, ജലസേചന വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടു കൂടി ജലാശയങ്ങളിൽ ranching നടത്തുകയാണ്. മറ്റൊന്ന് വെൽഫെയർ സ്കീമിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റ് വന്നതിനു ശേഷം ഒരു വെൽഫെയർ സ്കീമും നമുക്ക് കിട്ടിയിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴാണ് സെസ്സിനെക്കുറിച്ച് സുപ്രീംകോടതി വിധിയുണ്ടായത്, ഈ സെസ് കൊടുക്കുന്നതിനെതിരായിരുന്നു വിധി. അന്ന് ഞങ്ങൾക്കു കിട്ടിയ നിയമോപദേശം അതിന് കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും ലെജിസ്ലേഷൻ വേണമെന്നാണ്. കേന്ദ്രഗവൺമെന്റിന്റെ ലെജിസ്ലേഷന്റെ ഡ്രാഫ്റ്റ് ആയിട്ടുണ്ട്, സംസ്ഥാന ഗവൺമെന്റിന്റെ ലെജിസ്ലേഷന്റേയും ഡ്രാഫ്റ്റ് ആയിട്ടുണ്ട്. ഇതുരണ്ടും കൂടി വച്ചുകൊണ്ട് നിയമനിർമ്മാണം നടത്തി സെസ് പിരിക്കുന്ന ഒരു സമീപനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതിനുമുമ്പ് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സബ് കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി വ്യവസായ വകുപ്പുമന്ത്രിയുമായി അടുത്ത ദിവസങ്ങളിൽ രണ്ടുപ്രാവശ്യം ചർച്ച നടത്തി. ഒരു പൈസപോലും സെസ് ഇല്ലാതിരുന്നിട്ടുപോലും ക്ഷേമനിധിയിൽ ഒരു സ്കീമും നിർത്തലാക്കിയിട്ടില്ല. ക്ഷേമനിധിയിൽ ഞങ്ങൾ കൊടുക്കുന്ന സ്കീമുകളുടെ വിപുലമായ വിശദീകരണം കഴിഞ്ഞ വെള്ളിയാഴ്ച ബഹുമാനപ്പെട്ട അംഗങ്ങൾക്ക് കൊടുത്തിട്ടുണ്ട്. അവർക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ, ഏതെങ്കിലുമൊരു സ്കീം നിർത്തലാക്കിയി ട്ടുണ്ടെന്ന് മനസ്സിലായാൽ അതിന് പരിഹാരമുണ്ടാക്കാം. അതുപോലെ വിധവാപെൻഷനിൽ മാത്രമാണ് അല്പം തുക കുറച്ചിട്ടുള്ളത്. മറ്റുചില ഡിപ്പാർട്ടുമെന്റുകളിൽ നിന്നും വിധവാപെൻഷൻ കിട്ടുന്ന മത്സ്യത്തൊഴിലാളി കൾക്ക് വിധവാപെൻഷൻ കിട്ടില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഇവിടെ സെസ്സിനെ സംബന്ധിച്ച് അങ്ങു പറഞ്ഞു, ഇതിനാവശ്യമായ കരടുനിയമമുണ്ടാക്കിയിട്ട് നമ്മുടെ നിയമ വകുപ്പിന്റെ കീഴിൽ കുറെ നാളുകളായി കോൾഡ് സ്റ്റോറേജിൽ കിടക്കുകയാണ്. ആ നിയമം കൊണ്ടുവരാൻ അങ്ങയ്ക്ക് കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ്: ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ കേന്ദ്ര നിയമവും സംസ്ഥാന നിയമവും ഒരുപോലെ വരേണ്ടതാണ്. കേന്ദ്ര ഗവൺമെന്റിന്റെ കരടു നിയമം വന്നുകഴിഞ്ഞു, സംസ്ഥാന ഗവൺമെന്റിന്റേയും കരടായിക്കഴിഞ്ഞു.. അത് ക്യാബിനറ്റിൽ സമർപ്പിച്ച് നിയമസഭയിൽ വരണം.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ ഒരു പാക്കേജ് കൊണ്ടുവന്നതുപോലെ മത്സ്യത്തൊഴിലാളികളുടെ കടങ്ങളും എഴുതിത്തള്ളാൻ ഒരു പാക്കേജ് കൊണ്ടുവരുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: കാർഷിക പാക്കേജുപോലെ തന്നെയാണ് ഇത് കൊണ്ടുവരുന്നത്. അതുപോലെ വ്യാജമദ്യം ചാരായം വാറ്റൽ ഇവ നിർത്തലാക്കുന്നതിന് ശക്തമായ നടപടികളെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന്റെ തൊട്ടു മുൻവർഷങ്ങളിൽ 75,932 റെയ്ഡുകൾ നടത്തിയ സ്ഥാനത്ത് കഴിഞ്ഞ വർഷം 1,71,644 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. 1999-2000-ൽ 4458 അബ്ക്കാരി കേസുകൾ പിടിച്ചപ്പോൾ കഴിഞ്ഞ വർഷം 6069 കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്. 3314 പേരെ അറസ്റ്റുചെയ്ത സ്ഥാനത്ത് കഴിഞ്ഞ വർഷം 3818 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വ്യാജമദ്യം തടയുന്നതിനുവേണ്ടിയാണ് Hologram കൊണ്ടുവന്നിരിക്കുന്നത്. ഇതുവരേയും അതിനെതിരായി പരാതിയുണ്ടായിട്ടില്ല. എങ്കിൽപ്പോലും കുറേക്കൂടി ഫലപ്രദമായി ഇത് നടപ്പിലാക്കുന്നതിനുവേണ്ടി പാംടോപ്പ് എന്ന Electronic Equipment എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കും, അതുവഴി ഇത് detect ചെയ്യുന്നതിനുള്ള ഒരു സമീപനമെടുക്കുകയും ചെയ്യുന്നതാണ്. അതുപോലെ ചെക്ക് പോസ്റ്റുകളിൽ മുമ്പ് ലോറിയിലുള്ള സാധനങ്ങൾ പരിശോധിക്കുന്നതിന് ഇരുമ്പുപാരയാണ് ഉപയോഗിച്ചിരുന്നത്, ഇപ്പോൾ പ്രത്യേകം Dog squad-നെ രൂപീകരിച്ചിട്ടുണ്ട്. ആ Dog squad വഴി ചാരായം കടത്തിക്കൊണ്ടുവരുന്നത് പിടിക്കാനുള്ള നടപടികൾ എടുക്കുന്നുണ്ട്. അതുപോലെ എല്ലാ ജില്ലകളിലും.....

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഏറ്റവും കൂടുതൽ വ്യാജമദ്യവും കഞ്ചാവുലോബിയും പ്രവർത്തിക്കുന്ന ഒരു ജില്ലയാണ് ഇടുക്കി ജില്ല. അവിടെയിപ്പോൾ നാല് എക്സൈസ് ഓഫീസുകൾ പണിയാനുള്ള നടപടികൾ പൂർത്തീകരിച്ചതായി അറിയുന്നു, അത് സമയബന്ധിതമായി തീർക്കാനും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ആവശ്യമായ നിയമനം നടത്തി ഫോഴ്സ് വർദ്ധിപ്പിച്ച് നടപടികൾ സ്വീകരിക്കാനും അഭ്യർത്ഥിക്കുന്നു.

പ്രൊഫ. കെ. വി. തോമസ്: ഞാൻ കഴിഞ്ഞ ആഴ്ച ഇടുക്കി ജില്ലയിലെ പൈനാവിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഒരു ഓഫീസ് ഉത്ഘാടനം ചെയ്യാൻ പോയി. ബഹുമാനപ്പെട്ട അംഗവും ശ്രീ. പി.ടി. തോമസും ശ്രീ. റോഷി അഗസ്റ്റിനുമൊക്കെ പറഞ്ഞതനുസരിച്ച്, കുറേക്കൂടി വിപുലമായ സംവിധാനങ്ങൾ ഇടുക്കി ജില്ലയിലുണ്ടാകണം, അതൊരു വലിയ ജില്ലയാണ്, അതനുസരിച്ച് ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിലും വർദ്ധനവുണ്ടാകും. എക്സൈസ് ഡിപ്പാർട്ടുമെന്റ് ഫേസ് ചെയ്യുന്ന മറ്റൊരു പ്രശ്നം തൊണ്ടിമുതലായി സൂക്ഷിക്കുന്ന മദ്യവും

LIBRARY ARCHIVES Kerala Legislative Assembly

സ്പിരിറ്റും വണ്ടികളുമാണ്. അതിനിപ്പോൾ അതിവേഗത്തിൽ ഡിസ്പ്പോസ് ചെയ്യുന്ന പുതിയൊരു സ്കീമുണ്ടാക്കിയിട്ടുണ്ട്. 6 മാസത്തിനുള്ളിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഓഫീസിൽ സ്പിരിറ്റോ മദ്യമോ തൊണ്ടിയോ സൂക്ഷിക്കാത്ത വിധത്തിൽ കിട്ടുന്ന വണ്ടികൾ പെട്ടെന്നുതന്നെ ഡിസ്പോസ് ചെയ്യുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പ് സംസ്ഥാന ഖജനാവിന് നൽകുന്ന റവന്യൂവിൽ നിന്നും ഒരു നിശ്ചിത ശതമാനം മദ്യവർജ്ജന ബോധവൽക്കരണത്തിന് മാറ്റിവയ്ക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. മദ്യം കഴിച്ച് ആരോഗ്യവും കുടുംബത്തിന്റെ സ്വസ്ഥതയും നഷ്ടപ്പെടുത്തുന്ന നല്ലൊരു പങ്ക് തൊഴിലാളികളും കുറഞ്ഞ വരുമാനക്കാരാണ്. വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ മദ്യവിപത്തിനെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും ഇത്തരം പരിപാടികളിൽ വിദ്യാർത്ഥികളേയും വനിതകളേയും ഉൾപ്പെടുത്തി അവരുടെ സഹകരണം തേടുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ Child Development Centre Director പ്രൊഫ. എം. കെ. സി. നായർ ചെയർമാനായി ഒരു Implementation Committee രൂപീകരിച്ചിട്ടുണ്ട്. തുടക്കത്തിൽ ഒരു ജില്ലയിൽ 10 വിദ്യാലയങ്ങളിലും 5 കുടുംബശ്രീ യൂണിറ്റുകളിലും ബോധവൽക്കരണ പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഇപ്പോൾ ലഭിക്കുന്ന 14 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്, കൂടുതൽതുക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഗവൺമെന്റ് എക്സൈസ് വകുപ്പിലെ നവീകരണത്തിന് തുടക്കം കുറിച്ചുകൊണ്ട് വാഹനങ്ങൾ, കംപ്യൂട്ടറുകൾ എന്നിവ സമ്പാദിക്കുവാനും ചെക്ക്പോസ്റ്റുകൾ, കെട്ടിടം എന്നിവ നിർമ്മിക്കുവാനുമായി കഴിഞ്ഞവർഷം 65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 110 എക്സൈസ് ഓഫീസുകൾക്ക് ടെലഫോൺ നൽകാനും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് മുകളിലുള്ള ഉദ്യോഗസ്ഥന്മാർക്ക് മൊബൈൽ ഫോൺ നൽകാനും കഴിഞ്ഞിട്ടുണ്ട്. എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്നതിന് വളരെ വിപുലമായ സൗകര്യങ്ങളുള്ള ഒരു എക്സൈസ് അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനം തൃശ്ശൂരിൽ ആരംഭിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക് നീക്കിവച്ചിരിക്കുന്ന ഒരു കോടി രൂപ ഇതിന് ചെലവഴിക്കുന്നതാണ്. വയർലസ് തുടങ്ങിയ ആധുനിക ആശയവിനിമയ ഉപകരണങ്ങൾ ഘട്ടംഘട്ടമായി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് കൈത്തോക്ക് നൽകാനുള്ള പദ്ധതിയും സർക്കാർ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അതുപോലെതന്നെ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ആദ്യമായി Excise Intelligence and Investigation Bureau എന്ന ഒരു സംവിധാനം കഴിഞ്ഞമാസം നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ കീഴിൽ മൂന്ന് മേഖലാ ഓഫീസുകളും 14 ഡിവിഷണൽ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. എക്സൈസ് മേഖലയിൽ വ്യാജവാറ്റ് തടയുന്നതിന് നടപടിയെടുക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ചിറ്റൂർ ഷുഗർമിൽ ബിവറേജസ് കോർപ്പറേഷൻ എടുക്കുമെന്ന് പറഞ്ഞതാണ്, അതിനെപ്പറ്റി ഒരു വാക്കു പറയണം.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ്: അതുസംബന്ധിച്ച് വ്യവസായ വകുപ്പു മന്ത്രിയുമായി സംസാരിച്ച് ഒരു യോഗം വിളിച്ച് ആ യൂണിറ്റ് ഫലപ്രദമായി നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീമതി മാലേത്ത് സരളാദേവി: സർ, എന്റെ നിയോജകമണ്ഡലത്തിൽ അരൂർ പഞ്ചായത്തിൽ കഴിഞ്ഞ 18 ദിവസമായി ലൈസൻസുള്ളതാണെന്നു പറഞ്ഞ് ഒരു ഷാപ്പ് അവിടെ കൊണ്ടുവരികയും അതിനെതിരെ പൊതുജനങ്ങൾ മുഴുവനായി നിലേ സത്യാഗ്രഹമിരുന്ന് വലിയ ബഹളം നടത്തുകയും ചെയ്യുന്നു. അപ്പോൾ ലൈസൻസുള്ളതാണെങ്കിലും പൊതുജനങ്ങൾക്ക് ശല്യമുള്ള ഒരു സ്ഥലത്ത് മദ്യഷാപ്പ് അനുവദിച്ചത് നിരോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: അത് അന്വേഷിച്ച് ആവശ്യമായ നടപടി എടുക്കുന്നതാണ്. ഫിഷറീസിന്റേയും എക്സൈസിന്റേയും ധനാഭ്യർത്ഥനകൾക്ക് എമൗണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, ശ്രീ. വി. കെ. സി. മമ്മത്കോയ മുതൽ ശ്രീ. കെ. വി. കുഞ്ഞിരാമൻ വരെയുള്ള ഭരണ പ്രതിപക്ഷ അംഗങ്ങൾ നടത്തിയ ചർച്ചയിൽ ശ്രീ. കെ. വി. കുഞ്ഞിരാമനൊഴിച്ച് പ്രതിപക്ഷ നിരകളിൽ നിന്നും ആരും വനം വകുപ്പിനെക്കുറിച്ച് ഒന്നും സംസാരിച്ചില്ല. കഴിഞ്ഞ നിയമസഭാസമ്മേളനവും ഈ സമ്മേളനവും തമ്മിലുള്ള ഒരു വ്യത്യാസം ഞാൻ ഓർക്കുകയായിരുന്നു. കഴിഞ്ഞ നിയമസഭയിൽ വനം വകുപ്പിനെതിരെ പ്രതിപക്ഷനേതാവ് വലിയവാളുമായി പോരാടിയെങ്കിൽ ഇത്തവണ ഒരു ചെറിയ മൊട്ടുസൂചികൊടുത്ത് ശ്രീ. കെ. വി. കുഞ്ഞിരാമനെ ഗ്രൗണ്ടിലിറക്കിയതിന്റെ രഹസ്യം എനിക്ക് മനസ്സിലായില്ല. ശ്രീ. കെ. വി. കുഞ്ഞിരാമൻ ഉന്നയിച്ച ആരോപണങ്ങൾക്കെല്ലാം ഞാൻ അവസാനം മറുപടിപറയാം. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. സുഗതൻ ഉന്നയിച്ച ഗാന്ധിസ്മൃതിവനം, അദ്ദേഹത്തിന്റെ അറിവിലേയ്ക്കായി പറയുകയാണ്, അതിന്റെ അക്വിസിഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് വനംവകുപ്പ് അതു ഏറ്റെടുത്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളും. ചന്ദനത്തെ സംബന്ധിച്ച് ഡോ. എ. നീലലോഹിതദാസൻ നാടാർ ഇവിടെ സൂചിപ്പിച്ച കാര്യം. ചന്ദനത്തെ സംബന്ധിച്ച് ഈ ഗവൺമെന്റ് നയപരമായി ഒരു തീരുമാനം എടുക്കുന്നതിന്റെ മുന്നോടിയായി ക്യാബിനറ്റ് സബ് കമ്മിറ്റി ഒരു തീരുമാനമെടുത്തിട്ടുണ്ട്. അതു ക്യാബിനറ്റിലേയ്ക്കു പോകാനുള്ള കാലതാമസം മാത്രമേയുള്ളൂ. ഇതു പറയുമ്പോൾ ഒരു കാര്യം ബഹുമാനപ്പെട്ട ഡോ. എ. നീലലോഹിതദാസൻ നാടാരെ ഓർമ്മിപ്പിക്കുവാൻ എനിക്കു താല്പര്യമുണ്ട്. ചന്ദനത്തിന്റെ സംരക്ഷണത്തിനായി അങ്ങയുടെ, ഇടതുപക്ഷത്തിന്റെ, മന്ത്രിസഭ ഉണ്ടാക്കിയ ഒരു ഓർഡിനൻസ്, ഗവർണ്ണർക്ക് അയച്ചുകൊടുത്തത്, പ്രസിഡന്റിന് അയച്ചു കൊടുത്തത് ഒരു ഇഞ്ചുപോലും നീങ്ങാതെ അവിടെ കാലഹരണപ്പെട്ടുകിടക്കുന്നുണ്ട് എന്നുള്ള കാര്യം അങ്ങ് ഓർമ്മിക്കുന്നത് നല്ലതാണ്. മറ്റൊന്ന് നിങ്ങൾ സൂചിപ്പിച്ചത് Vesting and Management of Ecologically Fragile Land-ന്റെ വസ്തുതയാണ്. ആ ബിൽ ഇന്നു ബഹുമാനപ്പെട്ട

2.00 p. m.]

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രപതിയുടെ അംഗീകാരത്തിന്റെ അന്തിമ പരിഗണനയിലാണ്. Ministry of Environment and Forest, Ministry of Urban Affairs, Ministry of Water Resources, Ministry of Rural Development എന്നീ മന്ത്രാലയങ്ങളിൽ നിന്നുള്ള കമന്റ്സുകൾ കിട്ടി അതു ഹോം മിനിസ്ട്രിയിൽ കിടക്കുകയാണ്. വരുന്ന ഏതാനും മാസങ്ങൾക്കുള്ളിൽ ആ ബില്ലിനു പ്രസിഡന്റിന്റെ അനുമതി കിട്ടുമെന്നാണ് പ്രതീക്ഷ. ഇതു പറയുമ്പോൾ നിങ്ങളെ ഒരു കാര്യം ഓർമ്മിപ്പിക്കാനുണ്ട്. 1999-ൽ നിങ്ങളുടെ ഗവൺമെന്റ് പാസ്സാക്കിയ Kerala Lease (Grants and Lease Modification of Rights) Amendment Act, 1991 അതും ഗതികിട്ടാതെ ഡൽഹിയിൽ കിടക്കുന്നുണ്ട്. ഞങ്ങൾ തുടങ്ങി വച്ച രണ്ടും പ്രവർത്തിപഥത്തിലേയ്ക്കു കൊണ്ടുവരാൻ മാസങ്ങളുടെ കാലതാമസം മാത്രമേ വരികയുള്ളൂവെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ശ്രീ. സി. പി. മുഹമ്മദ് ചരിത്രപരമായി വനവുമായി മനുഷ്യനെ ബന്ധിപ്പിച്ചുകൊണ്ട് വനസംരക്ഷണത്തിന്റെ ആവശ്യകത കാവ്യാത്മകമായി ഈ നിയമസഭയിൽ അവതരിപ്പിച്ചതിന് ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. അങ്ങു സൂചിപ്പിച്ച എല്ലാ കാര്യങ്ങളും സ്വാഗതാർഹമാണ്, പരിഗണിക്കപ്പെടേണ്ടതാണ്. വനംവകുപ്പ് അതു വളരെ ഗൗരവത്തോടുകൂടി പരിഗണിക്കുമെന്ന് ഈ സന്ദർഭത്തിൽ ഞാൻ വാക്കുനൽകുകയാണ്. ഇന്നു കേരളത്തിലെ വനമേഖല സമാധാനമാണ്, ശാന്തമാണ്. സംഘടിതമായ ഒരു വനംകയ്യേറ്റവും കേരളത്തിൽ നടക്കുന്നില്ല. വനം കയ്യേറ്റം നടക്കുന്നുവെങ്കിൽ അതു സി.പി.എം. എന്നു പറയുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ സംഘടിത കയ്യേറ്റമാണ്. വേറെ കയ്യേറ്റങ്ങളൊന്നും കേരളത്തിലില്ല. ഞാൻ ആ കയ്യേറ്റത്തിന്റെ കഥ ശ്രീ. കുഞ്ഞിരാമന്റെ ആരോപണവുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവസാനം സംസാരിക്കും. എല്ലാ രേഖകളും എന്റെ കൈവശമുണ്ട്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അഗളി പഞ്ചായത്തിലെ കുറുക്കംകുണ്ട്, ചോലക്കാട്, കോട്ടോപ്പാടം പഞ്ചായത്തിലെ കൊടുവാളിപ്പുറം, മണ്ണാർക്കാട് കോട്ടോപ്പാടം പഞ്ചായത്തിലെ ഗവൺമെന്റ് പോളിടെക്നിക്കിന്റെ സ്ഥലമൊക്കെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കയ്യേറി അവിടെ വർഷങ്ങളായി ജീവിക്കുന്ന കൃഷിക്കാരെ കുടിയിറക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സുധാകരൻ: എല്ലാ കാലവും ഇരട്ടത്താപ്പ് നയമാണ് സി.പി.എം. ഇക്കാര്യത്തിൽ സ്വീകരിക്കാറുള്ളത്. കയ്യേറുമ്പോൾ കയ്യേറ്റത്തിനെതിരായി സംസാരിക്കും ഇറക്കാൻ പോകുമ്പോൾ ഇറക്കലിനെതിരായി സംസാരിക്കും. അതിനെക്കുറിച്ച് അവസാനം പരാമർശിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് മാർക്സിസ്റ്റുകാരാണ് ഭൂമി കയ്യേറിയതെന്നാണ്. മാർക്സിസ്റ്റുകാർ എവിടെയെങ്കിലും ഭൂമി കയ്യേറിയിട്ടുണ്ടെങ്കിൽ, അതിൽ നിന്നും അവരെ ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനെ മന്ത്രിയുടെ കഴിവുകേടായിട്ടല്ലേ കാണേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: കഴിവുകേടോ അല്ലയോ എന്നു പിന്നീട് ഞാൻ പറയാം. അതിനെക്കുറിച്ച് ഞാൻ അവസാനം സംസാരിക്കാം. ഇന്ന് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വനമേഖല ശാന്തമാണ്. കഴിഞ്ഞ ഇടതുപക്ഷമുന്നണി ഭരണകാലത്ത് ഞാൻ ഓർക്കുന്നു, സാന്റ് മൈനിംഗിനെ സംബന്ധിച്ച് ഈ നിയമസഭയിൽ വിവാദം ഉയർന്നു. ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രിക്കെതിരെ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ട ഒരുപാടു സംഭവങ്ങൾ ഈ കേരള നിയമസഭയ്ക്കകത്ത് അലമാലകൾ സൃഷ്ടിച്ചതാണ്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി സാന്റ് മൈനിംഗിനെക്കുറിച്ച് ഒരു ആരോപണം പോലും ഉന്നയിക്കാൻ പ്രതിപക്ഷങ്ങൾക്ക് കഴിഞ്ഞിട്ടില്ല. സംഘടിതമായ വനംകയ്യേറ്റം ഇന്നു കേരളത്തിൽ ഇല്ല. ഒറ്റപ്പെട്ട കയ്യേറ്റങ്ങൾ ഉണ്ട്. മനുഷ്യൻ നന്നാകാത്തിടത്തോളം കാലം ആ കയ്യേറ്റം ഉണ്ടാകും. ഒരു മരംമുറിയാണ് ഒരു പത്രത്തിൽ, ഒരു ചാനലിൽ സ്ഥാനം പിടിക്കുന്നത്. ഒരു മരം മുറിച്ച കഥ, ഒരു തേക്കു മുറിച്ച കഥ, ഒരു മൃഗത്തെ വെടിവച്ചുകൊന്ന കഥ. അതല്ലാതെ സംഘടിതമായ വനം കയ്യേറ്റവും വനംകൊള്ളയും നമ്മുടെ നാട്ടിൽ ഇന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഫോറസ്റ്റ് വകുപ്പിന് ആദ്യമായി ഒരു ജനകീയമുഖം കൈവന്നിട്ടുണ്ട്. ഇന്നലെവരെ ശത്രുവായി കണ്ടിരുന്ന വനംവകുപ്പ് ഉദ്യോഗസ്ഥന്മാരെ മിത്രങ്ങളായി കാണാനും രക്ഷകരായി കാണാനും ജനങ്ങൾ തയ്യാറെടുത്തിരിക്കുന്നു. വനസംരക്ഷണ രംഗത്ത് ജനങ്ങളുടെ മനസ്സിൽ വന്നിരിക്കുന്ന അവബോധത്തിൽ ഒരു മാറ്റം പ്രകടമായിരിക്കുന്നു എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇന്ത്യാ ടുഡേയിൽ കാടുകാക്കും പെൺസിംഹം എന്നു പറയുന്ന ഒരു ലേഖനം. ആദ്യമായിട്ടാണെന്നുതോന്നുന്നു, വനംവകുപ്പിനെ അനുകൂലിച്ചുകൊണ്ട് ഇത്രനല്ല ഒരു ലേഖനം പത്ര മാസികകളിൽ കടന്നു വരുന്നത്. ഔട്ട്‌ലുക്കിലും ഉണ്ട്, നല്ല ലേഖനപ്പതിപ്പ്. ഈ ലേഖനത്തിൽ പറയുന്ന ഒരു വാക്ക് ഞാൻ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്. "മുമ്പ് ഇങ്ങനെയൊന്നുമല്ല, ദിവസംതോറും ചന്ദനമരങ്ങൾ ഓരോന്നായും കൂട്ടമായും കാണാതാകും. ഇപ്പോൾ അതൊക്കെ മാറി. ഒരു കാലത്ത് കാട് നശിപ്പിച്ചിരുന്നവർ ഇന്നു കാടിന്റെ സംരക്ഷകരായി മാറിയിരിക്കുന്നു." അതാണ് വനസംരക്ഷണ രംഗത്ത് കേരളത്തിൽ വന്നിരിക്കുന്ന മാറ്റം. കേരള മോഡൽ എന്ന വനസംരക്ഷണ സ്റ്റൈലിനെ ഇന്ത്യയിലുടനീളം, ലോകമെമ്പാടും പ്രകീർത്തിക്കുന്നിടത്ത് കേരളത്തിലെ വനസംരക്ഷണം ഒരു ലക്ഷ്യമായി ഉയർത്തിക്കൊണ്ടുവരാൻ നമുക്കു സാധിച്ചു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇന്നു വനനശീകരണത്തെക്കുറിച്ച് ഏറെ ബോധവാന്മാരാക്കേണ്ടത് ജനപ്രതിനിധികളെയാണ്. പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്കു പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, നമ്മുടെ നിയമസഭാ സാമാജികന്മാർ, മന്ത്രിമാർ ഇവരെയൊക്കെയാണ് ബോധവാന്മാരാക്കേണ്ടത്. ഒട്ടേറെ വനസംരക്ഷണ പ്രവർത്തനത്തെ ഹനിച്ചുകൊണ്ട്, വന വികസനത്തിന് എതിരായി, വനസംരക്ഷണത്തിനെതിരായി വികസന പ്രവർത്തനത്തിന്റെ പേരിൽ വനം നശിപ്പിക്കുവാനുള്ള സമ്മർദ്ദങ്ങളുമായി ജനപ്രതിനിധികൾ മന്ത്രി എന്നുള്ള നിലയ്ക്ക് എന്നെയൊക്കെ കാണുമ്പോൾ, അത്തരം സമ്മർദ്ദങ്ങളുടെയൊക്കെ മുമ്പിൽ ഞാൻ ശ്വാസം മുട്ടുകയാണ്. വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നിയമസഭാ സമാജികന്മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അവബോധം വേണം. എം.എൽ.എ. മാർക്കുവേണ്ടിയുള്ള ഒരു വന നിരീക്ഷണ പരിപാടി ഈ വർഷം ഒക്ടോബർ 27,28,29 എന്നീ തീയതികളിൽ തേക്കടിയിൽ വച്ചു നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എല്ലാ എം. എൽ. എ. മാരും, പ്രതിപക്ഷനേതാവുമടക്കം, മുഖ്യമന്ത്രിയടക്കം ആ ക്യാമ്പിൽ പങ്കെടുക്കണമെന്നു ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ, ബഡ്ജറ്റ് പ്രസംഗത്തിൽ, വനസംരക്ഷണത്തിൽ അവബോധം ഉണ്ടാക്കാൻ വനവിജ്ഞാന കേന്ദ്രം ആരംഭിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. 14 ജില്ലകളിലും ഇതിനകം വന വിജ്ഞാനകേന്ദ്രം ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ ജൈവസമ്പത്തിനെക്കുറിച്ച് പഠനങ്ങൾ നടത്തണം. അതിന്റെ അനന്തമായ വാണിജ്യ സാധ്യതകൾ ആരായാനും ഒരു ഭൗതിക സംരക്ഷണ സെൽ തുറക്കുമെന്ന കഴിഞ്ഞ നിയമസഭയിലെ എന്റെ പ്രസംഗം പ്രാവർത്തികമാക്കി. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അധ്യക്ഷനായി ഐ.പി.ആർ. സെൽ ഇതിനകം രൂപീകരിച്ചു കഴിഞ്ഞു. അന്യം നിന്നുപോകുന്ന പക്ഷികളെ സംരക്ഷിക്കാൻ തട്ടേക്കാട് ഒരു പക്ഷി ഗവേഷണ കേന്ദ്രവും ശോഷിച്ചുകൊണ്ടിരിക്കുന്ന അപൂർവ്വയിനം ജീവികളെ സംരക്ഷിക്കാൻ ഒരു മറൈൻ നാഷണൽ പാർക്കും, വൈവിധ്യമാർന്ന ചിത്രശലഭങ്ങളിൽ അപൂർവ്വമായി സംരക്ഷിക്കേണ്ടവയെ കണ്ടെത്താനും പരിരക്ഷിക്കുവാനും ചിത്രശലഭ സംരക്ഷണ കേന്ദ്രവും തുറക്കുമെന്ന് ഞാൻ പ്രഖ്യാപിച്ച പ്രസംഗം പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി കാത്തു കിടക്കുന്നു എന്നു ഈ നിയമസഭയെ അറിയിക്കുകയാണ്. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള 170 ഹെക്ടർ കണ്ടൽവനം കേരളാ ഫോറസ്റ്റ് ആക്ട് സെക്ഷൻ 4 പ്രകാരം നോട്ടിഫൈ ചെയ്തു കഴിഞ്ഞു. സ്വകാര്യ ഉടമസ്ഥതയിലുള്ള 925 ഹെക്ടർ കണ്ടൽവനം അക്വയർ ചെയ്യാനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. ബാക്കി വരുന്ന കണ്ടൽ കാടുകൾ Ecological Fragile Land Act, 2004 പ്രകാരം നോട്ടിഫൈ ചെയ്യാനും അതുവഴി സംരക്ഷിക്കാനും സാധിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ജൈവവൈവിധ്യത്തിന്റെ കലവറയായ മതികെട്ടാൻമല ദേശീയ പാർക്കായി 10-10-2003-ൽ പ്രഖ്യാപിച്ചിരുന്നു. ആയതു കേന്ദ്രത്തിനു സമർപ്പിക്കുവാനുള്ള ചടങ്ങ് കേന്ദ്ര വനംപരിസ്ഥിതി മന്ത്രിയുടെ സൗകര്യാർത്ഥം അടുത്ത മാസം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുപോലെ തന്നെ നാളെ നഷ്ടപ്പെടാൻ സാധ്യതയുള്ള ആനമുടി, പാമ്പാടം, പുല്ലാടി, അടിയപ്പാറ, മന്നവൻചോല എന്നീ ഉപചോലകളും മതികെട്ടാൻ മലയോടൊപ്പം ദേശീയോദ്യാനമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിക്കൊണ്ട് നോട്ടിഫിക്കേഷൻ ഇറങ്ങിക്കഴിഞ്ഞു. ആനയോട് പാപ്പാൻമാർ കാണിക്കുന്ന ക്രൂരതയില്ലാതാക്കാനും ശാസ്ത്രീയമായ രീതിയിൽ ആനകളെ സംരക്ഷിക്കാൻ എങ്ങനെ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പാപ്പാൻമാർക്ക് പരിശീലനം കൊടുക്കാനും കോടനാട് കേന്ദ്രമക്കിക്കൊണ്ടുള്ള പ്രഖ്യാപനം പ്രവൃത്തിപഥത്തിലേയ്ക്കെത്തുന്നു. ഏതാനും ദിവസങ്ങൾക്കകം ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം നടക്കും. ഉദ്ഘാടനം നടക്കുന്നതിനു മുൻപുതന്നെ 79 ആനപാപ്പാൻമാർക്ക് ഇതിനകം പരിശീലനം കൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി: സർ, മതികെട്ടാൻമലയും മന്നവൻ ചോലയുമെല്ലാം എന്റെ മണ്ഡലത്തിലാണ്. നാഷണൽ പാർക്കായി പ്രഖ്യാപിക്കുമെന്ന് ഗവൺമെന്റ് വെളിപ്പെടുത്തിയത് നല്ല കാര്യം തന്നെയാണ്. മതികെട്ടാൻമലയുടേയും മന്നവൻ ചോലയുടെ ചുറ്റുമൊക്കെ ധാരാളം ആളുകൾ ജീവിക്കുകയാണ്. അവിടത്തെ റോഡും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുന്ന കാര്യം ഉദ്യോഗസ്ഥൻമാരും അവിടത്തെ ജനങ്ങളുമായി കൂടിയാലോചിച്ച് ഒരു തീരുമാനമെടുക്കുന്നതല്ലേ ഉചിതം?

ശ്രീ. കെ. സുധാകരൻ: സർ, ശ്രീ. എ. കെ. മണി ഉന്നയിച്ച സാങ്കേതിക തടസ്സം ഞാൻ മനസ്സിലാക്കുന്നു.....

ശ്രീ. ടി. കെ. ബാലൻ: സർ, അങ്ങ് വനം വകുപ്പിൽ ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞല്ലോ. ഇൻഡ്യാ ടുഡേയിലെ ലേഖനംകൂടി വായിച്ചപ്പോൾ അങ്ങയുടെ സുവർണ്ണകാലത്തിൽ എന്താണ് ഒരു സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥനായ ശ്രീ. ഭരത് ഭൂഷണെ കൈവിട്ടുപോയത്?

ശ്രീ. കെ. സുധാകരൻ: സർ, അങ്ങയെപ്പോലുള്ള പരിണതപ്രജ്ഞനായ ഒരു സീനിയർ നേതാവിൽനിന്ന് ഞാനിത് പ്രതീക്ഷിച്ചില്ല. ആനകളെ പീഡിപ്പിച്ചു കൊണ്ട് വരുമാനമുണ്ടാക്കുന്നതിനൊരു പരിഹാരം കാണാൻ, ആനകളെ സംരക്ഷിക്കാനുള്ള ഒരു നിയമമുണ്ടാക്കുമെന്ന് ഞങ്ങൾ പറഞ്ഞിരുന്നു. Kerala Management and Maintenance of Captive Elephants Rule, 2003, അത് പ്രാവർത്തികമാക്കി കഴിഞ്ഞു. ഇനി ആനകളെ പണ്ടത്തെപ്പോലെ പീഡിപ്പിക്കാൻ ഈ നിയമം അനുവദിക്കുകയില്ല. ജൻപങ്കാളിത്തത്തോടുകൂടി വനങ്ങൾ സംരക്ഷിക്കുവാൻ 275 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുമന്ന് പറഞ്ഞിരുന്നു. അതിൽ 88 ഫോറസ്റ്റ് സ്റ്റേഷനുകളുണ്ടാക്കി കഴിഞ്ഞു. ഇനി 25 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി ഉടൻ ആരംഭിക്കും. അതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയുർവേദ രംഗത്ത് കിട്ടാക്കനിയായി മാറിക്കൊണ്ടിരുന്ന ഒരുപാട് ആയുർവ്വേദ മരുന്നുകളുണ്ടായിരുന്നു. അത്തരം ആയുർവേദ മരുന്നുകളെ സംരക്ഷിക്കാനും പരിപോഷിപ്പിക്കുവാനും, പരിശീലിപ്പിക്കുവാനും അതിന് ജനങ്ങളുടെ മുന്നിൽ പ്രചരണം കൊടുക്കാനും സാധിക്കുന്ന വിധത്തിൽ medicinal plantation ആരംഭിക്കുമെന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിക്കൊണ്ട് കൊല്ലം ജില്ലയൊഴിച്ച് കേരളത്തിലെ 13 ജില്ലകളിലും ഒരു ഹെക്ടർ വീതമുള്ള model medicinal plantation-ന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സ്വന്തം വീട്ടു വളപ്പിൽ നട്ടുവളർത്തുന്ന മരങ്ങൾ മുറിക്കാൻ ഫോറസ്റ്റ് ആക്ടിലെ സെക്ഷൻ 4 വിഘാതമായി നിന്നിരുന്നു. ഇത് മാറ്റുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത ബിൽ ഈ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുമെന്നാണ് എന്റെ പ്രതീക്ഷ. കേരളത്തിന്റെ മനോഹരമായ ഗ്രാമങ്ങളുടെ പച്ചപ്പടർപ്പുകൾക്ക് ഒരു തൂവൽ പോലെ "ഗ്രാമവന"മുണ്ടാക്കുമെന്ന പ്രഖ്യാപനം കേരളത്തിലെ 63 പഞ്ചായത്തുകളിൽ പ്രാവർത്തികമാക്കി. ഈ വർഷം 200 പഞ്ചായത്തുകളിൽ ഗ്രാമവനമുണ്ടാക്കാനുള്ള നടപടികളുമായി കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്നു. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വനംകൈയ്യേറ്റം കുറഞ്ഞെങ്കിൽ, വനംകൊള്ള കുറഞ്ഞെങ്കിൽ അതിന് കടപ്പെട്ടിരിക്കുന്നത് ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള വനസംരക്ഷണ നയത്തോടാണ്. വനസംരക്ഷണം ചരിത്രമായി കേരളത്തിൽ മാറുന്നു. 25 ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾവഴി 213 വനസംരക്ഷണ സമിതികൾ 1,92,500 ഹെക്ടർ വനം സംരക്ഷിക്കുന്നു. ഒരാൾക്കും വനത്തിൽ കയറാൻസാധിക്കുകയില്ല. ഒരാൾക്കും ഒരു മരം മുറിക്കാൻ സാധിക്കില്ല, ഒരാൾക്കും വനസമ്പത്ത് കൊള്ള യടിക്കാൻ സാധിക്കില്ല. ജനമാണ് കാവൽക്കാർ. അതുകൊണ്ട് ജനപങ്കാളിത്ത ത്തോടെ കേരളത്തിലെ വനംകൈയ്യേറ്റത്തിന് തടയിടാൻ കഴിഞ്ഞുവെന്നുള്ളതാണ് യാഥാർത്ഥ്യം. വനങ്ങൾ എന്റെതാണെന്ന തോന്നൽ ജനങ്ങളിൽ ഉണ്ടാക്കി യെടുക്കാൻ ഈ നയംകൊണ്ട് സാധിച്ചിരിക്കുന്നുയെന്നുള്ളതാണ് സത്യം. അതുപോലെതന്നെ സൂക്ഷ്മ നിരീക്ഷണത്തിനും സൂക്ഷ്മ സംരക്ഷണത്തിനും വിധേയമാകേണ്ട wildlife sanctuary 116 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലൂടെ സംരക്ഷിക്കുന്നു. അങ്ങനെ വനംകൊള്ള അൽഭുതകരമായി കുറഞ്ഞു. വനം കൈയ്യേറ്റം കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. വനസംരക്ഷണം ശക്ത മായപ്പോൾ നമ്മുടെ വനങ്ങളിൽ മുളകളുടെ വളർച്ചയിൽ വലിയ വ്യത്യാസ മുണ്ടായി. മുള കേരളത്തിന്റെ സമ്പത്താണ്. ഇതുവരെ സാധാരണക്കാർക്ക് മുള അപ്രാപ്യമായിരുന്നു. അതുകൊണ്ട് സാധാരണക്കാരുടെ ആവശ്യത്തിനുള്ള മുള concessional rate-ൽ കൊടുക്കാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ സാധാരണക്കാരായ ആളുകൾക്ക് അപ്രാപ്യമായിരുന്നു നമ്മുടെ ഡിപ്പോകളിലെ ലേലം, സാധാരണക്കാർക്ക് വീടുനിർമ്മാണത്തിന് മരങ്ങൾ ആവശ്യമാണെന്നു കണ്ടപ്പോൾ അവർക്കുവേണ്ടി റീട്ടെയിൽ സെയിൽ 16 ഡിപ്പോകളിൽ ഞങ്ങൾ ആരംഭിച്ചു. കാർഷികവിളകൾക്ക് തകർച്ചയുണ്ടായപ്പോൾ ചെറുകിട കൃഷിക്കാർക്ക് താങ്ങും തണലും വീട്ടുപറമ്പത്തെ ചെറിയ മരങ്ങളാണ്. അതുകൊണ്ടുതന്നെ കൃഷിക്കാർക്കാവശ്യമാണ് ആഗ്രോ ഫോറസ്ട്രി. അതു കൊണ്ട് കേരളത്തിൽ ആഗ്രോ ഫോറസ്ട്രി ശക്തമാക്കാൻ വിവിധ പ്രോജക്ടു കളുമായി വനം വകുപ്പ് മുന്നോട്ടു പോകുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: കൃഷിക്കാരെ സഹായിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് അങ്ങ് പറഞ്ഞു. എനിക്ക് അങ്ങയോട് ചോദിക്കു വാനുള്ളത് നമ്മുടെ കാർഷിക മേഖല പ്രകൃതി ദുരന്തംകൊണ്ട് നശിച്ചുപോകു ന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ട് കൃഷി നശിച്ചുപോകുന്നുണ്ട്. അങ്ങനെ നശിക്കുന്ന കൃഷിക്ക് നഷ്ടപരിഹാരം ഒന്നുംതന്നെ കിട്ടുന്നില്ല. അപ്പോൾ അങ്ങനെയുള്ള കൃഷിക്കാരെ സഹായിക്കാൻ വേണ്ടി എന്തെങ്കിലും പ്രത്യേക ഫണ്ട് സ്വരൂപിച്ച് ആ കൃഷിക്കാരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചത് ഒരു ജീവൻമരണ പോരാട്ടമാണ്. മലയോരപ്രദേശങ്ങളിലുള്ള എം.എൽ.എ-മാരുടെ നിരന്തരമായ ഒരാവശ്യം man-animal conflict ആണ്. അതിന് കോമ്പൻസേഷനുണ്ടെങ്കിലും നാമമാത്രമായ തുകയേയുള്ളു. അതിന് സബ്സ്റ്റാൻഷ്യലായി നഷ്ടപരിഹാരം കൊടുക്കുകയും man-animal conflict

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതാക്കാൻ fencing, trenching തുടങ്ങിയ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുവാനും പുതിയ ഫണ്ട് കണ്ടെത്താനുള്ള ശ്രമത്തിലുമാണ് ഗവൺമെന്റ്. അങ്ങയുടെ നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇതിനെക്കുറിച്ച് ഈ വകുപ്പ് കാര്യക്ഷമമായി ആലോചിക്കുമെന്ന് അറിയിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ആനകളുടെ ആക്രമണത്തിനു വിധേയമായി നിരവധി ആളുകൾ മരിക്കാനിടയാകുന്നുണ്ട്. അവർക്കുള്ള കോമ്പൻസേഷൻ തുക വർഷങ്ങൾ കഴിഞ്ഞാലും കിട്ടുന്നില്ല. അത് വളരെവേഗം ആളുകൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: ശ്രീ. കെ. കെ. ജയചന്ദ്രൻ സൂചിപ്പിച്ചത് കാലതാമസത്തിന്റെ കാര്യമാണ്. ഫണ്ടില്ലാത്തതുകൊണ്ടാണ് കാലതാമസമുണ്ടാകുന്നത്. ഈ രംഗത്തേയ്ക്ക് പുതിയ ഫണ്ട് കണ്ടെത്താൻ ഞങ്ങൾ ശ്രമിക്കുകയാണ്. എന്തായാലും ഇത്തരമൊരു ഫണ്ടുണ്ടാക്കി താമസംവിനാ അത്തരം നടപടികൾ പൂർത്തിയാക്കാൻ ഈ വകുപ്പ് ശ്രമിക്കുമെന്ന് ഞാൻ അദ്ദേഹത്തെ അറിയിക്കുകയാണ്.

വർഷങ്ങൾ കഴിയുന്തോറും കിട്ടാക്കനിയായി മാറുകയാണ് കുടിവെള്ളം. ശുദ്ധജലത്തിനുവേണ്ടി അലയുന്ന ഒരു ചിത്രമാണ് കേരളത്തിന്റെ മുൻപിലുള്ളത്. അതുകൊണ്ടുതന്നെ water harvesting project അനിവാര്യമാണ്. 44 നദികളും ആരംഭിക്കുന്നത് കാട്ടിൽ നിന്നാണ്. നദികളുടെ ഒഴുക്കിന്റെ ഗതി 25 ശതമാനവും കാട്ടിലൂടെയാണ്. അതുകൊണ്ട് CESS, CWRDM എന്നീ സ്ഥാപനങ്ങളുമായി ചർച്ച നടത്തി മൂന്നു മാസംകൊണ്ട് ഒരു മഹത്തായ Rain Water Harvesting Project വനം വകുപ്പ് പ്രാവർത്തികമാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പരിസ്ഥിതിക്ക് പോറലേൽക്കാതെ പ്രകൃതിയുടെ സൗന്ദര്യം കാണാനും അതിന്റെ അനുഭൂതി നുകരാനും നമ്മൾ ആശ്രയിക്കുന്നത് ഇക്കോ ടൂറിസമാണ്. തേക്കടിയിലെ ഇക്കോ ടൂറിസം ഇന്ന് ലോകപ്രസിദ്ധമാണ്. അഞ്ചു ലക്ഷം ടൂറിസ്റ്റുകളാണ് ഒരു വർഷം തേക്കടിയിൽ വന്നു പോകുന്നത്. ടൂറിസ്റ്റുകളുടെ ബാഹുല്യം താങ്ങാൻ വയ്യാതെ തേക്കടി ശ്വാസം മുട്ടുകയാണ്. 200, 300 കോടി രൂപയ്ക്കുമദ്ധ്യേ money flow ഒരു വർഷം തേക്കടിയിലുണ്ടാകുന്നു. അതുകൊണ്ടുതന്നെ അഞ്ചു ലക്ഷം ടൂറിസ്റ്റുകളെ ആകർഷിച്ച് 200, 300 കോടി രൂപയുടെ money flow ഉണ്ടാക്കുന്ന തേക്കടിയിലെ ഇക്കോ ടൂറിസം കേരളത്തിന്റെ ഇതര മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ശ്രീ. പ്രതാപൻ ചൂണ്ടിക്കാണിച്ചതുപോലെ കോന്നി ഇക്കോ ടൂറിസം, ഇരിട്ടി ഇക്കോ ടൂറിസം, തൊമ്മൽകുത്ത് ഇക്കോ ടൂറിസം, പാലരുവി ഇക്കോ ടൂറിസം, മംഗളവനം ഇക്കോ ടൂറിസം, കല്ലാർ ഇക്കോ ടൂറിസം എന്നീ പുതിയ ആറ് destination points ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മറ്റൊരു പുതിയ കാൽവെയ്പ്പാണ് Periyar Tiger Reservoir Foundation. ബാഹ്യസമ്മർദ്ദങ്ങളിൽ നിന്നും പെരിയാറിനെ സംരക്ഷിക്കാനും Biodiversity കാത്തുസൂക്ഷിക്കാനും ട്രൈബൽ Development ശക്തിപ്പെടുത്താനും സെമി ആട്ടോണമസ് സംഘടനയായ പെരിയാർ ഫൗണ്ടേഷൻ നിലവിൽ വന്നുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കഞ്ചാവ്കൃഷി നിർമ്മാർജ്ജനം ചെയ്യാൻ ഞങ്ങൾ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ഇൻഡ്യയിലെ ആദ്യത്തെ സംരംഭമാണ് ടാസ്ക് ഫോഴ്സ്. Well equipped, well trained, well selected persons from Forest, Excise and Police Departments. അവർക്ക് യു.എൻ.ഒ.-യുടെ ഡ്രഗ് കൺട്രോൾ പ്രോഗ്രാമിൽനിന്നും ഇന്റർനാഷണൽ നർക്കോട്ടിക് കൺട്രോൾ ബ്യൂറോയിൽനിന്നും അതിനാവശ്യമായ ഫണ്ട് ഞങ്ങൾ ലഭ്യമാക്കും. കാടും നാടും വേർതിരിക്കാനുള്ള സർവ്വേ ഡീമാർക്കേഷൻ നടന്നുകൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് അത് ഏതാണ്ട് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

<u>ശ്രീ. സി. മോയിൻകുട്ടി</u>: കൃഷി ചെയ്തു വരുന്ന മലയോര കുടിയേറ്റ മേഖലയിലുള്ള ഭൂമി ഒഴിപ്പിക്കുന്നതിനുവേണ്ടി ഫോറസ്റ്റുകാർ പോലീസ് ഉദ്യോഗസ്ഥരെയടക്കം ബന്ധപ്പെടുത്തിക്കൊണ്ട് കുടിയൊഴിപ്പിക്കൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപെടുത്തുകയാണ്. ഇപ്പോഴും അവിടെ ഭീഷണി നിലനിൽക്കുന്നുണ്ട്. 40 വർഷമായി കൈവശം വച്ച് അനുഭവിച്ചുവരുന്ന പീറ്റതെങ്ങുകളടക്കമുള്ള സ്ഥലമാണ്.

<u>ശ്രീ. കെ. സുധാകരൻ</u>: ശ്രീ. മോയിൻകുട്ടി സൂചിപ്പിച്ചത് ഒരു ജനറൽ കാര്യമാണ്. എല്ലാ എം.എൽ.എ.-മാരും നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യമാണ്. കർഷകൻ കർഷകന്റെ ഭൂമിയെന്നു പറയും, ഫോറസ്റ്റ് ഫോറസ്റ്റിന്റെ ഭൂമിയെന്നുപറയും. ഒരു കാര്യം എം.എൽ.എ.-മാർ ഓർക്കണം. ഇൻഡ്യയിൽ ഏറ്റവും വിശ്വസനീയമായ മാപ്പാണ് ഫോറസ്റ്റിലെ ജി.ടി. മാപ്പ്. ഞങ്ങളുടെ ഉദ്യോഗസ്ഥർ വിശ്വസനീയമായ ജി. ടി മാപ്പുവച്ചുകൊണ്ട് സർവ്വേ ചെയ്തു മാത്രമേ ഭൂമി അളക്കാനും എവിടെയെങ്കിലും ജണ്ടയിടാനും പോകുകയുള്ളൂ. അതുകൊണ്ട് സർക്കാരിന്റെ രേഖയിലുള്ള വനമെന്ന് തോന്നുന്ന ഭൂമി കർഷകന്റെ രേഖയിൽ കൃഷിഭൂമിയായി വരുന്ന ഒരു വലിയ പ്രശ്നം നമ്മുടെ മുമ്പിലുണ്ട്. അത് വലിയ ചർച്ചയ്ക്ക് വിധേയമാക്കേണ്ട വിഷയമാണ്. അതിനെ സംബന്ധിച്ച് നമുക്ക് ആലോചിക്കാമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. നഷ്ടത്തിന്റെ കഥകൾ ഏറെ പറയാൻ മാത്രം വിധിക്കപ്പെട്ട കെ.എഫ്.ഡി.സി., (കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ) ആദ്യമായി കഴിഞ്ഞ മൂന്നു വർഷക്കാലം കൊണ്ട് ലാഭത്തിൽ വന്നിരിക്കുന്നു. 1999-2000-ൽ 35.8 ലക്ഷം രൂപ നഷ്ടം, 2000-2001-ൽ 60.74 ലക്ഷം രൂപ നഷ്ടം, 2001-02-ൽ 88.110 ലക്ഷം രൂപ ലാഭം, 2002-2003-ൽ 87.35 ലക്ഷം രൂപ ലാഭം, 2003-04-ൽ 108.55 ലക്ഷം രൂപ ലാഭത്തിലാക്കാൻ സാധിച്ചിരിക്കുന്നു. ആദ്യമായി ഒരു അനൗദ്യോഗിക അംഗത്തെ ചെയർമാനാക്കി കെ.എഫ്.ഡി.സി.-യിൽ അതിന്റെ റിസൾട്ട് ഉണ്ടായിയെന്ന് നമുക്ക് അഭിമാനിക്കാം. കെ.എഫ്.ഡി.സി.-ക്ക് പുതിയ മേച്ചിൽപ്പുറങ്ങൾ കൊടുക്കാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. മൂന്നാറിൽ ഒരു ബൊട്ടാണിക്കൽ ഗാർഡൻ, ഓർക്കിഡ് കൃഷിയുടെ വിപുലീകരണം, ഇക്കോ ടൂറിസം എന്നിവ കെ. എഫ്. ഡി. സി.-യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, വനം വകുപ്പിന്റെ കീഴിൽ വയനാട് എലിഫന്റ് പ്രോജക്ട്, ആനത്താര പദ്ധതി ഉണ്ടല്ലോ. ആ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ മേഖലയിൽ കൃഷിഭൂമി ഏറ്റെടുക്കണമെന്നുള്ള ശുപാർശയുണ്ട്. ആനത്താര പദ്ധതിയുടെ സ്ഥലമെടുപ്പ് എത്രയും വേഗം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമോ?

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട മന്ത്രി വളരെ അഭിമാനപൂർവം പറയുന്ന തേക്കടി വിനോദസഞ്ചാര കേന്ദ്രവും പെരിയാർ തടാകവും എന്റെ നിയോജക മണ്ഡലത്തിലാണ്. അഞ്ചു ലക്ഷത്തോളം ടൂറിസ്റ്റുകൾ അവിടേയ്ക്കു വരുന്നു എന്നാണ് പറയുന്നത്. അഞ്ചു ലക്ഷത്തോളം ആളുകൾ വരുന്നതുകൊണ്ട് അത്രയും ആളുകളെ ഉൾക്കൊള്ളാൻ പെരിയാർ വന്യമൃഗ സങ്കേതത്തിന് കഴിയുന്നില്ല എന്നുള്ളതാണ് പ്രശ്നം. ടൂറിസ്റ്റുകളുടെ ഏറ്റവും വലിയ ആകർഷണമാണ് പെരിയാർ തടാകത്തിലൂടെയുള്ള ബോട്ട് യാത്ര. സഞ്ചാരികൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത് അതാണ്. പക്ഷേ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് മതിയായ ബോട്ട് ഇല്ലാത്തതുകൊണ്ടും ഉള്ള ബോട്ടുകൾ യഥാസമയം മെയിന്റനൻസ് നടത്താത്തതുകൊണ്ടുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? അതുപോലെ വർദ്ധിച്ചുവരുന്ന സഞ്ചാരികളുടെ തിരക്കുകാരണം വന്യമൃഗ സങ്കേത കേന്ദ്രം ദോഷകരമല്ലാത്ത നിലയിൽ മറ്റ് പ്രദേശങ്ങളിലേക്ക് കേന്ദ്രീകരിക്കുന്നതിനുവേണ്ടി വനം വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട ജയരാജൻ സൂചിപ്പിച്ച ആനത്താര പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് പഠിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രോസസ്സിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ആവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള ഫണ്ട് ഇത്തവണ സെൻട്രൽ ഗവൺമെന്റിൽനിന്നും വാങ്ങാനാണ് തീരുമാനം. അതിന്റെ ഒന്നാം ഘട്ടം ചർച്ച പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട അഗസ്തി ചൂണ്ടിക്കാണിച്ച കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. കൂടുതൽ ബോട്ട് സർവ്വീസ് ആരംഭിക്കാനുള്ള പദ്ധതി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ഇനി ബഹുമാനപ്പെട്ട കെ.വി. കുഞ്ഞിരാമൻ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് പറയാം. അദ്ദേഹം ഏഴ് ആരോപണങ്ങളാണ് ഉന്നയിച്ചത്. അതിൽ ഏറ്റവും പ്രധാനം വനം കയ്യേറ്റമാണ്. വനം കയ്യേറ്റത്തിന്റെ കാര്യം പറയുമ്പോൾ, 1,12,000 ഏക്കർ ഭൂമി കയ്യേറ്റം നടത്തിയെന്ന് ഞാൻ ചോദ്യോത്തരവേളയിൽ ഉത്തരം പറഞ്ഞത് ശരിയാണ്. 1,12,000 ഏക്കർ ഭൂമി കയ്യേറിയെന്നു പറയുമ്പോൾ 1,12,062 ഏക്കറിൽ 70,727 ഏക്കർ 1977-നുമുമ്പുള്ള കയ്യേറ്റമാണെന്നുകണ്ട് കേന്ദ്ര ഗവൺമെന്റ് അത്രയും ഭൂമി റഗുലറൈസ് ചെയ്തു കൊടുത്തതാണ്. രണ്ടാമതായി, 15,000-ത്തോളം ഏക്കർ ഭൂമി 1977-നുമുമ്പ് വനം, റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധനയിൽ കണ്ടെത്തി റഗുലറൈസ് ചെയ്തുകൊടുക്കേണ്ട സ്ഥലമാണ്. 1977-നുശേഷം കയ്യേറിയതും ഒഴിപ്പിക്കാനുള്ളതുമായ 7250 ഹെക്ടറുണ്ട്. ഇതിൽ 225 ഹെക്ടർ ആദിവാസിക്ഷേമ സമിതി കയ്യേറിയ ഭൂമിയാണ്. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട കുഞ്ഞിരാമനെ ഓർമ്മിപ്പിക്കാം. ഈ ഗവൺമെന്റ് കയ്യേറ്റക്കാരെ പ്രോത്സാഹിപ്പിക്കുകയില്ല. കയ്യേറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമേയില്ല. കേരളത്തിന്റെ ചരിത്രത്തിൽ കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് ആദ്യമായിട്ട് 2183 ഹെക്ടർ, ഭൂമി കയ്യേറ്റക്കാരിൽനിന്നും ഒഴിപ്പിച്ച ഗവൺമെന്റാണ് ഇത്. നിങ്ങളുടെ കാലത്ത് കയ്യേറിയതാണ്. മതികെട്ടാനിൽ 800-ഓളം ഹെക്ടർ ഭൂമി നിങ്ങളുടെ കാലത്ത് കയ്യേറ്റം ആരംഭിച്ചതാണ്. നിഷേധിക്കേണ്ട. അത് തിരിച്ചുപിടിച്ച ഗവൺമെന്റാണിത്. അതുകൊണ്ട് കയ്യേറ്റത്തെ ഒരുകാരണവശാലും പ്രോത്സാഹിപ്പിക്കുകയില്ല. 1977-നുശേഷമുള്ള കയ്യേറ്റത്തെ റഗുലറൈസ് ചെയ്യണമോയെന്നുള്ള കാര്യം നയപരമായി ആലോചിക്കേണ്ട പ്രശ്നമാണ്. ആൾ പാർട്ടി തീരുമാനം ഉണ്ടാകേണ്ടതാണ്. അത് ആവശ്യമെങ്കിൽ അന്ന് അതിനെക്കുറിച്ച് ചർച്ച നടത്താം. പിന്നീട് അദ്ദേഹം ഉന്നയിച്ചത് പൂയംകുട്ടി, വനമേഖല, ചന്ദന തൈലം, ഒലവക്കോട്, മാവൂർ ഗ്രാസിം സൊസൈറ്റി ഇതൊക്കെയാണ്. ഇതൊക്കെ ഈ നിയമസഭയിൽ എത്രയോ തവണ ചർവ്വിതചർവ്വണം നടത്തിയിട്ടുള്ളതാണ്. ഇതിനൊക്കെ അന്ന് വളരെ സത്യസന്ധമായി മറുപടി പറഞ്ഞിട്ടുള്ളതാണ്. ഒലവക്കോട് മരംമുറി സംബന്ധിച്ച കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൊടുത്തു എന്നതിനെ സംബന്ധിച്ച് അദ്ദേഹം എന്നെ പരിഹസിച്ചു. ഇത് അതിന്റെ ഓർഡറാണ്. സി.ബി.ഐ.-യുടെ ഉത്തരവാണ്. (പേപ്പർ സഭയിൽ ഉയർത്തിക്കാട്ടി.) ഇതിൽ എന്താണ് പറയുന്നതെന്ന് ഞാൻ വായിക്കാം. The case records relating to Crime No. 41 CR, 2002 of Crime Branch CID, Palakkad have been received by CBI. These case records are under scrutiny. ഇത് സി.ബി.ഐ.-യുടെ സൂപ്രണ്ട് ഓഫ് പോലീസ് ജി.പി. കണ്ണപ്പന്റെ കത്താണ്. അതിനുമപ്പുറം ഇതു സംബന്ധിച്ച് ഡൽഹിയിൽനിന്നും വന്ന ഓർഡറുകളാണ് എന്റെ കയ്യിലിരിക്കുന്ന മറ്റ് പേപ്പറുകൾ. അതുകൊണ്ട് സി.ബി.ഐ.-യെ ഏല്പിച്ചുവെന്നു പറയുന്നത് ബഹുമാനപ്പെട്ട കുഞ്ഞിരാമന്റെ പാർട്ടിയും കുഞ്ഞിരാമന്റെ മുന്നണിയും പറയുന്നതു പോലെയല്ല. പറയുന്ന കാര്യം നടത്തുന്നവരാണ് ഈ ഗവൺമെന്റ്. അത് നടന്നിരിക്കും, അത് നടത്തിയിരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. റൂൾ 295 അനുസരിച്ച് ഒരു കടലാസ് ഇവിടെ കോട്ട് ചെയ്യുമ്പോൾ രേഖ മേശപ്പുറത്ത് വയ്ക്കണം. സി.ബി.ഐ.-ക്ക് വിട്ടുവെന്നു പറയുന്ന രേഖ മേശപ്പുറത്ത് വയ്ക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, ഞാൻ രേഖ മേശപ്പുറത്ത് വയ്ക്കുകയാണ്. പൂയംകുട്ടിയിൽ 50 ഏക്കർ നമ്മൾ ഒഴിപ്പിച്ചിട്ടുണ്ട്. അതിൽ ബന്ധപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥരേയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ളതിന്റെ സർവ്വേ നടന്നുകൊണ്ടിരിക്കുന്നു. അവിടെയുള്ള ഭൂമി കയ്യേറ്റക്കാർ ഏറേയും ആദിവാസികളാണ്. അവരെ ഒഴിപ്പിക്കണോ വേണ്ടയോ എന്നുള്ളത് വളരെ ചിന്തിച്ച് എടുക്കേണ്ട തീരുമാനമായതുകൊണ്ട് അവരെ കയ്യേറ്റക്കാരായികണ്ട് ഇറക്കിയിട്ടില്ല. സി.പി.ഐ.(എം) കയ്യേറിയ വയനാട് ജില്ലയിലെ ഭൂമിയിൽനിന്ന് നിങ്ങളെ ഇറക്കാത്തതുപോലെ അവരേയും ഇറക്കിയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആരേയും സംരക്ഷിക്കാൻ ഗവൺമെന്റ് തയ്യാറല്ല. പിന്നീട് അദ്ദേഹം പറഞ്ഞിരിക്കുന്നത് കണ്ണവം ഫോറസ്റ്റിനെ സംബന്ധിച്ചാണ്. ഇത് ശ്രീ. ജനരാജൻ തുടങ്ങിവച്ച പ്രോസസ്സാണ്. അദ്ദേഹം ബഹുമാനപ്പെട്ട കുഞ്ഞിരാമനെ

LIBRARY ARCHIVES Kerala Legislative Assembly

പഠിപ്പിച്ചുവിട്ടതാണ്. പക്ഷേ വക്കീലിന്റെ പഠിപ്പ് പോരാ. കാരണം അദ്ദേഹം ഇവിടെ കണ്ടെത്തിയത് വസ്തുതകൾക്ക് നിരക്കാത്ത അസത്യങ്ങളാണ്. അവിടെ രണ്ടു തരം പ്ളാന്റേഷനാണ് ഉള്ളത്. തേക്ക് പ്ളാന്റേഷനും സോഫ്റ്റ് വുഡ് പ്ളാന്റേഷനും. മാനേജുമെന്റ് വർക്കിംഗ് പ്ളാൻ അംഗീകരിച്ച പ്രകാരമാണ് മരം മുറിക്കേണ്ടത്. പ്ളാന്റേഷൻ എന്നുപറഞ്ഞാൽ എന്താണ് അർത്ഥം? പ്ളാന്റേഷൻ എന്നുപറഞ്ഞാൽ മരം മുറിക്കാനാണ്. നട്ടു പിടിപ്പിച്ച് മുറിക്കുക, അതാണ് അർത്ഥം. സ്വാഭാവികമായും മരത്തിന്റെ ആവശ്യം നിറവേറ്റാൻ മരം വച്ചു പിടിപ്പിക്കും. മരം മുറിക്കും. അതിനാണ് പ്ലാന്റേഷൻ എന്ന് പറയുന്നത്. ശ്രീ. കുഞ്ഞിരാമൻ പറഞ്ഞത് അക്ഷരംപ്രതി അന്വേഷിക്കാം. കേൾക്കുക. ആരോപണം പറയാൻ പഠിച്ചാൽ പോരാ, മറുപടി കേൾക്കണം. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ പ്ലാന്റേഷൻ എന്ന് പറയുന്നത് മരം വയ്ക്കാനും മരം മുറിക്കാനും ഉള്ളതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്ലാന്റേഷൻ പ്രകാരം ഉള്ളത്, നിയമ പ്രകാരം മുറിക്കാൻ പറ്റുന്നത് മുറിക്കാം. പക്ഷേ ഇവിടെ ഉന്നയിച്ച പ്രശ്നം അതല്ല. ഇവിടെ ഉന്നയിച്ച പ്രശ്നം, മുറിക്കാൻ പാടില്ല എന്ന് പറഞ്ഞ ഏഴിനം പ്ലാന്റേഷൻ മുറിച്ചു എന്നതാണ്. അതിനെപ്പറ്റിയാണ് അങ്ങ് പറയേണ്ടത്.

ശ്രീ. കെ. സുധാകരൻ: ഞാൻ അതിലേയ്ക്ക് വരുകയാണ്. രണ്ടു തരം പ്ലാന്റേഷനാണ് ഉള്ളത്. തേക്ക് പ്ലാന്റേഷനും സോഫ്റ്റ്വുഡ് പ്ലാന്റേഷനും. ഈ പ്ലാന്റേഷനിൽനിന്ന് മരം മുറിക്കാൻ അതിന്റെ മാനേജുമെന്റ് വർക്കിംഗ് പ്ലാൻ കടലാസ് നീക്കിയത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്. കേന്ദ്രഗവൺമെന്റ് അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരം മരം മുറി ആരംഭിച്ചപ്പോൾ പ്രകൃതി സംരക്ഷണ രംഗത്ത് നല്ല സർവ്വീസ് കാഴ്ച വയ്ക്കുന്ന കണ്ണൂരിലുള്ള 'സീക്ക്' എന്ന് പറയുന്ന ഒരു സംഘടന എനിക്ക് പരാതി തന്നു. ഞാൻ ആ പരാതിയെ ക്കുറിച്ച് അന്വേഷിക്കാൻ നിർദ്ദേശം കൊടുത്തു. തേക്ക് പ്ലാന്റേഷനും സോഫ്റ്റ് വുഡ് പ്ലാന്റേഷനും അങ്ങനെ രണ്ട് തോട്ടങ്ങൾ പരിശോധിക്കാനായി രണ്ട് എക്സ്പെർട്ട് കമ്മിറ്റികളെ വയ്ക്കാൻ ഞാൻ ആവശ്യപ്പെട്ടു. സോഫ്റ്റ് വുഡ് പ്ലാന്റേഷൻ പരിശോധിക്കാൻ ശ്രീ. സുരേന്ദ്രകുമാർ ചെയർമാനായിട്ടുള്ള കമ്മിറ്റിയും. തേക്ക് പ്ലാന്റേഷൻ പരിശോധിക്കാൻ ശ്രീ. ശശിധരൻ, ഐ.എഫ്.എസ്. കൺവീനറായിട്ടുള്ള കമ്മിറ്റിയും. അങ്ങനെ രണ്ട് കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു. രണ്ട് കമ്മിറ്റികളുടേയും റിപ്പോർട്ട് വന്നു. അതിൽ സോഫ്റ്റ് വുഡ് പ്ലാന്റേഷൻ സംബന്ധിച്ച് അന്വേഷിച്ച ശ്രീ. സുരേന്ദ്രകുമാർ റിപ്പോർട്ട് പ്രകാരം അവിടെ 30.5 ശതമാനത്തിന് മുകളിൽ സ്വാഭാവിക വനം ഉണ്ടെന്ന് റിപ്പോർട്ട് വന്നു. അവിടെ 14 പ്ലോട്ടുകളിലായി 608 ഹെക്ടറാണ് സോഫ്റ്റ് വുഡ് പ്ലാന്റേഷൻ. 30.5 ശതമാനത്തിന് മുകളിൽ സ്വാഭാവിക വനമുണ്ട് എന്ന കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ 608 ഹെക്ടറിൽ നിന്നും മരം മുറിക്കാൻ പാടില്ല എന്ന് ഉത്തരവും ഇട്ടു. അവിടെ ഒരു മരവും മുറിച്ചിട്ടില്ല. അതുപോലെ തന്നെ തേക്ക് പ്ലാന്റേഷനിൽ അന്വേഷണം നടത്തിയ ശശിധരൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ അദ്ദേഹം പറഞ്ഞത് അവിടെ മൊത്തം 28 ഹെക്ടർ ആണ് തേക്ക് പ്ലാന്റേഷൻ. ആ റിപ്പോർട്ടിനകത്ത് ഏതാണ്ട് 11.93 ഹെക്ടർ. 30 ശതമാനത്തിന് മുകളിലാണ് സ്വാഭാവിക വനം എന്നാണ് പറയുന്നത്. 28 ഹെക്ടർ ലാന്റിൽ മരം

LIBRARY ARCHIVES Kerala Legislative Assembly

മുറിക്കാൻ മാനേജുമെന്റ് വർക്കിംഗ് പ്ലാൻ ഉണ്ടായിട്ടും 30 ശതമാനത്തിന് മുകളിൽ സ്വാഭാവിക വനം ഉണ്ടെന്ന് പറഞ്ഞ് മരം മുറിക്കരുതെന്ന് നിർദ്ദേശം കൊടുത്തു. 17 ഹെക്ടറിൽ മാത്രമാണ് അവിടെ മരം മുറിച്ചത്. ശ്രീ. ജയരാജൻ മുഖ്യമന്ത്രിക്ക് അയച്ച കത്ത് ഞാൻ വായിച്ചു. എല്ലാ രേഖയും എന്റെ കയ്യിലുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. സുധാകരൻ: ഒരു കാര്യം കൂടി പറയാം. അതിനകത്ത് ക്രമക്കേട് നടന്നു എന്ന് ശ്രീ. ജയരാജനും ശ്രീ. കുഞ്ഞിരാമനും ആക്ഷേപമുണ്ടെങ്കിൽ നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാണ്. നിയമസഭാ കമ്മിറ്റി പോകട്ടെ. അന്വേഷിക്കട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. സുരേന്ദ്രകുമാർ കമ്മിറ്റി റിപ്പോർട്ട് വ്യത്യസ്ഥമാണ്. 15 കോടി രൂപയുടെ മരം മുറിച്ചിട്ട് 7 കോടി രൂപ മാത്രം റെക്കോർഡ് ചെയ്തതിനെ സംബന്ധിച്ചാണ് നിയമസഭാ കമ്മിറ്റി അന്വേഷിക്കേണ്ടത്.

ശ്രീ. കെ. സുധാകരൻ: ഇതൊക്കെ പ്രതിപക്ഷ ഉപനേതാവിനെപ്പോലെയുള്ള ഒരാൾ പറയേണ്ട വാക്കല്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനകത്ത് മരം മുറിച്ചതിന്റെ കള്ളക്കണക്ക് എഴുതി എന്നൊക്കെ പറഞ്ഞാൽ അതിന് ഉത്തരം പറയേണ്ടത് ഞാനാണോ എന്ന് എനിക്ക് തന്നെ സംശയമുണ്ട്. ഈ പുകമറ വേണ്ട. അന്വേഷിക്കാം എന്ന് പറഞ്ഞാൽ അതിനപ്പുറത്ത് എന്താണ് പ്രശ്നം? നിയമസഭാ കമ്മിറ്റി അന്വേഷിച്ച് ആരോപണത്തിൽ കഴമ്പുണ്ടോ എന്ന് പരിശോധിക്കട്ടെ. (ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. സുധാകരൻ: സർ, ഞാൻ ചുരുക്കുന്നു. ഞാൻ ഇവിടെ പ്രഖ്യാപിക്കുന്നു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കട്ടെ. അതുകൊണ്ട് പുകമറ വേണ്ട. വനം വകുപ്പിന് ഒരു പുതിയ ദിശാബോധം ഉണ്ടാക്കാൻ ഇതിനകം സാധിച്ചു എന്ന് ഞാൻ അവകാശപ്പെടുന്നു. അതുകൊണ്ടുതന്നെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും വികസന പ്രവർത്തനങ്ങൾക്കും വേണ്ടി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ശ്രീ. കുഞ്ഞിരാമൻ ഉന്നയിച്ച എല്ലാ ആരോപണങ്ങളും ഞാൻ നിഷേധിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാമെന്ന് പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് നിയമസഭാ കമ്മിറ്റി എപ്പോഴാണ് രൂപീകരിക്കുക എന്ന് ബഹുമാനപ്പെട്ട ചെയർ ആണ് തീരുമാനിക്കേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പിന്നീട് ആലോചിച്ച് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, എം. കുമാരൻ, പി. എസ്. സുപാൽ, എൻ. രാജൻ, കോടിയേരി ബാലകൃഷ്ണൻ, ടി. കെ. ബാലൻ, എ. കെ. ബാലൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, എ. സി. ഷൺമുഖദാസ്, എ. എ. അസീസ്, വി.സി. കബീർ, വി.കെ.സി മമ്മത്കോയ, മത്തായി ചാക്കോ, പിരപ്പൻകോട് മുരളി, കെ. രാധാകൃഷ്ണൻ, രാജു എബ്രഹാം, ടി.പി. രാമകൃഷ്ണൻ, സാജു പോൾ, കെ.പി. സതീശ് ചന്ദ്രൻ, എ. സി. മൊയ്തീൻ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ഡോ. തോമസ് ഐസക്, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ VIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട്മോഷൻസ് സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണ മെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—68

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, പി. കെ. കെ. ബാവ
12. ,, കെ. എ. ചന്ദ്രൻ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ശ്രീമതി കെ. ആർ. ഗൗരിയമ്മ
15. ശ്രീ. എം. എം. ഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്
17. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
18. ശ്രീ. ടി. എം. ജേക്കബ്
19. ,, ജോണി നെല്ലൂർ
20. ,, ജോസഫ് എം. പുതുശ്ശേരി
21. ,, പി. ജെ. ജോയി
22. ,, വർക്കല കഹാർ
23. ,, ജി. കാർത്തികേയൻ
24. ,, കെ. കെ. നായർ
25. ,, പി. കെ. കുഞ്ഞാലിക്കുട്ടി
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
28. ,, മുഡി മുതിസ്
29. ,, സി. മമ്മൂട്ടി
30. ,, കെ. എം. മാണി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻ കുമാർ
33. ,, എ. കെ. മണി
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, സി. പി. മുഹമ്മദ്
37. ,, എം. മുരളി
38. പ്രൊഫ. എ. ഡി. മുസ്തഫ
39. ശ്രീ. എഴുകോൺ നാരായണൻ
40. ,, എം. കെ. പോൾസൺ മാസ്റ്റർ
41. ,, വി. ജെ. പൗലോസ്
42. ,, അടൂർ പ്രകാശ്
43. ,, ടി. എൻ. പ്രതാപൻ
44. ,, ജി. പ്രതാപവർമ്മ തമ്പാൻ
45. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ
48. ,, എ. എൻ. രാജൻ ബാബു
49. ,, യു. സി. രാമൻ
50. ,, തമ്പാനൂർ രവി
51. ,, റോഷി അഗസ്റ്റിൻ
52. ,, ടി. പി. എം. സാഹിർ
53. ,, എൻ. ശക്തൻ

LIBRARY ARCHIVES Kerala Legislative Assembly

54. ശ്രീ. പി. ശങ്കരൻ
55. ,, കെ. ശങ്കരനാരായണൻ
56. ശ്രീമതി മാലേത്ത് സരളാദേവി
57. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
58. ശ്രീ. കെ. കെ. ഷാജു
59. ശ്രീമതി ശോഭനാ ജോർജ്
60. ശ്രീ. സ്റ്റീഫൻ ജോർജ്
61. ,, കെ. സുധാകരൻ
62. ,, ഡി. സുഗതൻ
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ചാഴികാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ
68. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, കോവൂർ കുഞ്ഞുമോൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചാക്കോ
20. ,, കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ

LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. പിരപ്പൻകോട് മുരളി
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ശ്രീ. പി. എസ്. സുപാൽ
36. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—68

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

സർവ്വശ്രീ കെ. പി. മോഹനൻ, പി. നാരായണൻ, മാങ്കോട് രാധാകൃഷ്ണൻ, എൻ. രാജൻ, എം. കുമാരൻ, കെ.പി. രാജേന്ദ്രൻ, പി.എസ്. സുപാൽ, എ.സി. മൊയ്തീൻ, കെ.പി. സതീഷ് ചന്ദ്രൻ, ടി.പി. രാമകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, പിരപ്പൻകോട് മുരളി, മത്തായി ചാക്കോ, വി.കെ.സി മമ്മത്കോയ, വി.സി. കബീർ, എ.സി. ഷൺമുഖദാസ്, എ. എ. അസീസ്, കെ. കെ. ജയചന്ദ്രൻ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, ടി. കെ. ബാലൻ, എ. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, ഡോ.തോമസ് ഐസക്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട്മോഷൻസ് സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—68

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	കെ. അച്ചുതൻ
5.	,,	സി. ടി. അഹമ്മദ് അലി
6.	,,	എ. കെ. ആന്റണി
7.	,,	എൻ. ഡി. അപ്പച്ചൻ
8.	,,	ഇ. എം. അഗസ്തി
9.	,,	കെ. ബാബു
10.	,,	ബാബു ദിവാകരൻ
11.	,,	പി. കെ. കെ. ബാവ
12.	,,	കെ. എ. ചന്ദ്രൻ
13.	,,	ഡൊമിനിക് പ്രസന്റേഷൻ
14.	ശ്രീമതി	കെ. ആർ. ഗൗരിയമ്മ
15.	ശ്രീ.	എം. എം. ഹസ്സൻ
16.	,,	വി. കെ. ഇബ്രാഹിംകുഞ്ഞ്
17.	ശ്രീമതി	എലിസബത്ത് മാമൻ മത്തായി
18.	ശ്രീ.	ടി. എം. ജേക്കബ്
19.	,,	ജോണി നെല്ലൂർ
20.	,,	ജോസഫ് എം. പുതുശ്ശേരി
21.	,,	പി. ജെ. ജോയി
22.	,,	വർക്കല കഹാർ
23.	,,	ജി. കാർത്തികേയൻ
24.	,,	കെ. കെ. നായർ
25.	,,	പി. കെ. കുഞ്ഞാലിക്കുട്ടി
26.	ഡോ.	എം. എ. കുട്ടപ്പൻ
27.	ശ്രീ.	കെ. കുട്ടി അഹമ്മദ് കുട്ടി
28.	,,	മുഡി മുയിസ്
29.	,,	സി. മമ്മൂട്ടി
30.	,,	കെ. എം. മാണി
31.	,,	ഇ. ടി. മുഹമ്മദ് ബഷീർ
32.	,,	കെ. മോഹൻ കുമാർ
33.	,,	എ. കെ. മണി
34.	,,	സി. മോയിൻകുട്ടി
35.	,,	ആര്യാടൻ മുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

38. ശ്രീ. സി. പി. മുഹമ്മദ്
37. ,, എം. മുരളി
38. പ്രൊഫ. എ. ഡി. മുസ്തഫ
39. ശ്രീ. എഴുകോൺ നാരായണൻ
40. ,, എം. കെ. പോൾസൺ മാസ്റ്റർ
41. ,, വി. ജെ. പൗലോസ്
42. ,, അടൂർ പ്രകാശ്
43. ,, ടി. എൻ. പ്രതാപൻ
44. ,, ജി. പ്രതാപവർമ്മ തമ്പാൻ
45. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ
48. ,, എ. എൻ. രാജൻ ബാബു
49. ,, യു. സി. രാമൻ
50. ,, തമ്പാനൂർ രവി
51. ,, റോഷി അഗസ്റ്റിൻ
52. ,, ടി. പി. എം. സാഹിർ
53. ,, എൻ. ശക്തൻ
54. ,, പി. ശങ്കരൻ
55. ,, കെ. ശങ്കരനാരായണൻ
56. ശ്രീമതി മാലേത്ത് സരളാദേവി
57. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
58. ശ്രീ. കെ. കെ. ഷാജു
59. ശ്രീമതി ശോഭനാ ജോർജ്
60. ശ്രീ. സ്റ്റീഫൻ ജോർജ്
61. ,, കെ. സുധാകരൻ
62. ,, ഡി. സുഗതൻ
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ചാഴികാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ
68. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, കോവൂർ കുഞ്ഞുമോൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചാക്കോ
20. ,, കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ
22. ,, പിരപ്പൻകോട് മുരളി
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ശ്രീ. പി. എസ്. സുപാൽ
36. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—68
പ്രതികൂലിക്കുന്നവർ—36
നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXXIV—വനം

സർവ്വശ്രീ കെ.പി. രാജേന്ദ്രൻ, എം. കുമാരൻ, എൻ. രാജൻ, മാങ്കോട് രാധാകൃഷ്ണൻ, പി.എസ്. സുപാൽ, പി. നാരായണൻ, കെ.പി. മോഹനൻ, എ.സി. മൊയ്തീൻ, കെ.പി. സതീശ് ചന്ദ്രൻ, ടി.പി. രാമകൃഷ്ണൻ, രാജു എബ്രഹാം, കെ. രാധാകൃഷ്ണൻ, പിരപ്പൻകോട് മുരളി, മത്തായി ചാക്കോ, വി. കെ. സി മമ്മത്കോയ, കെ. വി. കുഞ്ഞിരാമൻ, കെ. കെ. ജയചന്ദ്രൻ, എ. എ. അസീസ്, എ.സി. ഷൺമുഖദാസ്, വി.സി. കബീർ, വി. ചെന്താമരാക്ഷൻ, വി.കെ. ചന്ദ്രൻ, ടി.കെ. ബാലൻ, എ.കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, ഡോ. തോമസ് ഐസക്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട്മോഷൻസ് സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദി ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—68

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	കെ. അച്ചുതൻ
5.	,,	സി. ടി. അഹമ്മദ് അലി
6.	,,	എ. കെ. ആന്റണി
7.	,,	എൻ. ഡി. അപ്പച്ചൻ
8.	,,	ഇ. എം. അഗസ്തി
9.	,,	കെ. ബാബു
10.	,,	ബാബു ദിവാകരൻ
11.	,,	പി. കെ. കെ. ബാവ
12.	,,	കെ. എ. ചന്ദ്രൻ
13.	,,	ഡൊമിനിക് പ്രസന്റേഷൻ
14.	ശ്രീമതി	കെ. ആർ. ഗൗരിയമ്മ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. എം. എം. ഹസ്സൻ
16. ,, വി. കെ. ഇബ്രാഹിംകുഞ്ഞ്
17. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
18. ശ്രീ. ടി. എം. ജേക്കബ്
19. ,, ജോണി നെല്ലൂർ
20. ,, ജോസഫ് എം. പുതുശ്ശേരി
21. ,, പി. ജെ. ജോയി
22. ,, വർക്കല കഹാർ
23. ,, ജി. കാർത്തികേയൻ
24. ,, കെ. കെ. നായർ
25. ,, പി. കെ. കുഞ്ഞാലിക്കുട്ടി
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
28. ,, മുഡി ലൂയിസ്
29. ,, സി. മമ്മൂട്ടി
30. ,, കെ. എം. മാണി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻ കുമാർ
33. ,, എ. കെ. മണി
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, സി. പി. മുഹമ്മദ്
37. ,, എം. മുഴുമി
38. പ്രൊഫ. എ. ഡി. മുസ്തഫ
39. ശ്രീ. എഴുകോൺ നാരായണൻ
40. ,, എം. കെ. പോൾസൺ മാസ്റ്റർ
41. ,, വി. ജെ. പൗലോസ്
42. ,, അടൂർ പ്രകാശ്
43. ,, ടി. എൻ. പ്രതാപൻ
44. ,, ജി. പ്രതാപവർമ്മ തമ്പാൻ
45. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ
48. ,, എ. എൻ. രാജൻ ബാബു

LIBRARY ARCHIVES Kerala Legislative Assembly

49. ശ്രീ. യു. സി. രാമൻ
50. ,, തമ്പാനൂർ രവി
51. ,, റോഷി അഗസ്റ്റിൻ
52. ,, ടി. പി. എം. സാഹിർ
53. ,, എൻ. ശക്തൻ
54. ,, പി. ശങ്കരൻ
55. ,, കെ. ശങ്കരനാരായണൻ
56. ശ്രീമതി മാലേത്ത് സരളാദേവി
57. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
58. ശ്രീ. കെ. കെ. ഷാജു
59. ശ്രീമതി ശോഭനാ ജോർജ്
60. ശ്രീ. സ്റ്റീഫൻ ജോർജ്
61. ,, കെ. സുധാകരൻ
62. ,, ഡി. സുഗതൻ
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ചാഴികാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ
68. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, കോവൂർ കുഞ്ഞുമോൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചാക്കോ
20. ,, കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ
22. ,, പിരപ്പൻകോട് മുരളി
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ശ്രീ. പി. എസ്. സുപാൽ
36. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—68

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2004 ജൂലായ് 14-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക് ശേഷം 2.40-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly